276
NOVEMBER 2019

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



# പ്രതീക്ഷയുടെ പ്രകാശഗോപുരങ്ങൾ

276

**EDITORIAL BOARD**

**Chief Editor**
Dr. A.S. Sumesh

**Managing Editor**
Dr. P.K. Kusalakumari

**Assistant Editors**
Dr. Sony John
Dr. N. Renuka

**Members**
Dr. C. Padmanabhan
Dr. P.N. Harikumar
Dr. Santhosh K
Dr. Sheela M. Joseph
Prof. A.G. Oleena
Prof. Pramod Vellachal
Dr. K.P. Jayakumar
Dr. Arya Gopi
Dr. Vysakhan Thambi
Shyla Hameed
Dr. Premkumar R.
Dr. Myna Umaiban
Sona P
Dr. M.R.Rajesh
Abhilash T
Sheeja K.P
Harinarayanan S.
SubinVarghese
Lijo Sebastian
Bineesh E.K
Shine P.S.

Design
**Jwala Creatives**
Ph: 9447853005

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.in**


Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by V.N. Murali, AKPCTA State Committee Office, Vanchiyoor, TVPM-35.

# NOVEMBER 2019

- *എഡിറ്റോറിയൽ* 3
- *ജനാധിപത്യം ജലരേഖയാവുമ്പോൾ*
  **ഡോ. പി.എൻ. ഹരികുമാർ** 4
- *അടിമകളെ വാർത്തെടുക്കുന്ന മൂശ*
  **ഗുരു നിത്യചൈതന്യയതി** 7
- *With S-imon During: An Inter-view*
  **Cherry Jacob K** 10
- *കേരള രാഷ്ട്രീയത്തിന്റെ ചരിത്രവും വർത്തമാനവും*
  **അഭിമുഖം/എൻ.വി.പി. ഉണിത്തിരി** 13
- *റെനെ ദെയ് കാർത്*
  **ഡോ. ഇന്ദുലാൽ ജി.** 17
- *The Pink Bloom*
  **Hari U** 20
- *ഓൺലൈൻ സാഹിത്യവിപ്ലവം*
  **ബിന്ദു എ.സി.** 22
- *ചരിത്രം എഴുതപ്പെടുകയല്ല, ജനങ്ങൾ സൃഷ്ടിക്കുകയാണ്*
  **ഉണ്ണികൃഷ്ണൻ കളമുള്ളതിൽ** 26
- *പകൽക്കിളികൾ*
  **ഡോ. സഞ്ജയൻ പി.** 29
- *പുഴകൾ, മലകൾ, പൂവനങ്ങൾ*
  **ജോയ്സുകുട്ടി ജോസഫ്** 31
- *സിനിമ: മുഖവും മുഖംമൂടിയും*
  **ഹരിനാരായണൻ എസ്** 36
- *അൽമിത്ര*
  **ഷിലുജാസ് എം.** 39
- *പ്രത്യാശ*
  **ഗിരിജ സി.** 41

എഡിറ്റോറിയൽ




# പ്രതീക്ഷയുടെ പ്രകാശഗോപുരങ്ങൾ

ദേശീയ വിദ്യാഭ്യാസ നയത്തെ സംബന്ധിക്കുന്ന നയരേഖ പുറത്തു വന്നതിനൊപ്പം ഇന്ദ്രപ്രസ്ഥത്തിൽ നിന്നും കേൾക്കുന്നത് തെരുവിലിറക്കപ്പെട്ട വിദ്യാർത്ഥി പ്രതിഷേധത്തിന്റെ വാർത്തകൾ കൂടി ആണ്. കോർപ്പറേറ്റുകൾക്ക് നികുതി ഇളവുകൾ പ്രഖ്യാപിക്കാൻ മത്സരിക്കുന്ന, പ്രിഡേറ്ററി പ്രൈസിങ് പോലുള്ള വിപണിയുടെ എല്ലാ കൊള്ളരുതായ്മകൾക്കും കൂട്ടുനിൽക്കുന്ന ഒരു വലിയ ഭരണകൂട ഭീകരതയോടാണ് അറിവിന്റെ, ആശയങ്ങളുടെ കേന്ദ്രസ്ഥാനമായ ജെഎൻയു എന്ന എക്കാലത്തെയും വലിയ വിദ്യാഭ്യാസ വിപ്ളവത്തിന്റെ കേന്ദ്രത്തിൽനിന്നും പ്രതിഷേധം ഉയരുന്നത്. ഒട്ടും സുതാര്യമല്ലാത്ത ഭരണനിർവഹണ പ്രക്രിയയുടെ ഇരകൾ ആണ് ഇന്ന് ഇന്ത്യ ഒട്ടാകെ ഉള്ള കേന്ദ്ര സർവകലാശാലകളിലെ വിദ്യാർത്ഥികൾ. തയ്യാറാക്കപ്പെട്ട തിരക്കഥയ്ക്ക്അനുസരിച്ച് ഉന്നതവിദ്യാഭ്യാസം ഗതിമാറ്റപ്പെട്ടു തുടങ്ങിയിരിക്കുന്നു. രോഹിത് വെമുലയിൽ അവസാനിച്ചു എന്നും ഇനി ആവർത്തിക്കില്ല എന്നും വെറുതെ ആശ്വസിക്കാൻ ഒരു ഇടവേള ഉണ്ടായി എന്നത് മാത്രമാണ് ഫാത്തിമ ലത്തീഫിലൂടെ നാം തിരിച്ചറിയേണ്ടത്. ശാസ്ത്രം പഠിക്കുന്ന പഠിപ്പിക്കുന്ന ഉന്നതവിദ്യാഭ്യാസ കേന്ദ്രത്തിൽ സാങ്കേതികവിദ്യ മാനവരാശിയുടെ അറിവിന്റെ അടയാളപ്പെടുത്തലുകളെ നിരന്തരം പൊളിച്ചെഴുതുന്ന കാലത്തും ഒരുപെൺകുട്ടി ജാതി കൊണ്ടും മതംകൊണ്ടും മാത്രം നിർണ്ണയിക്കപ്പെടുന്നു.

തെരുവിലിറങ്ങിയ പ്രതിഷേധം ജീവിക്കാനുള്ള അവകാശത്തിന്റേതുകൂടി ആണ്. പഠിച്ചും പൊരുതിയും നേടിയതാണ് ഭരണഘടനയിലെ നമ്മൾ എന്ന പദം. അത് ഞങ്ങൾ എന്നതിലേക്ക് പരിവർത്തനം ചെയ്യുന്ന ഭരണകൂടം നമ്മോട് പറയുന്നത് അദൃശ്യനായ ഒരു അപരനെ കുറിച്ചാണ്. അറിവ്കൊണ്ട് നാംനേടിയ പൊതുബോധത്തിന് മുന്നിൽ വ്യാജമായി അവർ സൃഷ്ടിച്ച ഈ അപരമുഖങ്ങളിൽ ദളിതനും സ്ത്രീയും പിന്നെ തിരിച്ചറിയാനാവാത്ത ഒട്ടനേകം നിസ്സഹായരും പെടുന്നു. ഒരുകാര്യം ആശ്വസിക്കാൻ വകനൽകുന്നുണ്ട്. ജെഎൻയുവിൽ തുടങ്ങിയ പ്രതിഷേധം കാണിച്ചു തരുന്നത് പ്രതീക്ഷിക്കാൻ ഇനിയും ബാക്കിയുണ്ട് എന്ന് തന്നെ ആണ്. കാരണം അവിടെ തെരുവിൽ പടനയിച്ചത് ഈ രാജ്യത്തെ യുവജനങ്ങളാണ്. അവരാണ് പ്രതീക്ഷയും.

**ഡോ. എ.എസ്. സുമേഷ്**
drassumesh@gmail.com
9744168522

ഡോ. പി.എൻ. ഹരികുമാർ



# ജനാധിപത്യം ജലരേഖയാവുമ്പോൾ

രാജ്യം ഒന്നാകെ ഒരു മത-ജാതി റിപ്പബ്ലിക് ആയി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് നാം ഇപ്പോൾ. കോർപ്പറേറ്റുവൽക്കരണവും അമിതാധികാര കേന്ദ്രീകരണവും വർഗീയവൽക്കരണവും മുഖമുദ്രയാക്കി ഇരിക്കുന്ന ഒരു കേന്ദ്ര ഭരണകൂടത്തിന് ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്ന തിരക്കിലാണ് സംഘപരിവാർ ഭരണകൂടം. ഭരണഘടന സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ അട്ടിമറിച്ചും, രാജ്യത്തിന് കരുത്തായി നിന്ന പൊതുമേഖലയെ ഇല്ലാതാക്കിയും മുന്നോട്ടുപോകുന്ന നരേന്ദ്രമോഡി സർക്കാർ തങ്ങളുടെ ദീർഘകാല അജണ്ടയായ വിദ്യാഭ്യാസത്തെ ചൊൽപ്പടിക്ക് നിർത്തുവാൻ ദേശീയ വിദ്യാഭ്യാസ നയവും ആയി എത്തിയിട്ടുണ്ട്. നരേന്ദ്രമോഡി സർക്കാർ അധികാരമേറ്റെടുത്ത കാലം മുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോട് സ്വീകരിക്കുന്നത് അത്യന്തം പ്രതിലോമപരമായ സമീപനമാണ്. ബഹുസ്വരതയുടെ വിദ്യാഭ്യാസത്തെ പ്രദാനം ചെയ്യുന്ന കരിക്കുലം ഉടച്ചുവാർത്ത് തങ്ങൾ സ്വപ്നം കാണുന്ന കോർപ്പറേറ്റ് മത രാഷ്ട്രത്തിന്റെ അടിത്തറ രൂപീകരിക്കാൻ ഉതകുന്ന വിദ്യാഭ്യാസത്തെ പ്രതിഷ്ഠിക്കാൻ ആർഎസ്എസ് ദീർഘകാലമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ക്രിയാത്മക പ്രതിപക്ഷമായി പ്രവർത്തിക്കേണ്ട രാഷ്ട്രീയ പാർട്ടികളിൽ ഇടതുപക്ഷം ഒഴികെ മറ്റെല്ലാവരും നിസ്സംഗതയുടെ ഇരുത്തിൽ ഒറ്റപ്പെട്ടിരിക്കുകയാണ്. ഇടതുപക്ഷവും സർവകലാശാല വിദ്യാർഥികളുമാണ് ഒരർത്ഥത്തിൽ ഇന്ത്യൻ സാഹചര്യത്തിൽ പ്രതിപക്ഷം ആയി പ്രവർത്തിക്കുന്നത്. ഔപചാരിക പ്രതിപക്ഷം നിശബ്ദരായ സാഹചര്യത്തിൽ കൂടുതൽ ഉത്തരവാദിത്വത്തോട് കൂടി സാമൂഹികപ്രതിബദ്ധത പ്രകടിപ്പിക്കുന്ന അക്കാദമികതയുടെ ഇടങ്ങളെ നശിപ്പിക്കുക എന്ന ദുഷ്ടലാക്കോടെ കൂടി തന്നെയാണ് ദേശീയ വിദ്യാഭ്യാസനയം രൂപകൽപന ചെയ്തിട്ടുള്ളത്.

ടിഎസ്ആർ സുബ്രഹ്മണ്യൻ കമ്മിറ്റി, കസ്തൂരിരംഗൻ കമ്മിറ്റി എന്നിവ ഇതിനോടകം തന്നെ ഈ സർക്കാരിനെ കാലഘട്ടത്തിൽ വിദ്യാഭ്യാസത്തെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. യുജിസിയെ ഇല്ലാതാക്കണം എന്ന പൊതുധാരണ ഏതാണ്ട് എല്ലാ കമ്മിറ്റികളും സമർപ്പിച്ച റിപ്പോർട്ടിൽ കാണാൻ സാധിക്കുന്നതാണ്. ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന അൻപത്തഞ്ച് പേജുള്ള വെട്ടിച്ചുരുക്കിയ ദേശീയവിദ്യാഭ്യാസ നയവും ഇക്കാര്യത്തിൽ വ്യത്യസ്തമല്ല. ഒറ്റനോട്ടത്തിൽ വരാനിരിക്കുന്ന കാലഘട്ടത്തിന്റെ മാറ്റത്തിന് മുന്നോടിയായുള്ള മനോഹരമായ ഭാഷയിൽ എഴുതിയ നയ രേഖയാണിതെന്ന് ആർക്കും തോന്നാം എങ്കിലും അതിനുള്ളിൽ ഒളിഞ്ഞിരിക്കുന്ന ചതിക്കുഴികൾ ഇന്ത്യൻ അക്കാദമികതയുടെ ഇതുവരെ നേടിയെടുത്ത എല്ലാ ഗുണവശങ്ങളും ഇല്ലാതാക്കും എന്നതിൽ യാതൊരു സംശയവുമില്ല. വിരോധാഭാസങ്ങൾ കൊണ്ട് സമ്പുഷ്ടമാണ് നിലവിലെ നയരേഖ. ഒരുവശത്ത് മാനവ വികസന മന്ത്രാലയത്തെ വിദ്യാഭ്യാസ വകുപ്പെന്ന് പുനർനാമകരണം ചെയ്യുക, വിദ്യാഭ്യാസത്തിനു വേണ്ടി നീക്കി വെക്കുന്ന പൊതുനിക്ഷേപം വർദ്ധിപ്പിക്കുക, പത്തുവർഷംകൊണ്ട് ഗ്രോസ് എൻറോൾമെൻറ് റേഷ്യോ 50 ശതമാനം കണ്ട് വർദ്ധിപ്പിക്കുക തുടങ്ങിയ ആകർഷകമായ നിർദേശങ്ങൾ പലതും ഉണ്ടെങ്കിലും ഇതൊന്നും എങ്ങനെ നേടും എന്നതിനെക്കുറിച്ച് വ്യക്തമായ ഒരു സൂചനയുമില്ല. ഇത്രയും കാലം നമ്മുടെ വിദ്യാഭ്യാസ വ്യവസ്ഥയുടെ അടിത്തറ രൂപീകരിച്ചിരുന്ന തുല്യതയുടെയും ഉൾക്കൊള്ളലിന്റെയും എല്ലാ മൂല്യങ്ങളെയും കാറ്റിൽ പറത്തി വിട്ടിട്ടുണ്ടിതിൽ. ജനാധിപത്യം, മതേതരത്വം, സോഷ്യലിസം, ശാസ്ത്രാവബോധം, യുക്തിചിന്ത എന്നീ വാക്കുകളെ പൂർണമായും ഒഴിവാക്കുകയും അതേസമയം നൈതികത, സാംസ്കാരിക പാരമ്പര്യം മുതലായവ അടിക്കടി പ്രത്യക്ഷപ്പെടുകയും ചെയ്യുന്നതുതന്നെ മാറിയ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ച്ചപ്പാടിനെയാണ് സൂചിപ്പിക്കുന്നത്.

രാജ്യത്തെ വിദ്യാഭ്യാസ മേഖല നേരിടുന്ന സാമൂഹ്യവും സാമ്പത്തികവുമായ വെല്ലുവിളികളെ കുറിച്ച് ഈ രേഖ നിശബ്ദമാണ്. വിദ്യാഭ്യാസ മേഖലയിൽ നടക്കുന്ന വൻതോതിലുള്ള സ്വകാര്യവൽക്കരണവും, കോർപ്പറേറ്റുവൽക്കരണവും ചർച്ചചെയ്യാൻ പോലും തയ്യാറാകാത്ത രേഖയിൽ അതേസമയം വിദ്യാഭ്യാസത്തിൽ സ്വകാര്യമേഖലയ്ക്ക് വലിയതോതിലുള്ള ഉള്ള കടന്നുകയറ്റത്തിന് അവസരം നൽകുന്നുണ്ട്. പാർശ്വവൽകൃത സമൂഹത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് എന്നും ആശ്രയിക്കാവുന്ന പൊതുമേഖലയെ തകർത്തുകൊണ്ട് എന്താണ് ഈ സർക്കാർ ഉന്നം വയ്ക്കുന്നതെന്ന് ഇപ്പോൾ തന്നെ വ്യക്തമാണ്. ഏറ്റവും അപകടകരമായ സംഗതി വിദ്യാഭ്യാസത്തിന്റെ ഫെഡറൽ തത്വങ്ങളുടെ ലംഘനവും അമിതാധികാര കേന്ദ്രീകരണവും ആണ്. ദൈനംദിന വിദ്യാഭ്യാസ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് വരെ പ്രധാനമന്ത്രി അധ്യക്ഷനും കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ഉപാധ്യക്ഷനും ആയുള്ള രാഷ്ട്രീയ ശിക്ഷാ ആയോഗ് ആയിരിക്കും. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക, ഫണ്ട് വിതരണം ചെയ്യുക, അക്രഡിറ്റേഷൻ നടത്തുക മുതലായ ചുമതലകൾ ചെയ്തിരുന്ന സ്ഥാപനങ്ങളും ഇല്ലാതാകുകയും അധികാരം കേന്ദ്ര സർക്കാരിലേക്ക് മാത്രമായി ചുരുങ്ങുകയും ചെയ്യും. ദേശീയ കരിക്കുലം ചട്ടക്കൂട് അനുസരിച്ച് സംസ്ഥാനങ്ങൾ അവരുടെ പ്രാദേശിക സാഹചര്യങ്ങൾ കണക്കിലെടുത്ത് പാഠപുസ്തകങ്ങൾ രൂപകല്പന ചെയ്യുന്നതിന് പകരം ഇനിമുതൽ ഒരൊറ്റ പാഠപുസ്തകം കേന്ദ്രസർക്കാർ നിർദ്ദേശിക്കും എന്നും അത് രാജ്യമൊട്ടാകെ പഠിപ്പിക്കണമെന്നാണ് പുതിയ നയത്തിൽ ഉള്ളത്. രാജ്യത്തെ വിദ്യാഭ്യാസ വ്യവസ്ഥയിലുള്ള 10+2+3 എന്ന പാറ്റേണിന് പകരം 5+3+3+4 എന്ന പുതിയ പാറ്റേൺ ആണ് വിദ്യാഭ്യാസ നയത്തിൽ മുന്നോട്ടുവയ്ക്കുന്നത്. എന്നാൽ അതേ സമയം തന്നെ ഇതുകൊണ്ട് എന്ത് മാറ്റമാണ് വിദ്യാഭ്യാസമേഖലയിൽ ഉണ്ടാവുന്നത് എന്നതിനെക്കുറിച്ച് പ്രത്യേകിച്ച് ഒരു സൂചനയുമില്ല. നിലനിൽക്കുന്ന ഘടന അട്ടിമറിക്കുമ്പോൾ അവിടെ ഉണ്ടാകുന്ന പ്രായോഗിക പ്രശ്നങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണം എന്നതിനെക്കുറിച്ച് സൂചനയൊട്ട് നൽകുന്നുമില്ല.

ത്രിഭാഷാ പദ്ധതിയിൽ ഒരു ശ്രേഷ്ഠഭാഷയും കൂടി വിദ്യാർഥികൾ പഠിക്കണം എന്നതിന് പിന്നിലുള്ള ദുരുലാക്ക് സംസ്കൃതം അടിച്ചേൽപ്പിക്കൽ തന്നെയാണ്. പ്രാദേശിക സ്വത്വത്തെ അട്ടിമറിച്ച് ഹിന്ദി മേൽക്കോയ്മ ഇന്ത്യൻ സംസ്ഥാനങ്ങളുടെ മുകളിൽ അടിച്ചേൽപ്പിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ അമിത താൽപര്യവും ഈ വിദ്യാഭ്യാസ നയത്തിൽ വ്യക്തമാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് വൻ അഴിച്ചുപണിയാണ് ദേശീയ വിദ്യാഭ്യാസ നയം ലക്ഷ്യം വെച്ചിരിക്കുന്നത്. നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ മൂന്നായി തിരിക്കണം എന്നാണ് നിർദേശം; ഗവേഷണത്തിനും അധ്യാപനത്തിലും തുല്യപ്രാധാന്യം നൽകുന്ന ടൈപ്പ് 1 സ്ഥാപനങ്ങൾ അധ്യാപനത്തിന് പ്രാധാന്യം നൽകുന്ന ടൈപ്പ്-2 സ്ഥാപനങ്ങൾ. ഓട്ടോണമസ് കോളേജുകൾ ആയ ടൈപ്പ് 3 സ്ഥാപനങ്ങൾ. രാജ്യത്തിന്റെ കഴിഞ്ഞകാല ചരിത്രത്തിൽ വിവിധ പ്രദേശങ്ങളുടെ സ്ഥലകാല സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ എല്ലാം അവരുടെ സ്വത്വം നഷ്ടപ്പെട്ട് ഈ പറയുന്ന മൂന്നിൽ ഏതെങ്കിലും ഒന്നായി ചുരുങ്ങി വരും എന്നുള്ളതാണ് ഇവിടുത്തെ വിവക്ഷ. സർവ്വകലാശാലകളിൽ കോളേജുകൾ അഫിലിയേഷൻ ചെയ്യുന്ന പതിവ് ഇല്ലാതായി പകരം കോളേജുകൾക്ക് സ്വന്തമായി ഡിഗ്രി നൽകാനുള്ള അധികാരം നൽകുന്ന പുതിയ വിദ്യാഭ്യാസ നയത്തിൽ കോളേജുകൾക്ക് അക്കാദമികവും സാമ്പത്തികവു-

മായ സ്വയംഭരണം നൽകുമെന്നാണ് പറയുന്നത്. നിയന്ത്രിക്കാൻ സർവകലാശാല ഇല്ലാത്ത സാഹചര്യത്തിൽ വെറും ബിരുദ ഉൽപ്പാദന കേന്ദ്രങ്ങളായി രാജ്യത്തെ കോളേജുകൾ മാറുമെന്നതിൽ സംശയമില്ല. ഓട്ടോണമസ് കോളേജുകൾ വരേണ്യവിഭാഗത്തിന്റെ വിദ്യാഭ്യാസ താൽപര്യങ്ങളെ മാത്രമേ സംരക്ഷിക്കൂ എന്നാള്ളതിൽ സംശയമില്ല. യാതൊരു സങ്കോചവും കൂടാതെ ഈ മൂന്ന് തരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആകാൻ സാധിക്കാത്ത സ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടുക എന്ന ഏറ്റവും നികൃഷ്ടമായ നിർദേശവും രേഖയിലുണ്ട്. പൊതുമേഖലയ്ക്കും സ്വകാര്യ മേഖലയ്ക്കും ഒരുപോലെ പോലെ ഫണ്ടിങ് ഉണ്ടാവും എന്ന പറയുന്നതിന്റെ യുക്തി തന്നെ നികുതി പണം എടുത്ത് സ്വകാര്യ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യുന്ന നയം വിദ്യാഭ്യാസ മേഖലയിലേക്ക് കൂടി വ്യാപിപ്പിക്കുമെന്നത് തന്നെയാണ്. ഗവേഷണത്തെ പ്രോത്സാഹിപ്പിക്കാൻ നാഷണൽ റിസർച്ച് ഫൗണ്ടേഷൻ പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ രൂപീകരിക്കുമെന്നും ദേശീയ പ്രാധാന്യമുള്ള വിഷയങ്ങളിൽ ഗവേഷണം നടത്തുമെന്നും ഗവേഷണത്തിന് വേണ്ട ഫണ്ട് വ്യാവസായിക കച്ചവട സ്ഥാപനങ്ങളിൽ നിന്ന് കണ്ടെത്തുമെന്നും പറയുന്നതെല്ലാം വിദ്യാഭ്യാസത്തെ ചരക്കായി ഉക്കി വിൽക്കുന്ന നയത്തെ തന്നെയാണ് സൂചിപ്പിക്കുന്നത്.

ഉദാരമായ വിദ്യാഭ്യാസത്തെക്കുറിച്ച് സംസാരിക്കുമ്പോഴും കമ്പോള കേന്ദ്രീകൃതമായ ഉദാരവൽക്കരണത്തിലേക്കാണ് വിരൽചൂണ്ടുന്നത്. നിലനിൽക്കുന്ന സംവിധാനത്തിന്റെ സാമൂഹിക ശേഷിയും അതിന്റെ പോരായ്മകളും തിരിച്ചറിഞ്ഞ് കൂടുതൽ മെച്ചപ്പെടുത്തേണ്ട സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന് പകരം നിലനിൽക്കുന്ന വിദ്യാഭ്യാസ സംവിധാനത്തെ ഇല്ലാതാക്കുക എന്ന നയമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. മാനവിക വിഷയങ്ങളോടുള്ള ഈ സർക്കാറിന്റെ കടുത്ത എതിർപ്പ് നയത്തിൽ ദൃശ്യമാണ്. ഒരുകൂട്ടം ടെക്നീഷ്യന്മാരും ദല്ലാളന്മാരും വെളിവുകെട്ട ഭക്തന്മാരും മാത്രം ഉൽപ്പാദിപ്പിക്കപ്പെടുന്ന വിദ്യാഭ്യാസ വ്യവസ്ഥയാണ് ഭരണകൂടത്തിന് ആവശ്യം. ശതകോടിക്ക് മുകളിൽ ജനസംഖ്യയുള്ള ഒരു രാജ്യത്തെ ആളുകളുടെ ജ്ഞാനോൽപ്പാദന മാനവിക ബോധങ്ങളെ കോർപ്പറേറ്റ് താൽപര്യങ്ങൾക്ക് എറിഞ്ഞുകൊടുത്തിട്ട് നോക്കിയിരിക്കുകയാണ് ഭരണകൂടം. വൈവിധ്യങ്ങളുടെ കലവറയായ ഒരു രാജ്യത്തെ ഒരൊറ്റ രാജ്യം ഒരൊറ്റ ജനത ഒരൊറ്റ ഭാഷ എന്നിങ്ങനെ ഏകരൂപമായ സവർണ്ണ ബ്രാഹ്മണ ഹിന്ദുത്വത്തിന്റെ തൊഴുത്തിൽ കെട്ടാനുള്ള ശ്രമങ്ങളുടെ ആശയ പരിപാടിയുടെ നയ പ്രഖ്യാപനപത്രികയാണ് ദേശീയ വിദ്യാഭ്യാസ നയം. ഇതുവരെ രാജ്യം നേടിയ എല്ലാ വിദ്യാഭ്യാസ പുരോഗതിയും ഭരണഘടന മൂല്യങ്ങളെയും അട്ടിമറിക്കുന്ന ദേശീയ വിദ്യാഭ്യാസ നയം എതിർത്ത് തോൽപ്പിക്കേണ്ടത് സാമൂഹിക ബോധവും അക്കാദമിക് താൽപര്യവും ജ്ഞാനോൽപാദന തൃഷ്ണയുമുള്ള എല്ലാ അധ്യാപകരുടെയും പൊതുസമൂഹത്തിന്റെയും ചുമതലയാണ്. സമരപരിപാടികളുമായി രാജ്യത്തെ രാഷ്ട്രീയ അധ്യാപക സംഘടനകളോട് ഒപ്പം എകെപിസിടിഎയും മുൻപോട്ട് തന്നെയാണ്. സമരമുഖത്ത് നമുക്ക് ഒന്നിക്കാം.

എല്ലാവർക്കും അഭിവാദ്യങ്ങൾ



മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും വിദ്യാഭ്യാസത്തിൽ ഡോക്ടറേറ്റ് നേടിയ ഒറ്റപ്പാലം എൻ.എസ്.എസ്. ട്രെയിനിങ് കോളേജ് അസി. പ്രൊഫസർ സേതു എസ്. നാഥ്.



കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്നും വിദൂരവിദ്യാഭ്യാസത്തിൽ ഡോക്ടറേറ്റ് നേടിയ ഒറ്റപ്പാലം എൻ.എസ്.എസ്. ട്രെയിനിങ് കോളേജ് അസിസ്റ്റന്റ് പ്രൊഫസർ സുരേഷ് കുമാർ കെ.




എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ ശ്രീമതി സുരഭി മുത്ത് എസ്. (അസി. പ്രൊഫസർ, എസ്.എൻ. കോളേജ്, കുമരകം)

സ്മരണകൾ

ഗുരു നിത്യചൈതന്യയതി

# അടിമകളെ വാർത്തെടുക്കുന്ന മൂശ

അഖിലകേരള പ്രൈവറ്റ് കോളേജ് അദ്ധ്യാപകസംഘടന രജതജൂബിലി ആഘോഷിക്കുന്നു. ആഘോഷത്തിന്റെ ഒരു പ്രധാന ഇനമാണ് വിശേഷാൽപതിപ്പ്. അതിൽ ഒരു ലേഖനം എഴുതുവാൻ ആവശ്യപ്പെട്ടിരിക്കുന്നത് ഒരു ബഹുമതിയായി കരുതി ഞാൻ നന്ദിരേഖപ്പെടുത്തുന്നു. അദ്ധ്യാപകസംഘടനകളും വിദ്യാർത്ഥി സംഘടനകളും ഒരിക്കലും പിരിക്കാനാവാത്ത ഒരു പാരസ്പര്യത്തിന്റെ ഉത്തമമാതൃകയായി പരിണമിക്കുന്ന പക്ഷം നമ്മുടെ വിദ്യാഭ്യാസരംഗത്ത് അത്ഭുതാവഹമായ മാറ്റങ്ങൾ സൃഷ്ടിക്കുവാൻ നമുക്ക് കഴിയും.



ഓരോ പ്രാവശ്യവും കേരളം സന്ദർശിക്കുമ്പോൾ തൊഴിൽ രഹിതരായ കുറേ ബിരുദധാരികളെയെങ്കിലും കാണുവാൻ ഇടയാകുന്നു. ഉദ്യോഗം തേടി ഒട്ടനേകം അപേക്ഷകൾ പലയിടത്തും കൊടുത്തും, ടെസ്റ്റുകൾ എഴുതിയും, ഉദ്യോഗലബ്ധിയെ കൊതിച്ച് തൊണ്ട ഉണങ്ങിയ വേഴാമ്പലുകളെപ്പോലെ കഴിയുന്ന ആ യുവാക്കന്മാരെ കാണുമ്പോൾ അവർക്കുലഭിച്ചിരിക്കുന്ന വിദ്യാഭ്യാസത്തെ അസഹിഷ്ണുതയോടും അവജ്ഞയോടും കൂടി മാത്രമേ എനിക്കു കാണുവാൻ കഴിയുന്നുള്ളൂ.

### നിരാശയും അപകർഷതാബോധവും സൃഷ്ടിക്കുന്ന വിദ്യാഭ്യാസം

നഴ്സറി തൊട്ട് കോളേജ് വരെ പതിനഞ്ചുകൊല്ലവും കോളേജിൽ ഏഴുകൊല്ലവും അങ്ങനെ പത്തൊൻപതുകൊല്ലം ഉഗ്രപരിശ്രമം ചെയ്തതിനുശേഷം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മുപ്പതിനായിരം മുതൽ മൂന്നുലക്ഷം വരെ ഉറുപ്പികയും ഉണ്ടാക്കിക്കൊടുത്തതിനുശേഷം ബിരുദധാരിക്ക് ഉണ്ടായിരിക്കുന്നത് നിരാശയും അപകർഷതാബോധവും നിസ്സഹായതയും മനംമടുപ്പും ആത്മഹത്യാവിചാരവും ആണെങ്കിൽ അവർക്ക് തൊഴിലില്ലായ്മ മാത്രമല്ല പ്രശ്നമായിത്തീർന്നിരിക്കുന്നത്.

ഒരു യുവാവിന്റെയോ യുവതിയുടെയോ ജീവിതത്തിൽ ഇത്രയും കടുത്ത ദുരന്തം ഉണ്ടാക്കിയിരിക്കുന്നത് നിശ്ചയമായും അവരുടെ ഇരുപതോളം വർഷങ്ങളെ അപഹരിച്ച വിദ്യാഭ്യാസസ്ഥാപനങ്ങളാണ്. നീതിബോധമുള്ള ഏതു രാജ്യത്താണെങ്കിലും ഇത്ര കടുത്ത അക്രമം കാണിക്കുന്ന ഒരു സ്ഥാപനത്തെ വച്ചുപൊറുപ്പിക്കുവാൻ ഇടയില്ല.


ഈ ഒരൊറ്റ കാരണം കൊണ്ടുതന്നെ ഭാരതീയവിദ്യാഭ്യാസരംഗത്തിന്റെ മാപ്പുസാക്ഷികളായിരിക്കുന്നവർ നിരുത്തരവാദികളോ, ബുദ്ധിമാന്ദ്യം ഉണ്ടായവരോ, ശക്തിഹീനരോ, നീതിബോധം നശിച്ചവരോ [illegible]


ഇടംകൊടുക്കുന്നവരാണ്.

ഇക്കണോമിക്സ് എം.എ. രണ്ടാം ക്ലാസ്സിൽ പാസ്സായിട്ട് പണിയിടത്തും മുട്ടിത്തിരിഞ്ഞ് അവശനായി വന്ന ഒരാളോട് ധനതത്വശാസ്ത്രത്തെപ്പറ്റി അല്പം സംസാരിക്കാൻ ഇടയായി. ഒരുവശത്ത് ജീവിതാവശ്യവും മറുവശത്ത് ഉപഭോഗത്തിന്റെ ഉല്പാദനവും ന്യായമായ വിതരണവും നടത്തിയാൽ അവിടെ ഒരു സാമ്പത്തിക സന്ദർഭം ഉണ്ടാകുന്നു. അങ്ങനെ ഒരു സന്ദർഭം സൃഷ്ടിച്ച് സ്വയമേവ ഒരു ഉല്പാദകനോ വിതരണക്കാരനോ ആയാൽ അയാൾക്ക് വേറൊരുവന്റെ അടിമയാകാതെ മാന്യമായി കാലയാപനം ചെയ്യാമെന്നു പറഞ്ഞപ്പോൾ അയാൾ മുമ്പിൽ എടുത്തിട്ട കീറാമുട്ടി മുതൽമുടക്കാൻ പണമില്ല എന്നതായിരുന്നു. ഞാൻ അയാളോട് പറഞ്ഞു: "സ്നേഹിതാ, കാര്യം നിസ്സാരമാണ്. നിങ്ങൾക്ക് അമ്പതുരൂപ ഞാൻ തരാം. തല്ലാലം പത്തുരൂപയ്ക്ക് നിലക്കടല (കപ്പലണ്ടി) വാങ്ങി ചീനച്ചട്ടിയിൽ ഇട്ട് വറുത്ത് തോൽകളഞ്ഞ് അല്പമായൊന്നു പൊടിക്കുക. അഞ്ചുരൂപയ്ക്ക് ശർക്കരവാങ്ങി പാനികാച്ചി പൊടിച്ച കപ്പലണ്ടി അതിലിട്ട് ചെറിയ ചെറിയ കഷണങ്ങളായി മുറിച്ച് നനുത്ത കടലാസിൽ പാക്കുചെയ്യുക. അങ്ങനെ ഒന്നാമത്തെ സംരംഭത്തിന് കൂടിപ്പോയാൽ 25 രൂപയേ ആവുകയുള്ളൂ. താൻ തന്നെ അതിന്റെ വിതരണക്കാരനും ആവുക. തന്മയത്വത്തോടുകൂടി അതു നടന്നാൽ ആറുമാസത്തിനകം താങ്കൾക്ക് നല്ല ലേബൽ ഒട്ടിച്ച് പായ്ക്കുചെയ്ത് 'പീനട്ട് ക്രഞ്ച്'കാരനാകാം. ഒരു വർഷത്തിനകം ഒരു ഫാക്ടറി ഉടമയുമാകാം." ഒരു എം.എ. ക്കാരന് ഈമാതിരി പണിചെയ്യുവാൻ തക്കവണ്ണം അത്രയ്ക്ക് അധഃസ്ഥിതനാണ് അവൻ എന്നു ഞാൻ കരുതുന്നതിൽ ആ സുഹൃത്തിന് വിഷമം തോന്നിയെങ്കിലും അയാൾ ഇപ്പോൾത്തന്നെ ലജ്ജിതനും നിർവീര്യനും ആയിരിക്കുകയാൽ അയാളുടെ ഉള്ളിൽ ഉറഞ്ഞുകൂടിയ അമർഷം എന്നോടുകാണിക്കുവാൻ അയാൾക്കു കഴിഞ്ഞില്ല.

### ദുരഭിമാനം വലിച്ചെറിയുക

അടികൊണ്ടാലും ഉണരാത്ത പാമ്പ് ജീവിക്കുവാൻ അർഹനല്ല. അതുകൊണ്ട് ഞാൻ അടവുമാറ്റി. മുറിയിൽപ്പോയി ഒരു മുണ്ടും, കണ്ണാടിയും ചീപ്പും കത്രികയുമായി തിരിച്ചുവന്നു. എന്നിട്ടു വീണ്ടും നിർദ്ദേശിച്ചു. "മുടി മുറിക്കാനും ക്ഷൗരം ചെയ്യാൻ അറിയാമോ?" അതായിരുന്നു എന്റെ ചോദ്യം. "അറിയുകയില്ലെങ്കിൽ ഞാൻ പഠിപ്പിക്കാം. ഒരു കസേരയുടെയും നിലക്കണ്ണാടിയുടെയും, ചീപ്പ് കത്രിക മുതലായവയുടെയും മുതൽമുടക്കേ ഉള്ളൂ. അഞ്ഞൂറു രൂപകൊണ്ട് ബാർബർ ഷാപ്പിന്റെ ഉദ്ഘാടനം ഗംഭീരമാക്കാം. ബാർബർ എന്ന പേര് ഇഷ്ടമാകുന്നില്ലെങ്കിൽ 'ബ്യൂട്ടീഷൻ' എന്ന് ആക്കിക്കൊള്ളൂ.". ഞാൻ ആ സാമ്പത്തിക വിശാരദന് തൊഴിൽ കണ്ടെത്തുകയായിരുന്നു. അയാളുടെ മുഖം ചുവന്നു. ചുണ്ടുവിറച്ചു. അന്തഃക്ഷോഭം കൊണ്ട് പൊട്ടിത്തെറിക്കും എന്നായി. അപ്പോൾ അയാളോട് പറഞ്ഞു: "സ്നേഹിതാ, നിങ്ങളുടെ എം.എ. ഡിഗ്രിയാണ് നി





ങ്ങളുടെ ഏറ്റവും വലിയ ശാപം.

എന്റെ സഹായത്തോടു കൂടി കപ്പലണ്ടിക്കച്ചവടവും, ഫോട്ടോ ഫ്രെയിം കച്ചവടവും, ബാർബർഷോപ്പും തുടങ്ങിയവർ സാമാന്യം നല്ല നിലയിലെത്തി. അവരുടെ മനസ്സിനോടിണങ്ങുന്ന വ്യാപാരങ്ങൾ നടത്തി സുഖമായി കഴിയുന്നുണ്ട്." എം.എ. ബിരുദം അവരുടെ മനസ്സിൽ ദുരഭിമാനം ഉണ്ടാക്കുവാൻ ഇല്ലായിരുന്നു. അവരൊക്കെ നാലാം തരമോ അഞ്ചാംതരമോ പഠിച്ചവരാണ്. നിങ്ങൾ ഭീമമായ തുക ചെലവാക്കി ദുരഭിമാനത്തിന്റെ ഒരു കോംപ്ലക്സ് സമ്പാദിച്ചിരിക്കുന്നു. ഞാൻ ഒരു സൈക്യാട്രിസ്റ്റ് ആയിരുന്നു എങ്കിൽ നിങ്ങൾക്ക് നിശ്ചയമായും ഇലക്ട്രിക് ഷോക്ക് തെറാപ്പി തരുമായിരുന്നു."

**അദ്ധ്യാപകനും വിദ്യാർത്ഥിയും വില്പനച്ചരക്ക്**

ഡിഗ്രിയിൽ അധിഷ്ഠിതമായിരിക്കുന്ന തൊഴിൽ മാന്യത നമ്മുടെ രാജ്യത്ത് ഉണ്ടാക്കിയിരിക്കുന്ന അടിമകൾക്ക് കണക്കില്ല. അടിമകൾ പാവങ്ങളല്ല. ദുർബുദ്ധികളാണ്. അതുകൊണ്ട് വേതനത്തെ മാത്രം കൊതിച്ച് തൊഴിൽ സ്വീകരിക്കുന്നവർ ശമ്പളംകൊണ്ടു പോരാത്തത് നികത്തുന്നതിന് ഏതു മാർഗവും സ്വീകരിക്കും. വിദ്യാലയങ്ങൾ എന്ന വലിയ കച്ചവട ഏജൻസികളിൽ ഇന്ന് അദ്ധ്യാപകനും വിദ്യാർത്ഥിയും ഒരുപോലെ വില്പനച്ചരക്കാണ്. വിദ്യാർത്ഥിക്കും അഡ്മിഷൻ, വിജയം ഇതെല്ലാം പണം കൊടുത്തു വേണം വാങ്ങുവാൻ. അദ്ധ്യാപകന് തന്റെ എത്രയോ വർഷത്തെ വരുമാനം മുൻകൂർ കെട്ടിവെച്ചുവേണം ഉദ്യോഗം നേടാൻ. ഇങ്ങനെ അഭിമാനവും ധനവും യാതൊരു വീണ്ടുവിചാരവുമില്ലാതെ കവർന്നെടുക്കുന്ന പ്രൈവറ്റ് കോളേജുകൾ ഈ മണ്ണിൽ ഒരു നിമിഷം പോലും നിലനിൽക്കാൻ അനുവദിക്കുകയില്ല എന്ന നിർബന്ധം പ്രൈവറ്റ് കോളേജ് അദ്ധ്യാപകരും വിദ്യാർത്ഥികളും ഒന്നിച്ചു ചേർന്നു നിന്നെടുത്ത് എല്ലാ വിദ്യാലയങ്ങളെയും ദേശസാൽക്കരിക്കണമെന്നാണ് എന്റെ അഭിപ്രായം. അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും മാത്രമായ സംയുക്ത മാനേജ്മെന്റ് ഉണ്ടാക്കാൻ കഴിയും. അവർക്ക് രണ്ടുകൂട്ടർക്കും ശ്രേയസ്കരമായ വിദ്യാഭ്യാസ പരിപാടികളോടൊപ്പം വ്യവസായങ്ങളും ഉണ്ടാക്കിപഠിക്കുമ്പോൾ തന്നെ ജന്മവാസനകളെ വളർത്തി കർമ്മകുശലതയുള്ള കുശലന്മാരായി പഠിപ്പും ധനാർജനവും ഒന്നിച്ചു കൊണ്ടുപോകുവാൻ കഴിയും. വാസ്തവത്തിൽ ഇതിനൊന്നിനും ഗവൺമെന്റിന്റെ സഹായമോ അനുമതിയോ ആവശ്യമില്ല. ജീവിതം നമ്മുടേതാണ്. അതിനെ മാന്യതയോടും സാമർത്ഥ്യത്തോടും കൈകാര്യം ചെയ്യാൻ ഇടനിലക്കാരില്ലാത്ത ക്ഷേമപരിപാടികൾ ആസൂത്രം ചെയ്ത് മാനസികവും വൈകാരികവും സാമ്പത്തികവുമായ അടിമത്തത്തിന് അറുതിയുണ്ടാക്കാൻ വിദ്യാർത്ഥി അദ്ധ്യാപകസംഘടനകൾ ഒന്നായി പ്രവർത്തിക്കണമെന്ന് ഞാൻ വിനീതമായി അഭിപ്രായപ്പെട്ടുകൊള്ളുന്നു.

# With Simon During: An Inter-view Masquerading as an Essay

**Cheri Jacob K**
U. C. College, Aluva



**Simple Simon (when *met*)**

How would a Cultural-Studies-Pioneer look, move and just *be* in actuality? In Real-time and Real-space? Meeting and being with Simon During was experiential in many ways: He claims that he wrote the book and edited the reader on *Cultural Studies* just because he wanted students to have easy access to pertinent material. And he just shrugs it off to maintain that he is primarily a literature person. That is the juncture when one realizes that photographs can be deceptive – unlike the 'still Simon', the Simon in front of me, beside me, behind me has a Richard-Gere-like, film-star look; the Cooling Glasses and the gleaming freckled eyes beneath.

An unassuming tenor pervades his demeanor – as he talks to school kids on the street; the shy-smiled 'Hello'. And then there are the small specifics that leave you wondering as to whether the hectic digital multitasking and the stress that we all talk about is just mere humbug. The smart-phone for instance: Here are his uses of the tool – On the one hand, to gleefully look at English Premier League scores: Simon is an ardent Tottenham Fan and his calm yet childlike delight is in a silent sort of way infectious. On the other hand, to keep track of his terminally ailing brother and also to proudly show us pictures of his 13 year old daughter with her 69 year old dad!

Simon also leaves one intrigued. He refuses to let anyone carry his more than reasonably heavy baggage; he is supremely fit and he literally immerses himself into the places that he is taken to, and he shows his sense of exploration whether it be meeting a bunch of monkeys just inches away from him, or smiling at the empty Chinese net in the Fort Cochin beach, or the penchant with which he started eating food – all kinds of

them, at all sorts of places – with his hands: Simon claims that he has never ever done that before.


And then his queries and comments: Always incisive. More than mere probing, Simon observes and pushes one to talk on. And as about *his* talk – well Simon is a plural! There is a Simon who is composed and full of potential energy, when before the podium; and there is a different Simon who incessantly cascades when talking in unofficial, non-hallowed, spaces – a beachfront, a car, walking on a bridge, etc. And he can startle you, just like that: "In India *time* seems to be masculine and *space* feminine." Well, well…

Also, there is a terse tinge of bewildered calmness as he patiently tries to make sense of the vexing caste equation in India; his instinctive urge to know more about the writings of Ambedkar [and also Arundhati Roy on Ambedkar]. It came as a surprise when Simon shared a snippet: Renowned academics from within the Indian [Diasporic] academia had 'consoled' Simon by maintaining that India had indeed solved the caste conundrum! And yet this trip reveals otherwise and Simon is not quite comfortable.

2.

**Simon's Sermons (when *probed*)**

Anyone wanting to/aiming to *do* Cultural Studies cannot ignore Prof. Simon During. His *Cultural Studies: A Critical Introduction* and *The Cultural Studies Reader* are 'must read's in this 'post-discipline' academic field. Furthermore, his works on magic namely *Magic Show* and *Modern Enchantments* too are indispensable as far as Cultural Studies is concerned. Another path breaking work of Simon is *Foucault and Literature* which reviews the entire gamut of Foucault's writing and comments on the impact he had on Literary Theory. Here in Kerala owing to the invitation of the Kerala State Higher Education Council, Simon literally voyaged across the state, sharing ideas majorly centred on 'religion, higher education and secularisation. This interview was taken at Union Christian College Aluva.



**Q**. You talked about 'Second Secularisation', can you explain it further?

**A**. In the history of Europe, I am sorry for being Eurocentric maybe here the situation is different but still, secularization happened first in terms of religion. A world which was primitive due to ignorance and blind-faith got cultured in the wake of Renaissance which ultimately led to Enlightenment. Much later, the *second secularisation* happened with regard to the humanities. Pre-1968, pursuing humanities was affordable only for elites. They learned about classical literature, philosophy, music and all things that made them 'Cultured'. But post-1968, the scenario in the ethical and intellectual spheres of humanities took a different turn. Now it was alright to enjoy a popular artist who may not be performing any art that belongs to the high culture. There are many reasons for this - Globalisation, Neo-liberalisation, widespread dissemination of education among the youths, etc. However the rise in the number of professional courses also led to the loss of impetus within humanities; for example, in the West, people started questioning why the government was using taxpayers' money for the study of poems written centuries ago – the transformation of the function of education into a crass, mechanical, utilitarian one.

**Q**. Recently the Registrar of Central University of Kerala, Kasargod, issued a letter addressing the deans and heads of the departments saying that henceforth "research in irrelevant areas" will be discouraged. What is your take on this?

**A**. It is fascism. It is the opposite of what proper intellectual enquiry should be - open and free. Once the state begins to dictate what you have to do, it amounts to totalitarianism. It is embarrassing and terrible that it is happening here.

**Q**. How were your PhD Days?

**A**. (*Laughing*). You may not believe me. But after completing my Bachelor's degree I ended up as a drug addict and spent almost five years wandering around. But at the age of twenty five, I decided to move on; I wrote an examination and ended up in Cambridge University. Those were the heydays of conflict between the so called 'traditional criticism' and 'literary theory.' I supported the latter because I was part of that generation which believed that one should not believe or listen to a person above the age of thirty. After three years we won the fight and I decided to quit PhD for I felt that my reason to be there was over. For the next five years I worked in an advertisement company as content writer. Then again I really decided to settle and I was offered the job of a tutor in a University and the only criteria they kept was PhD. I don't know how but I completed my thesis within six weeks and from there on my career as a teacher began.

**Q**. So it was difficult, right?

**A**. Actually if I was not a White-Australian-Male, I would never have got that job. Even though I struggled - it was a different sort of struggle - my struggles were nothing compared to those people who were [still are] discriminated on the basis of gender and race. I have to acknowledge the privileges I enjoyed as a person. Also, while I was teaching in Australia, Stephan Greenblatt came there as a guest; I was the one who got the chance to take him through all the different places in Australia. We became close friends and when he returned he benevolently published some of my articles in his journal *Representstions*. Later, when I was given three Universities in America to choose from, it was he who suggested John Hopkins University. I don't think it was a really hard journey.

**Q**. Coming *in* to your academic career, could you speak something about Foucault?

**A**. Foucault was one of the great French thinkers of the second half of the twentieth century. And he changed his topic and his method a lot over his career. So there is no essential Foucault but there are different Foucaults at different times and some of those Foucaults are, to me, more interesting than others.

**Q**. How will you define Cultural Studies?

**A**. The *engaged* study of all sorts of culture, of which Literature is 'merely' *one* of the components.

**Q**. You have talked extensively on Secularism; how far is culture, religion and humanities related?

**A**. It differs from place to place: The idea of *secularism* in Europe is slightly different from other places, say for example India. It is a very ambiguous and slippery word for it means different things to different people. But historically, most of the higher education systems were closely related to religious institutions - as this one is (about UC College, Aluva) - but in due course of time, the state usually takes over the control. This was beneficial as academics could be free and autonomous. That is why Secularisation is important..

**Q**. In Kerala, we are familiar with certain works of yours, like the *Cultural Studies Reader* or the work you have done on Foucault. Could you say something about your 'lesser-known' works?

**A**. All right, recently I have published my 'responses' to neo-liberalism and globalisation. They address the yawning difference between rich and poor; the gruesome politics of corporate-piracy [everywhere]. Those responses were *against* democracy - we cannot overlook the mistakes of democracy! I would recommend people to read the first few chapters of *Against Democracy*, it is my most relevant and contemporary work.

**Q**. Can you say something about the emerging trends in Cultural Studies?

**A**. Major trends, I believe are studies on digitalization and ecology. Cutural Studies should adapt to deal with these issues. Digitalization is an entirely challenging area for people like me who love to read *real* books. But we cannot overlook the democratizing impact that technology has brought on to every aspects of education. Not only books but there are institutions that provide courses online and they charge negligible amount as fees. This I think will revolutionize the entire field of knowledge distribution where knowledge is available, accessible and affordable for common people. And then, the ecological concerns, which are our *real* concerns, which we have to address promptly. Our future and this world's future lies in the way we reciprocate to the climatic changes.

**Icing**: Simon is an enthusiastic DJ who gave an *impromptu* 'tour' into the songs he likes: *The Eagles*, Jimi Hendrix, *et al*. And as he does that, there is a sway in his shoulders, a particular way he scratches his hair, and the way his fingers manoeuvre 'additional graphics' for his voice-commentary. Something of a déjà vu (for me); *a la* the late V. C. Harris [Simon's swaying walk too is *uncannily* similar] – perhaps what links *them* up across time is the word 'Simple': yes, simply simple.

അഭിമുഖം

# കേരള രാഷ്ട്രീയത്തിന്റെ ചരിത്രവും വർത്തമാനവും


**എൻ.വി.പി. ഉണിത്തിരി/ടി.ആർ. മനോജ്**

**കേരളത്തിന്റെ രാഷ്ട്രീയചരിത്രം ഇപ്പോഴത്തെ തലമുറ എങ്ങനെ മനസ്സിലാക്കുന്നു? വിദ്യാർഥികളും അതുപോലെത്തന്നെ അധ്യാപകരും?**

മറുപടി: വിദ്യാർഥികൾക്കാണിതിൽ താല്പര്യം കൂടുതൽ. എസ്. എഫ്. ഐ.യുടെ വിജയം പലപ്പോഴും നമുക്ക് ഊർജം പകർന്നിട്ടുണ്ട്. അധ്യാപനമാണ് നമുക്ക് പ്രധാനമെങ്കിലും ഇപ്പോഴത്തെ സാഹചര്യത്തിൽ വിശേഷിച്ചും രാഷ്ട്രീയം ആവശ്യമാണ്. ബി. ജെ. പി. യും ആർ. എസ്. എസ്സും വിദ്യാഭ്യാസമേഖല പിടിച്ചെടുക്കാനാണ് നോക്കുന്നത്. ചില മാധ്യമങ്ങൾ അതിനുവേണ്ടി ശ്രമിക്കുന്നുമുണ്ട്. ഇപ്പോഴത്തെ മാതൃഭൂമിയുടെ വാർത്താരീതി അതാണ് സൂചിപ്പിക്കുന്നത്. ഉദാഹരണത്തിന് മോഹൻ ഭാഗവതിന്റെ ഗാന്ധി അനുസ്മരണം. ഗാന്ധിയെ കൊന്നവർ ഗാന്ധിയെ പുകഴ്ത്തുക! എന്തൊരു വൈരുധ്യം! മോഹൻ ഭാഗവത് പറഞ്ഞത് അറിയാമല്ലോ. 'ആൾക്കൂട്ടക്കൊലപാതകമെന്നൊന്ന് ഇവിടെ നടക്കുന്നില്ലല്ലോ, അത് വെറുതെ പറയുന്നതല്ലേ?' എന്നാണദ്ദേഹം പറഞ്ഞത്. ഉത്തരേന്ത്യയിലെ ദളിതരോടും ആദിവാസികളോടും ഭാഗവതിന് ഇത് പറയാൻ സാധിക്കുമോ? ഈ ആൾക്കൂട്ടക്കൊലപാതകങ്ങളിൽ  ദളിതർ, ആദിവാസികൾ, മറ്റു ദരിദ്രജന വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ മുതലായവരാണല്ലോ. അവരിൽ സവർണരൊന്നും ഉൾപ്പെടുന്നില്ല! ഇവരുടെ മുഖ്യമായ ആഭ്യന്തരശത്രുക്കൾ മുസ്ലീങ്ങളും ക്രിസ്ത്യാനികളും കമ്മ്യൂണിസ്റ്റുകാരുമാണ്. കോൺഗ്രസ്സുകാർ ഇതിൽപ്പെടുന്നില്ലെന്നത് ശ്രദ്ധിക്കുക. ന്യൂനപക്ഷസംരക്ഷണം ഏറ്റെടുത്തിട്ടുള്ളത് കമ്മ്യൂണിസ്റ്റുകാരാണെന്ന് ആർ. എസ്. എസ്സിന്നറിയാം. കോൺഗ്രസ് ഉദാസീനമോ, അതല്ലെങ്കിൽ അവർക്കനുകൂലമോ ആണെന്നുമറിയാം. കോൺഗ്രസ്സിന്റെയും ബി. ജെ. പി. യുടെയും നയം, സാമ്പത്തികനയം, ഒന്നുതന്നെയാണെന്ന് എല്ലാവർക്കുമറിയാമല്ലോ. നവ ഉദാരവൽക്കരണമാണ് ഇരുകൂട്ടരും അംഗീകരിക്കുന്നത്. വർഗീയത കോൺഗ്രസ്സിന് ബി. ജെ. പി. യുടെയത്രയില്ല. അല്പമൊക്കെ വെള്ളം ചേർത്തുകൊണ്ടാണെങ്കിലും  മതനിരപേക്ഷത അംഗീകരിക്കുന്നുമുണ്ട്.

അതുകൊണ്ടാണ് മോഡി കോൺഗ്രസ്സിനോട് ചോദിക്കുന്നത്,  'നിങ്ങൾ നടപ്പിലാക്കാനാഗ്രഹിച്ചത് ഞങ്ങൾ ശരിയായി നടപ്പിലാക്കുന്നു. അതുകൊണ്ട് നിങ്ങൾ ഞങ്ങളെ എന്തിനെതിർക്കുന്നു' എന്ന്.

ബി. ജെ. പി.യെ ശക്തമായി എതിർക്കാൻ ഇടതപക്ഷമേ ഉള്ളൂ. കേരളം ഇടതുപക്ഷബദലെന്താണെന്ന് കാണിച്ചുതരുന്നുണ്ട്. ബംഗാളിൽ മമതയും ബി. ജെ. പി. യും തമ്മിൽ വ്യത്യാസമൊന്നുമില്ല. ഇരുകൂട്ടരും ഇടതുപക്ഷത്തെ എതിർക്കുന്നതിൽ മത്സരിക്കുകയാണ്. അടുത്ത കാലത്തായി ഇടതുപ



ക്ഷം ശക്തിപ്പെട്ടുവരുന്നുണ്ടെങ്കിലും മാധ്യമങ്ങൾ ആ വാർത്ത തമസ്കരിക്കുകയാണ്.

**ജെ. എൻ. യുവിന്റെ പേരുതന്നെ മാറ്റണമെന്നു പറയുന്നുണ്ടല്ലോ?**

മറുപടി: അവിടെ ഇക്കഴിഞ്ഞ യൂനിയൻ തിരഞ്ഞെടുപ്പിൽ വീണ്ടും ഇടതുപക്ഷവിദ്യാർഥിസംഘം വിജയിച്ചിരിക്കുന്നു. ഇനി തൽക്കാലം പേരുമാറ്റൽശ്രമം നടക്കില്ല. മാത്രമല്ല, ഹൈദരാബാദ്, പോണ്ടിച്ചേരി പോലുള്ള മറ്റു പ്രധാന കേന്ദ്രസർവകലാശാലകളിലും അവർതന്നെ വിജയിച്ചിരിക്കുന്നു. വിദ്യാർഥിരംഗത്തെ ഈ ഇടതുമുന്നേറ്റം ആർ. എസ്. എസ്സിന് സഹിക്കാനാവുന്നില്ല.

**കേരളത്തിന്റെ ഇടതുപക്ഷരാഷ്ട്രീയചരിത്രത്തിൽ അതിന്റെ തുടർച്ച നോക്കുന്ന ഈ സമയത്ത് ഈയൊരു ബദൽരാഷ്ട്രീയം കൃത്യമായി വരുന്നുണ്ടോ?**

അടിക്കടി പ്രതിപക്ഷം പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നുണ്ടെങ്കിലും, ഇപ്പോൾ അത് ശരിയായ ദിശയിലാണ് നീങ്ങുന്നത്. ഒട്ടേറെ വികസനപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വലതുപക്ഷത്തിന്റെ ഉരുക്കുകോട്ടകളായ പാലയിലും വട്ടിയൂർക്കാവിലും കോന്നിയിലും ഇടതുപക്ഷം ജയിച്ചുകയറിയ ഉപതിരഞ്ഞെടുപ്പുകൾ സർക്കാരിന്റെ പിന്തുണ വർധിക്കുന്നതാണ് തെളിയിക്കുന്നത്.

എന്റെയൊക്കെ കുട്ടിക്കാലത്ത് പാവങ്ങളായ എന്നെയും ഏട്ടനെയും സ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കാൻ ആറോൺ കമ്പനിയിലെ തൊഴിലാളികളാണ് സഹായിച്ചത്. സഖാവ് പയ്യരട്ട രാമനായിരുന്നു അന്ന് അവിടത്തെ തൊഴിലാളിനേതാവ്. ഈരണ്ടാഴ്ച്ച കൂടുമ്പോഴാണ് തൊഴിലാളികൾക്ക് കൂലി കിട്ടുക. അപ്പോൾ ഞാനും ഏട്ടനും കമ്പനിഗെയ്റ്റിൽ പോയിനിന്നാൽ അവർ ഒരണയോ നാലണയോ ഒക്കെ തരും. എനിക്ക് മെറിറ്റ് സ്കോളർഷിപ്പ് കിട്ടിയതുകൊണ്ട് ഫീസ്സടക്കേണ്ടി വന്നിട്ടില്ല. ഏട്ടന് ഫീസ്സിനുള്ള വക അങ്ങനെ കിട്ടും. ഇത്തരം കഷ്ടപ്പാടുകൾകൊണ്ടാവാം, ഏട്ടൻ എസ്. എസ്. എൽ. സി. പരീക്ഷ ജയിച്ചില്ല. ഞാൻ മലയാളവിദ്വാൻപരീക്ഷ പാസ്സായി ആദ്യം സ്കൂളിലും പിന്നീട് പ്രൈവറ്റായി പഠിച്ച് എം. എ. (സംസ്കൃതം)യും പി. എച്ച്. ഡി. (സംസ്കൃതം)യും പാസ്സായി സർവകലാശാലാധ്യാപകനായും കാലടി സംസ്കൃതസർവകലാശാലയിൽ പി. വി. സി. യായുമൊക്കെ സേവനമനുഷ്ഠിച്ചു. ഈയിടയിൽ ഏട്ടൻ എസ്. എസ്. എൽ. സി. പൂർത്തിയാക്കി ഡിഫെൻസ് വകുപ്പിൽ എക്കൗണ്ടന്റ് വരെ ആയി; റിട്ടയർചെയ്യുന്നതിന് ഒരു കൊല്ലം മുൻപ് മരിച്ചു.

അന്നത്തെ കാലത്തുനിന്ന് ഇപ്പോൾ ഒരുപാട് മാറ്റങ്ങൾ വന്നു. എല്ലാ രംഗങ്ങളിലുമെന്നപോലെ, സാഹിത്യരംഗത്തും അത് കാണാം.

ഉള്ളടക്കം മാത്രം നോക്കിയാൽ മതി, കലാമൂല്യമൊന്നും പ്രശ്നമല്ല എന്ന ജീവത്സാഹിത്യകാലഘട്ടത്തിലെ നില മാറി. പുരോഗമന കലാസാഹിത്യസംഘത്തിന്റെ പെരുമ്പാവൂർ സമ്മേളനത്തിൽ പി. ഗോവിന്ദപ്പിള്ള അവതരിപ്പിച്ച നയരേഖയോടുകൂടിയാണ് ഈ മാറ്റം സംഭവിച്ചതും മുഖ്യധാരാസാഹിത്യകാരരിൽ മിക്കവരും സംഘത്തിന്റെ പ്രവർത്തനങ്ങളോട് സഹകരിക്കാൻ തുടങ്ങിയതും. ഇ. എം. എസ്സിന്റെ ഭാഷാപോഷിണി ലേഖനമാണ് ഇതിന് പ്രേരകമായത്. ഉദാഹരണമായി, ടി. പത്മനാഭനെയെടുക്കാം. കോൺഗ്രസ്

നിലപാടുകളുള്ള ആളായിരുന്നു അദ്ദേഹം. വിമോചനസമരകാലത്ത് ജയിലിൽ പോയിട്ടുണ്ട്. പക്ഷേ, ഇപ്പോൾ അദ്ദേഹം സ്വതന്ത്രനിലപാടുകളെടുക്കുന്ന ഇടതുപക്ഷച്ചായ്‌വുള്ള എഴുത്തുകാരനാണ്.

അന്നൊക്കെ തൊഴിലാളിപ്രസ്ഥാനം വളരെ സജീവമായിരുന്നു. മുൻപ് സൂചിപ്പിച്ചതുപോലെ, തൊഴിലാളിവർഗമാണ് എന്നെ ഈ നിലയിലെത്തിച്ചതെന്ന് കൃതജ്ഞതയോടെ സ്മരിക്കുന്നു.

വിദ്യാർഥികൾ ഇപ്പോൾ കാര്യമായി ചർച്ചകളും സംവാദങ്ങളും നടത്തുന്നുണ്ട്. ജെ. എൻ. യു. അതിന് നല്ലൊരുദാഹരണമാണ്. അതുകൊണ്ടാണ് അവർ അതിനെ തകർക്കാൻ കൊണ്ടുപിടിച്ച് ശ്രമിക്കുന്നത്.

**ജെ. എൻ. യു. വിന്റെ പേരുതന്നെ മാറ്റണമെന്നു പറയുന്നുണ്ടല്ലോ?**

മറുപടി: ഉണ്ട്. മോഡി എന്നാക്കണമെന്ന് ചില ബി. ജെ. പി. നേതാക്കളെക്കൊണ്ട് പറയിപ്പിച്ചിട്ടുണ്ട്. അതംഗീകരിക്കില്ല. കാരണം, വിദ്യാർഥികളിൽ ഭൂരിപക്ഷവും പേരുമാറ്റത്തെ എതിർക്കും. ജവഹർലാൽ നെഹ്റുവേക്കാൾ കേമനാണ് താനെന്ന് മോഡിയും അദ്ദേഹത്തിന്റെ സേവകരായ ബി. ജെ. പി. ക്കാരും മേനി നടിക്കുന്നുണ്ടെങ്കിലും സാംസ്കാരിക പ്രവർത്തകരും പൊതുസമൂഹവും ഈ അവകാശവാദത്തെയും ജെ. എൻ.യു. വിന്റെ പേരുമാറ്റത്തെയും അംഗീകരിക്കില്ല. എങ്കിലും, വിദ്യാർഥികളെ പോലീസ് മർദനമുപയോഗിച്ചും പൊതുസമൂഹത്തെ അവഗണിച്ചോ അടിച്ചമർത്തിയോ നിശ്ശബ്ദമാക്കിയും പേരുമാറ്റം നടപ്പിലാക്കാൻ അവർ ശ്രമിക്കും; വിജയിക്കാൻ സാധ്യത കുറവാണെങ്കിലും.

എന്റെ മകൻ ഹൈദരബാദ് യൂനിവേഴ്സിറ്റിയിൽ പഠിച്ച കാലത്ത് അവിടെ ശക്തമായ ഒരു സംഘടനയേ ഉണ്ടായിരുന്നുള്ളൂ - അംബേദ്കർ അനുയായികളുടെ ഒരു സംഘടന. എസ്. എഫ്. ഐ. ക്കാരൊക്കെ അവരോട് സഹകരിക്കാറായിരുന്നു പതിവ്. ഇപ്പോൾ എസ്. എഫ്. ഐ. സഖ്യം ഒറ്റയ്ക്കു തന്നെ ജയിക്കാവുന്ന സ്ഥിതിയിലെത്തി. പോണ്ടിച്ചേരി മുതലായ മറ്റു കേന്ദ്രസർവകലാശാലകളിലും ഇതുതന്നെയാണ് സ്ഥിതി. കേരളത്തിലെ ഉപതിരഞ്ഞെടുപ്പുകളിലും യു. ഡി. എഫിന്റെ പാലാ, വട്ടിയൂർക്കാവ്, കോന്നി എന്നിവയെല്ലാം എൽ. ഡി. എഫ്. പിടിച്ചെടുത്തത് നാം കണ്ടല്ലോ.

**കേരളത്തിലെ ഇടതുപക്ഷരാഷ്ട്രീയം അതിന്റെ തുടർച്ച പ്രതീക്ഷിക്കുന്ന ഈ സന്ദർഭത്തിൽ ഈയൊരു ബദൽരാഷ്ട്രീയം കൃത്യമായി നടക്കുന്നുണ്ടോ?**

മറുപടി: തീർച്ചയായും. ഈ മൂന്നരക്കൊല്ലത്തെ അനുഭവം വളരെ മികച്ചതാണ്. ആരോഗ്യം, വിദ്യാഭ്യാസം, പൊതുമരാമത്ത്, പോലീസ് മുതലായ വകുപ്പുകളിൽ വിശേഷിച്ചും. പോലീസിനെപ്പറ്റിയും കിഫ്ബിയെപ്പറ്റിയും മറ്റും എന്തൊക്കെ ആക്ഷേപം പറഞ്ഞാലും ഒന്നും പൊതുസമൂഹം അംഗീകരിക്കുന്നില്ലെന്നാണ് കാണുന്നത്. മുൻപ് സൂചിപ്പിച്ചതുപോലെ, ഉപതിരഞ്ഞെടുപ്പുകളിലെ ഫലം ഇത് ശരിവെക്കുകയും ചെയ്യുന്നു.

**തിരഞ്ഞെടുപ്പുകളിലൊക്കെ ഒരു മധ്യവർഗരാഷ്ട്രീയം കാണുന്നുണ്ടോ?**

മറുപടി: അത് സ്വാഭാവികമാണ്. കാലം മാറുകയല്ലേ? തൊഴിലാളികളിലും കർഷകരിലും ജീവനക്കാരിലുമെല്ലാം ഇത് പ്രതിഫലിക്കുന്നുണ്ട്. ഇതുവരെ നടത്തിയ ഉജ്ജ്വലമായ പോരാട്ടങ്ങളുടെ ഫലമായി എല്ലാ മേഖലകളിലും ശമ്പളനിലവാരം കൂടിയിട്ടുണ്ട്. ജീവിതച്ചെലവും കൂടി. ആദ്യത്തേത് നിലനിർത്തുകയും വർധിപ്പിക്കുകയും രണ്ടാമത്തേത് കുറച്ചുകൊണ്ടുവരികയും ചെയ്യണം. അവകാശങ്ങൾക്കുവേണ്ടിയുള്ള സമരവീര്യം നിലനിർത്തുകയും കടമകൾ നിറവേറ്റുകയും ചെയ്യുകയാണ് ഇതിനുള്ള പോംവഴി.

**സാമൂഹ്യപ്രതിബദ്ധത കുറയുന്നുണ്ടോ? അധ്യാപകരുടെ?**

മറുപടി: കുറച്ചൊക്കെ അങ്ങനെയുണ്ട്. അതു മാറണം. പുരോഗമനാഭിമുഖ്യമുള്ള ഇടതുപക്ഷസംഘടനകൾ - കെ. എസ്. ടി. എ; കെ. പി. ടി. യു; എ. കെ. പി. സി. ടി. എ; എ. കെ. ജി. സി. ടി. എ. - അതിനുവേണ്ടി ഊർജസ്വലതയോടെ പ്രവർത്തിക്കണം.

**സാർ കാലടി സംസ്കൃതസർവകലാശാലയിലുണ്ടായിരുന്ന കാലത്ത് ഞങ്ങളുവിടെയുണ്ട്. അന്ന് വിദ്യാർഥിസംഘടനകളും സാറും മറ്റധ്യാപകരും തമ്മിൽ നല്ല ബന്ധമായിരുന്നുവല്ലോ? എന്തു പറയുന്നു?**

മറുപടി: എനിക്കും അവിടത്തെ ഔദ്യോഗികജീവിതം സന്തൃപ്തിയുളവാക്കുന്നതാണ്. അവിടെയുണ്ടായിരുന്ന മൂന്നു കൊല്ലം സർവകലാശാലയ്ക്കുള്ളിൽ മാത്രമല്ല, പുറത്തും നല്ല ബന്ധമാണുണ്ടായിരുന്നത്. തെക്കൻ പ്രദേശങ്ങളിൽ ഏറ്റവുമധികം പ്രസംഗങ്ങൾ നടത്തിയത് അക്കാലത്താണ്. അതുകൊണ്ട് എനിക്കു മാത്രമല്ല, സർവകലാശാലയ്ക്കും പൊതുജനങ്ങൾക്കിടയിൽ നല്ല പ്രചാരം കിട്ടി. സർവകലാശാലാപരിസരത്തുള്ള വായനശാലയുടെ ആഭിമുഖ്യത്തിൽ ഞാൻ അക്കാലത്ത് തുടങ്ങിവെച്ച 'ബുധസംഗമം' ഇപ്പോഴും മുടക്കം കൂടാതെ നടക്കുന്നുണ്ടെന്ന് മനോജ് തന്നെയാണല്ലോ പറഞ്ഞത്. ഉപരാഷ്ട്രപതി ശങ്കർദയാൽ ശർമ ഉദ്ഘാടനം നിർവഹിച്ച ശ്രീശങ്കരജയന്തിസെമിനാറിന്റെ കൺവീനറായി നിയമിതനായത് ഞാനായിരുന്നു. അന്നുമുതൽക്കേ കാലടിയുമായി എനിക്ക് നല്ല ബന്ധമുണ്ട്. ഇപ്പോൾ എന്റെ വത്സലശിഷ്യനായ ഡോ. ധർമരാജ് അടാട്ടാണ് അവിടത്തെ വൈസ് ചാൻസലർ. സർവകലാശാലയുടെ രജതജൂബിലി ആഘോഷവേളയിൽ എം. കെ. സാനു, കലാമണ്ഡലം ഗോപി എന്നിവരോടൊപ്പം എന്നെ ഓണററി ഡി. ലിറ്റ്. ബിരുദം നൽകി ആദരിക്കുകയുമുണ്ടായി.

ഞാൻ മാടായി ഹൈസ്കൂളിൽ

പഠിച്ചിരുന്നപ്പോളാണ് 'വിമോചന സമര'മുണ്ടായത്. അധ്യാപകരിൽ ഭൂരിപക്ഷവും സമരത്തിന് അനുകൂലമായിരുന്നു. എന്നാൽ, വിദ്യാർഥികളായ ഞങ്ങളിലധികവും പഠിക്കണമെന്ന അഭിപ്രായക്കാരായിരുന്നു. നാട്ടുകാർക്കും ആ അഭിപ്രായംതന്നെ. പഠിപ്പിക്കണമെന്ന അഭിപ്രായമുള്ള അധ്യാപകർ ക്ലാസ്സെടുത്തു. ക്ലാസ്സ് തടസ്സപ്പെടുത്താനൊന്നും ആർക്കും ധൈര്യമുണ്ടായിരുന്നില്ല. അത്തരം അക്രമങ്ങൾ നടന്നാൽ നാട്ടുകാർ കൈകാര്യം ചെയ്യുമെന്ന ഭയംതന്നെ കാരണം.

ഞാൻ അന്ന് എസ്. എഫ്. ഐ. സിക്രട്ടറിയായിരുന്നു. ഞങ്ങൾ ഉച്ചയ്ക്കുള്ള ഇടവേളയിൽ 'വിമോചനസമര'ത്തിന്നെതിരായി പ്രചാരണം നടത്തും. സ്കൂളിനു മുമ്പിലെ മാടായി റൂറൽ ബേങ്കിലെ ഉദ്യോഗസ്ഥന്മാർ വേണ്ട സഹായങ്ങൾ ചെയ്തുതരും. അക്രമാസക്തമായ ആ 'വിമോചനസമര'മാണ് വാസ്തവത്തിൽ കേരളത്തിന്റെ പുരോഗതിയെ പിറകോട്ടടിച്ചത്. ഇത് കമ്മ്യൂണിസ്റ്റുകാരിൽനിന്നുള്ള വിമോചനമായിട്ടാണ് അവർ കണ്ടത്. സകലജാതിമതവർഗീയശക്തികളും ഒത്തുചേർന്ന ആ സമരാഭാസത്തിന്റെ ഫലമായി ഐക്യകേരളത്തിലെ ആദ്യത്തെ ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട ഇ. എം. എസ്. സർക്കാരിനെ പിരിച്ചുവിടാൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു നിർബന്ധിതനായി. അന്നേ ഇ. എം. എസ്. പറയാറുണ്ടായിരുന്നു, ആർ. എസ്. എസ്സാണ് നമ്മുടെ മുഖ്യശത്രുവെന്ന്. ഞാനും ഇ. എം. എസ്സും തമ്മിൽ നല്ല ബന്ധമായിരുന്നു. ടി. കെ. രാമകൃഷ്ണനുമായും അങ്ങനെതന്നെ. ഇ. എം. എസ്. പറഞ്ഞത് എത്ര ദീർഘദർശിത്വത്തോടെയാണെന്ന് ഇപ്പോൾ കൂടുതൽ വ്യക്തമാകും.

എല്ലാ രംഗങ്ങളിലുമെന്നപോലെ കലാരംഗത്തും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ജീവത്സാഹിത്യ-പുരോഗമനസാഹിത്യസംഘകാലഘട്ടത്തിൽ ഉള്ളടക്കമാണ് പ്രധാനം, രൂപം രണ്ടാമതേ വരുന്നുള്ളൂ എന്ന ധാരണയാണ് മുൻകൈ നേടിയിരുന്നത്. പുരോഗമനകലാസാഹിത്യസംഘത്തിന്റെ പെരിന്തൽമണ്ണ സമ്മേളനത്തിൽ നയരേഖ അവതരിപ്പിച്ചുകൊണ്ട് പി. ഗോവിന്ദപ്പിള്ള നടത്തിയ പ്രഭാഷണവും സമാപനസമ്മേളനപ്രസംഗത്തിൽ ഇ. എം. എസ്. പ്രകടിപ്പിച്ച അഭിപ്രായങ്ങളും അദ്ദേഹത്തിന്റെ ഭാഷാപോഷിണി ലേഖനവും ഒക്കെക്കൂടി പരിഗണിക്കുമ്പോൾ വിപ്ലവകരമായ ഒരു നയമാറ്റം കാണാം. ഭാവ-രൂപങ്ങൾ വെവ്വേറെ കാണേണ്ടവയല്ല, ഭാവത്തിനൊത്ത് രൂപം മാറും എന്നതാണ് അതിലെ ഒരു കാര്യം. മറ്റൊന്ന്, സാഹിത്യാദികലകൾ യാന്ത്രികമായി വിലയിരുത്തപ്പെടേണ്ടവയല്ല; കലാകാരന്റെ/കലാകാരിയുടെ പ്രഖ്യാപിതലക്ഷ്യത്തെ അതിക്രമിച്ചുനിൽക്കും പലപ്പോഴും കല.

അതായത്, കലാകാരൻ/കലാകാരി സാമൂഹ്യപ്രതിബദ്ധതയുള്ളയാളാണെങ്കിലും കലയിൽ അത് കാണണമെന്നില്ല. സ്രഷ്ടാവ് യഥാർഥകലാകാരനോ കലാകാരിയോ ആണെങ്കിൽ കൃതി സാമൂഹ്യപ്രതിബദ്ധത പ്രകടിപ്പിക്കുന്നതാവും. കാരണം അയാൾ ജീവിതയാഥാർഥ്യങ്ങൾ ആവിഷ്കരിക്കുന്നുതന്നെ. അത് ബോധപൂർവമാകണമെന്നില്ല. ഈ കലാതത്ത്വം ജീവത്സാഹിത്യ-പുരോമനസാഹിത്യസംഘകാലത്ത് തങ്ങൾ വേണ്ടത്ര മനസ്സിലാക്കിയിട്ടില്ലെന്നും അതുകണ്ട് പ്രതിഭാശാലികളായ കലാസ്രഷ്ടാക്കളെ തിരിച്ചറിയുന്നതിൽ തങ്ങൾക്ക് ഗുരുതരമായ വീഴ്ച പറ്റിപ്പോയെന്നുമുള്ള അർഥത്തിൽ തന്റെ ഭാഷാപോഷിണിലേഖനത്തിൽ ഇ. എം. എസ്. പറയുകയുണ്ടായി. ഈ തുറന്നുപറച്ചിൽ സാഹിത്യകലാദിരംഗങ്ങളിൽ പ്രവർത്തിക്കുന്ന പല പ്രമുഖരെയും പുരോഗമന കലാസാഹിത്യസംഘവുമായി സഹകരിക്കുന്നതിന് പ്രേരകമായിട്ടുണ്ട്. ഇപ്പോൾ സംഘത്തിന്റെ പ്രസിഡണ്ട് ഷാജി എൻ. കരുണും സിക്രട്ടറി അശോകൻ ചരുവിലുമാണ് എന്നത് ഈ മാറ്റത്തിന്റെ സൂചനയത്രേ. ഇതിന്റെ ഫലം ഉന്നതോദ്യോഗസ്ഥർ, എൻ. ജി. ഒ. മാർ, സ്കൂൾ-കോളേജധ്യാപർ മുതലായവരിലെല്ലാം ഏറ്റക്കുറച്ചിലോടെ കാണാനുമുണ്ട്.

**ഗ്രാംഷി പറയുന്നുണ്ടല്ലോ, അധ്യാപകരെന്നാൽ 'ഓർഗാനിക് ഇന്റലക്ച്വൽസ്' ആണെന്ന്. ആ ഒരിടപെടൽ ഇപ്പോഴത്തെ സാഹചര്യത്തിൽ ഉണ്ടോ? അധ്യാപകർ ഒന്നിച്ചുനിൽക്കേണ്ടവരല്ലേ?**

അതെയതെ. ആ ഐക്യം ഇല്ലാതാക്കാനാണ് ഇപ്പോൾ മാധ്യമങ്ങളും മറ്റും ബോധപൂർവം ശ്രമിക്കുന്നത്.

**ബി. ജെ. പി. പുതിയ വിദ്യാഭ്യാസ നയത്തിലൂടെ അതാണല്ലോ ഉദ്ദേശിക്കുന്നത്?**

അതെ. വലിയൊരുത്തരവാദിത്വമാണ് അധ്യാപകർക്കുള്ളത്. അത് നാമേറ്റെടുക്കണം. ഇപ്പോൾ അതിനു കഴിവുള്ളവർ കുറവാണ്. ഡോ. കെ. എൻ. പണിക്കരൊക്കെ അങ്ങനെയായിരുന്നു. അദ്ദേഹത്തിന്റെ എഴുത്തൊക്കെ എത്ര ഗംഭീരമാണ്! സുനിൽമാഷൊക്കെ അങ്ങനെ ചെയ്യുന്നുണ്ട്. ഇങ്ങനെയുള്ളവരെല്ലാം വളരെ കുറഞ്ഞുവരികയാണ്. കൂടുതൽ പേർ മുമ്പോട്ട് വരണം.

**സാർ അന്ന് പൊതുവേദിയിൽ വെച്ചാണ് പി. പരമേശ്വരനുമായി വാദപ്രതിവാദമുണ്ടായത്. അത് കഴിഞ്ഞ് ഇപ്പോൾ പതിനെട്ട് വർഷമായി. അതേക്കുറിച്ച്?**

മറുപടി: അന്നെന്നപോലെ ഇന്നും അവർ വിവാദമുണ്ടാക്കും. പത്തിരുപതുകൊല്ലങ്ങൾക്കു മുൻപുതന്നെ എന്റെ പ്രസംഗങ്ങൾ ആർ. എസ്. എസ്സുകാർ തടസ്സപ്പെടുത്തിയിട്ടുണ്ട്. തുറന്ന സംവാദത്തിന് തയ്യാറാവില്ല. കേളപ്പേട്ടനുമായും (യശഃശരീരനായ കോഴിക്കോട് ജില്ലാ പാർട്ടി സിക്രട്ടറി. എം. കെ. പണിക്കോട്ടി എന്ന പേരിൽ കവിതകളും നാടകങ്ങളും മറ്റമെഴുതിയ സാംസ്കാരികപ്രവർത്തകൻ).

ശാസ്ത്രവിചാരം




# റെനെ ദെയ് കാർത്

**ഡോ. ഇന്ദുലാൽ ജി.**
സെന്റ് അലോഷ്യസ് കോളേജ്,
എടത്വ



ലോകത്തിലെ മുഴുവൻ വസ്തുക്കൾക്കും നിർദേശാങ്കങ്ങളുടെ മേൽവിലാസമുണ്ടാക്കിക്കൊടുക്കുകയും അത്തരത്തിലൊരു ഗണിതശാഖയെ (cartesian Geometry) തന്റെ പേരിൽ വഹിക്കുകയും ചെയ്ത പതിനാറാം നൂറ്റാണ്ടിലെ പ്രഗത്ഭ ഗണിതജ്ഞനായ റെനെ ദെയ് കാർത് 1596 മാർച്ച് 31 ന ഫ്രാൻസിൽ ജനിച്ചു. ജനനത്തോടെ അമ്മയെ നഷ്ടപ്പെട്ട ദെയ് കാർത് അനാരോഗ്യവാനായി, ആവശ്യാനുസരണമുള്ള പരിചരണങ്ങളില്ലാതെ വളർന്നു. അക്കാലയളവിൽ പ്രവർത്തനമാരംഭിച്ച ഫ്രാൻസിലെ ജെസ്യൂട്ട് കോളേജിൽ എട്ടാമത്തെ വയസ്സിൽ പ്രവേശനം നേടിയ ദെയ് കാർത് 16 വയസ്സ് വരെ അവിടെ പഠനം തുടർന്നു. അരിസ്റ്റോട്ടിലിന്റെ പരമ്പരാഗത തത്ത്വചിന്തയും യുക്തിചിന്തയും (logic) ആഴത്തിൽ പഠിച്ച അദ്ദേഹം അനാരോഗ്യത്താൽ ഏറെ കഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെ അനാരോഗ്യം രാവിലെ 11 മണിവരെ കിടക്കയിൽത്തന്നെ കഴിച്ചുകൂട്ടുന്നതിന്


RENATI
DES-CARTES,
MEDITATIONES
DE PRIMA
PHILOSOPHIA,
IN QVA DEI EXISTENTIA
ET ANIMÆ IMMORTALITAS
DEMONSTRATVR.

PARISIIS,
Apud MICHAELEM SOLY, via Iacobea, sub
signo Phœnicis.

M. DC. XLI.
Cum Priuilegio, & Approbatione Doctorum.

ഡോക്ടർമാർ അദ്ദേഹത്തെ നിർബന്ധിക്കുന്ന ഘട്ടം - വരെയെത്തി. ഇത് പിന്നീട് തന്റെ ജീവിതശൈലിയുടെ ഭാഗമാക്കിയ ദെയ് കാർത് ഈ ശീലം തന്റെ അവസാനനാളുകൾ വരെ തുടർന്നു. കിടക്കയിൽ കിടന്ന് തന്റെ ചിന്തകളെ കയറൂരിവിട്ട ദെയ് കാർത് ഏറെ ആരോഗ്യവാന്മാരായ മറ്റനേകം സമകാലികരെ ശാസ്ത്രനേട്ടങ്ങളാൽ പാടേ പിന്നിലാക്കി.

ജെസ്യൂട്ട് കോളേജിലെ വിദ്യാഭ്യാസത്തിനുശേഷം സ്വന്തം ചിന്താധാരകളുമായി മുന്നോട്ടുപോയ ദെയ് കാർത്ത് 1616ൽ പൊയറ്റിയേഴ്സ് യൂണിവേഴ്സിറ്റിയിൽനിന്ന് നിയമബിരുദം കരസ്ഥമാക്കി. പിന്നെയും രണ്ടുവർഷങ്ങൾക്കു ശേഷമാണ് ദെയ് കാർത് ആത്മാർത്ഥമായ തന്റെ ഗണിതപഠനം ഐസക് ബീകാന്റെ ശിക്ഷണത്തിൽ - ആരംഭിക്കുന്നത്. പ്രപഞ്ചത്തിന്റെ മുഴുവൻ വിശദീകരണത്തിനുതകുന്ന ഒരു ശാസ്ത്രം വാർത്തെടുക്കുക എന്നതായിരുന്നു ദെയ് കാർത്തയുടെ പഠനലക്ഷ്യം .

1620 മുതൽ 1629 വരെ യൂറോപ്പിലാകമാനം സഞ്ചരിച്ച ദെയ് കാർത്ത് പ്രശസ്തസംഖ്യാഗണിതജ്ഞനായ മെർസിയനുമായി കണ്ടുമുട്ടിയത് അദ്ദേഹത്തിലെ ശാസ്ത്രാഭിരുചിയെ ശരിയായ പാതയിലേക്കു വഴിതിരിച്ചുവിടാൻ ഏറെ സഹായിച്ചു. 1629 ആയപ്പോഴേയ്ക്ക് യാത്രകളൊക്കെ മടുത്ത ദെയ് കാർത്ത് ഹോളണ്ടിൽ സ്ഥിരതാമസമായി. ഭൗതികശാസ്ത്രത്തിൽ വളരെയേറെ തല്പരനായിരുന്ന അദ്ദേഹം 'ലോകം അല്ലെങ്കിൽ പ്രകാശത്തിന്റെ ഉടമ്പടി'(Le Monde, ou Trait'e de la Lumi'ere.) എന്ന തന്റെ ഗവേഷണപ്രബന്ധരചനയിൽ ഏർപ്പെട്ടു.

ഈ പ്രബന്ധരചനയുടെ അവസാനനാളുകളിൽ, സൂര്യൻ സൗരയൂഥത്തിന്റെ കേന്ദ്രമാണെന്നും ഭൂമി സൂര്യനെ ചുറ്റിക്കറങ്ങുകയുമാണെന്നുമുള്ള ഗലീലിയോയുടെ കണ്ടുപിടിത്തത്തെത്തുടർന്ന് ഇറ്റലിയിലെ മതകോടതി ഗലീലിയോയെ വീട്ടുതടങ്കലിലാക്കി വിചാരണയ്ക്ക് വിധേയനാക്കിയെന്ന വാർത്ത ദെയ് കാർത്തയെ ഭയചകിതനാക്കി. തുടർന്ന് പ്രകാശത്തെപ്പറ്റിയുള്ള തന്റെ പ്രബന്ധം പ്രസിദ്ധീകരിക്കേണ്ടതില്ലെന്നും അധികാരസ്ഥാനത്തുള്ളവരെ വെറുപ്പിക്കാത്തതും അവർക്കു സാധാരണഗതിയിൽ മനസ്സിലാക്കാൻ കഴിയാത്തതുമായ ശാസ്ത്രഭാഗങ്ങളിൽ പഠനം നടത്തുകയുമാണു നല്ലതെന്നും അദ്ദേഹം തീരുമാനിച്ചു. ഈ പുസ്തകം ദെയ് കാർത്തിന്റെ മരണശേഷമാണെങ്കിൽപ്പോലും ഭാഗികമായല്ലാതെ മുഴുവനായി പ്രസിദ്ധീകരിക്കപ്പെട്ടില്ല എന്നതും നാം അറിയേണ്ടതുണ്ട്. ശാസ്ത്രവും മതവും തമ്മിൽ നിലനിന്നിരുന്ന അനാരോഗ്യകരമായ ബന്ധം, ശാസ്ത്രകാരന്മാരുടെ ശാസ്ത്രീയമായി കണ്ടെത്തലുകൾക്കുമേൽ വിശ്വാസാധിഷ്ഠിതമായ മതചട്ടക്കൂടുകൾ നടത്തിയിരുന്ന ആശാസ്യമല്ലാത്ത ഇടപെടലുകൾ ഇവയൊക്കെ ശാസ്ത്രത്തിന്റെ വളർച്ചയെ അനേകകാതം പിന്നാക്കം പായിക്കാനേ സഹായിച്ചുള്ളൂ എന്നത് ഇത്തരം സന്ദർഭങ്ങളിൽ നമുക്കു മറക്കാൻ കഴിയുന്നതുമല്ല.

ഹോളണ്ടിലെ താമസത്തിനിടയിൽ മഹാരഥന്മാരായ മേർസിയൻ, ഹജൻസ്, ഹോർടെൻസിയസ് ഉൾപ്പടെയുള്ള ശാസ്ത്രജ്ഞന്മാരുമായി നല്ല ബന്ധം പുലർത്തിയ ദെയ് കാർത്ത് അവരുടെ സ്നേഹനിർഭരമായ നിർബന്ധത്തെത്തുടർന്ന് പിന്നീട്ട തന്നെ എക്കാലത്തേക്കും പ്രശസ്തനാക്കാൻ പോന്ന തന്റെ 'ശാസ്ത്ര സത്യാന്വേഷണരീതികൾ (Discourse de la m'ethode pourbien conduire sa raison et chercher la v'erit'e dans les sciences.) എന്ന പ്രബന്ധം 1637ൽ പ്രസിദ്ധീകരിച്ചു.

ഈ പ്രബന്ധത്തിനു മൂന്നു ഭാഗങ്ങളുണ്ടായിരുന്നു. ഒന്നാം ഭാഗം പ്രകാശത്തെക്കുറിച്ചും രണ്ടാംഭാഗം അന്തരീക്ഷശാസ്ത്രത്തെക്കുറിച്ചുമായിരുന്നു. മൂന്നാം ഭാഗത്തിലാണ് ദെയ് കാർത്തേയേ എക്കാലത്തേക്കും ഗണിതലോകത്തില്ലെന്നല്ല. ഏതു ശാസ്ത്രലോകത്തിലും ഉയരത്തിൽ പ്രതിഷ്ഠിക്കാൻ പര്യാപ്തമായ നിർദേശാങ്കജ്യാമിതി(coordinate Geometry)യെപ്പറ്റി വിവരിക്കുന്നത്. പ്രപഞ്ചത്തിലെ ഏതു വസ്തുവിന്റെയും സ്ഥാനം മൂന്ന് അന്യോന്യലംബമായ അക്ഷങ്ങളാൽ (x, y, z axes) നിർണ്ണയിക്കാമെന്നും വസ്തുക്കൾ തമ്മിലുള്ള ഏറ്റവും ചെറിയദൂരം കണ്ടുപിടിക്കാനുള്ള സൂത്ര

വാക്യമെന്തെന്നും മൂന്നാം ഭാഗം വി
ശദീകരിക്കുന്നു. ആധുനികലോകം
വളരെ സുഗമമായി ഇന്നു കൈകാ
ര്യം ചെയ്യുന്ന വിമാനയാത്രയുടേയും
ഉപഗ്രഹവിക്ഷേപണങ്ങളുടേയും
മൊബൈൽ സാങ്കേതികതയിലെ
നിർണ്ണായക വഴിത്തിരിവായ
G P S ന്റേയും ഗണിതാടിത്തറ
ദെക്കാർത്തയുടെ നിർദേശാങ്കജ്യാ
മിതിയാണ്. രാസതന്മാത്രകളുടെ
ഘടനാപഠനം, കാലാവസ്ഥാ പ്രവ
ചനം, ഡിജിറ്റൽ ഫോട്ടോഗ്രഫി,
സ്കാനിങ്ങ് യന്ത്രങ്ങൾ എന്നിവ
യിലൊക്കെ നിർദേശാങ്കജ്യാമിതി
മൗലികമായ ഗണിതഘടകമാ
ണ്. ദെയ് കാർത്തേയുടെ ജ്യാമിതി
യിൽനിന്നു പ്രചോദനമുൾക്കൊണ്ട്
മറ്റനേകം ജ്യാമിതീയപഠനഗവേഷ
ണങ്ങൾക്കും പിന്നീടുള്ള നൂറ്റാണ്ടു
കൾ സാക്ഷ്യം വഹിച്ചു.

ചെറുപ്പത്തിൽ മനസ്സിൽ ആഴ
ത്തിൽപ്പതിഞ്ഞ തത്ത്വശാസ്ത്രപാ
ഠങ്ങൾ അസാധാരണമായ ചില
വിശ്വാസങ്ങളിൽ ആഴ്ന്നുകിടക്കാനും
അതിന്മേൽ തനിക്കു ശരിയെന്നു
തോന്നുന്ന ശാസ്ത്രവിശദീകരണം
നല്കാനും തക്കവിധം ദെയ് കാർ
ത്തയെ അന്ധനാക്കി. പ്രപഞ്ചം
വിശദീകരണത്തിനതീതമായ
ഏതോ ദ്രവ്യത്താൽ നിറഞ്ഞിരി
ക്കുന്നുവെന്നും സൂര്യനും ഭൂമിയും
മറ്റു ഗ്രഹങ്ങളുമൊക്കെ അതിന്റെ
നീർച്ചുഴിയിൽ എങ്ങനെയോ
വീണുപോയവയാണെന്നും ആ
ദ്രവ്യം എങ്ങനെയോ നിശ്ചലാവ
സ്ഥ പ്രാപിക്കപ്പെട്ടതാണെന്നും
വീണുപോയ ചുഴിയിൽത്തന്നെ
ഈ പ്രാപഞ്ചികവസ്തുക്കൾ എക്കാ
ലവും കിടക്കുമെന്നും അദ്ദേഹം
അനുമാനിച്ചു. ദൂരെയുള്ള വസ്തുക്കൾ
തമ്മിലുള്ള ആകർഷണബലമാണ്
അവയെ അവയുടെ നിശ്ചിതസ്ഥാ
നത്തു നിറുത്തുന്നതെന്ന് അദ്ദേഹം
കരുതിയില്ല. ഏതാണ്ടു നൂറുവർ
ഷക്കാലം ദെയ് കാർത്തയുടെ
ഈ പ്രപഞ്ചസിദ്ധാന്തം ചോദ്യം
ചെയ്യപ്പെടാതെ പ്രാബല്യത്തിലു
ണ്ടായിരുന്നു.

1687 ൽ സർ ഐസക് ന്യൂട്ടൻ
പ്രപഞ്ചത്തിന്റെ തൽസ്ഥിതിയെ
തന്റെ ഗുരുത്വാകർഷണസിദ്ധാന്തം
കൊണ്ടു വിശദീകരിക്കുകയും ദെയ്
കാർത്തയുടെ പ്രപഞ്ചവ്യാഖ്യാന
ത്തിനു ശാസ്ത്രാടിത്തറയില്ലെന്നു
തെളിയിക്കുകയും ചെയ്തെങ്കിലും
ദെക്കാർത്തയുടെ നിഗമനങ്ങൾ
ശരിയാണെന്നു വിശ്വസിച്ചവർ
ഏറെയായിരുന്നു. പിന്നേയും വർ
ഷങ്ങൾ ഏറെക്കഴിഞ്ഞാണ് സർ
ഐസക് ന്യൂട്ടന്റെ സിദ്ധാന്തങ്ങളെ
ശാസ്ത്രലോകം അംഗീകരിക്കാൻ
തുടങ്ങിയതെന്നതും സാന്ദർഭികമാ
യി ഓർക്കേണ്ടതുണ്ട്.

ഏകാന്തനായി ജീവിക്കുന്നത് വള
രെയേറെ ഇഷ്ടപ്പെട്ട ദെയ് കാർതെ
അതിനു വിഘാതം വരുമെന്നറി
ഞ്ഞ് വിവാഹം കഴിച്ചില്ല. അസാ
ധാരണസ്വഭാവപെരുമാറ്റരീതികൾ
കൊണ്ട് വിചിതനായ വ്യക്തിയാ
യിരുന്നു അദ്ദേഹം. മുൻകോപിയും
എടുത്തുചാട്ടക്കാരനുമായിരുന്ന
ദെക്കാർത്ത നിസ്സാരകാര്യങ്ങൾക്കു
പോലും പെട്ടെന്നു പ്രതികരിക്കുന്ന
തീവ്രമനോനിലയുള്ളയാളുമായി
രുന്നു. കിടക്കയിൽ അലസനായി
ദിവസത്തിന്റെ ഏറിയപങ്കും കഴി
ച്ചുകൂട്ടുവാൻ ഇഷ്ടപ്പെട്ട അദ്ദേഹം
തന്റെ ഏറ്റവും വലിയ ഗണിതസം
ഭാവനയായ നിർദേശാങ്കജ്യാമിതി
കണ്ടെത്തിയത് കിടക്കയിൽ കിട
ന്നുള്ള ചിന്തകളിലൊരിക്കലായിരു
ന്നു എന്നത് ആശ്ചര്യകരംതന്നെ.

1637 ലെ തന്റെ വിശ്രുതമായ
പ്രബന്ധപ്രസിദ്ധീകരണത്തിനു
ശേഷം ഏതാണ്ട് 41 ആമത്തെ
വയസ്സിൽ ഒരു മനുഷ്യായുസ്സിൽ
പഠിച്ചുതീർക്കാനുള്ള ഗണിതം
മുഴുവൻ താൻ സ്വായത്തമാക്കിയെ
ന്നവകാശപ്പെട്ട് ദെയ് കാർതെ
ഗണിതപഠനം അവസാനിപ്പിച്ച്
തത്ത്വചിന്തയിലേക്കും യുക്തിചി
ന്തയിലേക്കും ശ്രദ്ധപതിപ്പിച്ചു.
1649 ൽ ദെക്കാർത്തയെപ്പറ്റി
അറിഞ്ഞ സ്വീഡനിലെ ക്രിസ്റ്റീന
രാജകുമാരി അദ്ദേഹത്തെ തന്റെ
ഫിലോസഫി അദ്ധ്യാപകനായി
നിയമിച്ചു. പ്രഭാതവേളകളിലെ
പഠനങ്ങളിൽ നിർബന്ധബുദ്ധിക്കാ
രിയായിരുന്ന രാജകുമാരി, ദെയ്
കാർത്തയെ അദ്ദേഹത്തിന്റെ വർ
ഷങ്ങൾ നീണ്ട 'താമസിച്ച് കിടക്ക
വിട്ടെഴുന്നേൽക്കുക എന്ന ശീലം
അവസാനിപ്പിക്കാൻ കാരണക്കാ
രിയായി. അതിനെത്തുടർന്ന് തനി
ക്കു പൊരുത്തപ്പെടാൻ കഴിയാത്ത
പ്രഭാതത്തിലെ തണുത്ത കാലാവ
സ്ഥയിൽ, കൊട്ടാരത്തിലേക്കു നട
ന്നുപോകാൻ നിർബന്ധിതനായ
ദെക്കാർത്തേ അധികം താമസിയാ
തെ ന്യുമോണിയാ ബാധിതനായി.
അതിൽനിന്നു മോചനം നേടാൻ
കഴിയാതിരുന്ന ദെയ് കാർത്തെ
1650 ഫെബ്രുവരി മാസം 11 ന്
അന്തരിച്ചു.

ജീവിതം മുഴുവൻ ചിന്തിക്കുക,
ചിന്തകളിൽക്കൂടി പഠിക്കുക, പഠ
നത്തിൽക്കൂടി ചിന്തിക്കുക എന്ന
തായിരുന്നു ദേയ് കാർത്തയുടെ ജീ
വിതമന്ത്രം. 'ചിന്തിക്കുന്നതിനാൽ
ഞാനുണ്ട്' എന്ന അദ്ദേഹത്തിന്റെ
പ്രഖ്യാപനം ശ്രദ്ധേയവുമാണ്.
പുതുമയാർന്ന അത്തരം ചിന്തകളി
ലൊന്നിലാണ് യൂക്ലിഡ് അടിസ്ഥാ
നമിട്ട ജ്യാമിതിയുടെ ശാസ്ത്രീയമായ
വളർച്ചയ്ക്ക് നിർദേശാങ്കങ്ങളുടെ
ഭാഷ ദെയ് കാർത് കണ്ടെത്തിയ
ത്. ദെക്കാർത്തയെത്തുടർന്നുവന്ന
സർ ഐസക് ന്യൂട്ടൻ, ലെബനി
സ് എന്നിവർക്കു കലനഗണിത
ത്തിൽ(Calculus) ആധാരമായതും
നിർദേശാങ്കജ്യാമിതിയാണ്.

തന്റെ ഒരേയൊരു പ്രശസ്തകണ്ടു
പിടിത്തംകൊണ്ട് ഗണിതലോ
കത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ
ആളെന്നനിലയിൽ ദെയ് കാർത്ത
ഗണിതചക്രവാളത്തിൽ ജ്വലിച്ചു
നില്ക്കുമെന്നതിൽ സംശയമില്ല.

References:

1. Steven G. Krantz, An Episodic History of Mathematics, 2006

2. D M Clarke, Descartes: a biography, Cambridge University Press, Cambridge, 2006


3. John Stillwell, Mathematics and Its History, Springer, 2010

4. Roger Cooke, The history of Mathematics Wiley, 2005

# THE PINK BLOOM

## An Emerging brand in Kerala Tourism

**HARI U.**
St. Michael's College, Cherthala



**The Pink Water Lilly Fest**

The red water lily flowers, from its humble beginning as a beautiful backdrop for smart-phone hold-ingfans, instantly became the top billing of the God's Own Country for the season. It is cheerful to note that this pleasant wave has now captured the attention of Haritha Keralam Mission, which is making use of this beautiful pink vista to narrate the success stories of its river restoration programme.And as the wave grows each day and beyond, the State government has now announced plans to make most of this flower bloom- an annual occurrence, by organising a Pink water lily fest along the lines of the Tulip Festival held in Amster-dam. Accordingly, it has identified 15 locations – from Vettikkadu near the Vembanadu Lake to Vakatha-nam on the banks of the Kodoor river, for tourism promotion.

The concept of natural flower festival is not new in Kerala.For Instance, the purplish blue flowers of "Neelakurinji" which blossoms only once in twelve years in the hills of munnar, contributes a lot to the tourist volume of Kerala. If implemented responsibly and integrated successfully with the local community, this venture will offer a win-win situation for the tourists and the local populace, as this plan certainly has the potential to propel the local economy which is predominantly dependent on agriculture and allied activities, by bringing in more money and jobs.

**Malarikkal – A Case Study**

Downtown Kottayam, close to the famed backwater country sides of Central Kerala, the farming and fishing village of Malarikkal is on a roll now. Nestled in the backwater landscape of Kottayam, this village is estimated to have drawn about 70% of the visitors this year's flowering season. Rough estimates by the Malarikkal Tourism Society, a locally-owned tourism enterprise that manages the destination, puts the total footfalls since September 15, 2019- when the buds began turning into flowers, as close to one lakh. For comparison, that's about one fifth of the tourist arrival witnessed by the entire Kottayam district in 2017 (Kerala Tourism statistics 2017).

More than 100 country boats have been stationed at the location here to take the visitors for a ride among



the bloom. The average seasonal income for each boat man over the season is pegged around Rs.12, 500.Considering that the days beginning from the onset of the monsoon to the next farming season mark a lean season for agricultural labourers, the flowering season has indeed offered a section of these workers additional labour days and corresponding income.

According to the officials of Meenchil-Meenanthara-Kodoor River Linking Programme – the agency responsible for promoting Malarikkal Tourism, plans are now afoot to devise a carrying capacity plan in coordination with the Kottayam District Administration to promote sustainable tourism in the village during the flowering season.

**Prospects**

As part of it, the roads leading to the village will be de-congested by opening parking zones while fresh up centres will be opened at select houses in the village. The visitors will be permitted to enter into the fields and pluck these flowers only for a fee, which will be shared with the farmers as an incentive for maintaining the flowers. Additionally, the influx of visitors have also prompted the Tourism society to explore the possibility of water tourism activities.

The advantages of this influx of tourists, however, can be maximized if tourists can be dispersed by boosting less popular attractions and developing new ones. Smarter marketing practices such as, packages for spending more time at the location by establishing home stays or incorporating it with backwater tourism and other responsible tourism initiatives will also change the way the destination is consumed. The presence of home stays and food stalls serving local delicacies at the location will indeed spare the visitors of the burden of taking food materials and thereby avoiding disposal of packaging materials at the scenic sites. The presence of locally-owned business enterprises will also have an influence on the conscious spending choices of the visitors, as it guarantees that a large percentage of money from their purchases makes it directly into the local community It's a scenario where each rupee provide local people with the positive effects – both direct and indirect, of tourism.

**Challenges**

This way, the plan by the state government to 15 more locations is indeed a move in the right direction. But at the same time, managing the visitor behaviour should be an important task at hand of the authorities as the mindless damaging of these flowers by some has raised a few eyebrows. Whether the visitors be permitted to pluck the flowers or not calls for a debate on its own, especially while considering that these water lily plans will have to make way for the paddy seedlings in just a few weeks. However, the image of tourists storming these fields and trampling the pink vista indeed casts a shadow over the tourism potential of this bloom. An effective strategy for managing tourists is using data, which, on the one hand, will improve visitors' experiences while reporting back on them on the other hand. Training to the local community too forms a crucial part as the attitude of the local residents towards visitors will have a bearing on the visitor inflow in the long run.

However, the rush for `selling the pink bloom' also calls for a fair amount of caution from the part of the authorities. For instance, the calls to tap the flower bloom in the Vembanadu back waters should be taken up only after a threadbare analysis of the factors like accessibility and safety. As against the shallow polders, reaching out to these flowers in the deep lake on board country boats pose both logistical and safety challenges to the authorities concerned.


It is for sure that, with adequate consultations, allocations and interventions, we can overcome the challenges and threatswhich we have and the brand `pink bloom' -the pink wave that sweeps across its polder networks after every monsoon-will grow from strength at home and abroad, which will provide yet another flying start for Kerala tourism from next season onward.

# ഓൺലൈൻ സാഹിത്യവിപ്ലവം

**ബിന്ദു എ.സി.**
ബി.എ.എം. കോളേജ്,
തുരുത്തിക്കാട്



സമ്പർക്കമാധ്യമങ്ങളുടെ ഉപയോഗം മനുഷ്യജീവിതത്തെയാകെ മാറ്റിമറിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ മനുഷ്യൻ തന്റെ സർഗാത്മകതയെ പുഷ്ടിപ്പെടുത്തുവാൻ ഈ മാധ്യമത്തെ ഉപയുക്തമാക്കിത്തീർത്തു. സംസ്കാരവും ഭാഷയും സാഹിത്യവും കലയുമെല്ലാം അതാത് കാലഘട്ടത്തിൽ മാറ്റങ്ങളോട് താദാത്മ്യപ്പെടുത്തി വളർത്തിയെടുക്കുവാൻ മലയാളിയുടെ മനസ്സ് ഏതുകാലത്തും ശ്രമിച്ചിട്ടുണ്ട്. ആ മാറ്റമാണ് സാഹിത്യത്തിന്റെ ലോകത്തിലും സംഭവിച്ചത് എന്നുകാണാം. അറുപതുകൾ വരെ കേരളീയമായ ജീവിതാനുഭവങ്ങൾ മാത്രം സ്വന്തമായുണ്ടായിരുന്ന മലയാളിയുടെ ജീവിതാവസ്ഥയിൽ വന്നുചേർന്ന മാറ്റങ്ങൾ അവന്റെ സാഹിത്യത്തിലും പ്രതിഫലിക്കുവാൻ തുടങ്ങി. മലയാള സാഹിത്യത്തിന്റെ പ്രമേയത്തിലും രൂപങ്ങളിലും ഈ മാറ്റം പ്രകടമാവുകയും ചെയ്തു. സൈബർ സ്വാധീനത്തിന്റെ ഫലമായി മലയാളിയുടെ സാഹിത്യബോധത്തിലും വിപ്ലവകരമായ മാറ്റങ്ങൾ രൂപം കൊണ്ടു. മലയാള ഭാഷയിലും മാറ്റത്തിന്റെ ഒരു വിപ്ലവം തന്നെ ഉണ്ടായി. ഇങ്ങനെ ഉത്തരാധുനിക കാലത്തിന്റെ സംസ്കാരം പേറുന്ന ചുവർചിത്രങ്ങളായി മലയാളിയുടെ എഴുത്തുകൾ സൈബർ ലോകത്ത് ഇടംനേടുമ്പോൾ ഓരോ മലയാളി എഴുത്തുകാരനും പ്രസാധനത്തിന്റെ കെട്ടുപാടുകളിൽ നിന്ന് മോചനം നേടുകയാണ്. അച്ചടിക്കു പുറത്തുള്ള പ്രകാശന സാധ്യതകൾ കൃതിയെ നേരിട്ട് ഉപഭോക്താവിലേക്ക് എത്തിക്കുവാനും ഉടനടി അതിനെക്കുറിച്ചുള്ള പ്രതികരണങ്ങൾ അറിയുവാനുമുള്ള സൗകര്യം ഒരുക്കി. 'എഡിറ്റിംഗ്' എന്ന രേഖയെ മുറിച്ചുമാറ്റി അത് ചർച്ചകൾക്കും ആസ്വാദനത്തി




നം വിധേയമാക്കി. എഴുത്ത് സ്വതന്ത്രമാകുന്ന ഒരിടമായി. അങ്ങനെ ഓൺലൈൻ സാഹിത്യം ഇന്ന് ജനശ്രദ്ധ പിടിച്ചുപറ്റുന്നു.

ഇന്റർനെറ്റ് ലോകത്തേക്ക് കുടിയേറിയ മലയാളി തന്റെ വികാരവിചാരങ്ങളെ സർഗാത്മകമായ ആശയവിനിമയത്തിന്റെ നവമാധ്യമത്തിൽ ആവിഷ്കരിക്കാൻ ഇന്റർനെറ്റ് ഭാഷയെ പ്രാപ്തമാക്കി. വിവരസാങ്കേതികവിദ്യയുടെ വളർച്ച മനുഷ്യർ തമ്മിലുള്ള ദേശദൂരങ്ങളെ ഇല്ലാതാക്കിയതിനോടൊപ്പം തന്നെ മലയാളഭാഷയെയും സാഹിത്യത്തെയും അതിൽ കണ്ണിചേർക്കുവാൻ ശ്രമിച്ചതിന്റെ ഫലമായിട്ടുണ്ടായതാണ് മലയാളം യൂണിക്കോഡിന്റെ കണ്ടുപിടുത്തം. ഇതോടുകൂടി 1996ൽ നിരവധി ബ്ലോഗ് രചനകൾ ഉണ്ടാവുകയും ബ്ലോഗ് സാഹിത്യം എന്ന ഒരു നവതരംഗം സാഹിത്യലോകത്ത് ഉദയം കൊള്ളുകയും ചെയ്തു. 'ചിന്ത', 'ഇഷാരം', 'മൂന്നാമിടം', 'ഹരിതകം', 'ഇന്ദുലേഖ.കോം' തുടങ്ങിയ കേരളീയ വെബ്സൈറ്റുകൾ ബ്ലോഗിംഗ് മേഖലയിൽ വൻ കുതിച്ചുചാട്ടം തന്നെ ഉണ്ടാക്കി. ആദ്യകാലത്ത് 16 ബ്ലോഗുകളിൽ തുടങ്ങിയ ബ്ലോഗ് സാഹിത്യത്തിന്റെ വളർച്ച 2004 ആയപ്പോൾ തന്നെ ലക്ഷക്കണക്കിന് ബ്ലോഗുകളിലേക്ക് വ്യാപിച്ചു. ഇന്ന് ബ്ലോഗ് രചനകളെ അവാർഡുകൾ നൽകുന്നതിനു വരെയും പരിഗണിക്കുന്നു. ഇപ്രകാരം മലയാള എഴുത്തിന്റെ തന്നെ ഗതിവിഗതികളെ മാറ്റിമറിക്കാൻ ഇ-സാഹിത്യത്തിനായി എന്നതിൽ സംശയമില്ല.


സാഹിത്യസൃഷ്ടികളുടെ പ്രധാന ഇടമാണ് ഇന്ന് ബ്ലോഗുകൾ. വർത്തമാനകാല മലയാളിയുടെ സാഹിത്യജീവിതത്തിൽ ബ്ലോഗുകൾ ചെലുത്തുന്ന സ്വാധീനം ചില്ലറയല്ല. കവിത, കഥ, നോവൽ, ആത്മകഥ, ഉപന്യാസം, യാത്രാവിവരണം എന്നുവേണ്ട സാഹിത്യത്തിന്റെ എല്ലാ മേഖലകളും ഇന്ന് ബ്ലോഗ്‌ലോകത്ത് സാന്നിദ്ധ്യമുറപ്പിച്ചുകഴിഞ്ഞു. പ്രതികരിക്കുന്ന മലയാളിയുടെ പ്രതികരണങ്ങളും ഇന്ന് ബ്ലോഗുലോകത്ത് വിവാദങ്ങൾ വരെ ഉണ്ടാക്കിയിട്ടുണ്ട്. സ്വന്തം മുറിയിൽ ഇരുന്ന് നിമിഷനേരം കൊണ്ട് ടൈപ്പ് ചെയ്ത് വായനക്കാരനിലേക്ക് നേരിട്ട് എത്തിക്കുവാൻ സാധിക്കും എന്നതുകൊണ്ട് തന്നെ ഇ-എഴുത്ത് വളരെ പേരെ എഴുത്തിന്റെ സ്വാധീനത്തിലേക്ക് ഇന്ന് ആകർഷിക്കുന്നുണ്ട്. ഒരു മാസികയിലേക്ക് കഥയും കവിതയും അയച്ചുകൊടുത്ത് അത് പ്രസിദ്ധീകരിക്കാതെ തിരിച്ചയക്കും. കവിതകൾക്ക് മീതെ ഇരുന്ന് വീണ്ടും വീണ്ടും എഴുതി ഒരെണ്ണമെങ്കിലും പ്രസിദ്ധീകരിക്കാൻ തത്രപ്പെട്ട് ശ്രമിച്ചിരുന്ന മലയാളിയുടെ മുന്നിലേക്കാണ് സൈബർ സാഹിത്യം അതിന്റെ എല്ലാ സ്വാതന്ത്ര്യങ്ങളും പ്രയോജനപ്പെടുത്തുവാനുള്ള അവസരം ഒരുക്കിക്കൊടുത്തത്. ബ്ലോഗുകളിൽ ഒതുങ്ങാതെ എഴുത്ത് ഇന്ന് മറ്റ് സാമൂഹ്യസമ്പർക്ക മാധ്യമങ്ങളിലേക്കും വ്യാപിച്ച് വിശാലമായ ഒരു ഇടം തന്നെ സാഹിത്യത്തിന് ഒരുക്കിക്കൊടുത്തു. ട്വിറ്റർ, ഫേസ്ബുക്ക്, ഓർക്കുട്ട്, യൂട്യൂബ് തുടങ്ങിയ വെബ്സൈറ്റുകൾ ഇന്ന് എഴുത്തിന്റെ സജീവ തട്ടകങ്ങളാണ്.


സൈബർ എഴുത്തിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്നത് കവിതകളാണ്. കവിതയുടെ രൂപഘടനയിലും ഭാഷയിലും വിഷയസ്വീകരണത്തിലുമെല്ലാം മാറ്റം വരുത്തിക്കൊണ്ടാണ് ഇ-എഴുത്ത് കടന്നുവന്നത്. കവിതയ്ക്ക് സഹജമെന്നു കരുതിയിരുന്ന രൂപപരമായ കെട്ടുപാടുകൾ പൊട്ടിച്ചെറിഞ്ഞുകൊണ്ട് കാവ്യഭാഷയെയും വ്യവ

ഹാരഭാഷയെയും കൂട്ടിയിണക്കിക്കൊണ്ടുള്ള ഒരു പുതിയ ആസ്വാദനതലമാണ് ഇത് വായനക്കാർക്ക് സമ്മാനിച്ചത്. അനുഭവങ്ങളുടെ അടയാളപ്പെടുത്തലുകളായി ശില്പസാങ്കേതികതയുടെ കെട്ടുപാടുകൾ തകർത്ത് ചെറുകവിതകളായും കുറുങ്കവിതകളായും അത് വായനക്കാർക്ക് മുമ്പിൽ പ്രത്യക്ഷപ്പെടുന്ന കാഴ്ചയാണ് ഇന്ന് നാം കണ്ടുകൊണ്ടിരിക്കുന്നത്. ഇതുകൂടാതെ കമ്പ്യൂട്ടർ നെറ്റ് വർക്ക് സാധ്യതകളെ പൂർണ്ണമായി ഉപയോഗപ്പെടുത്തി ഡിജിറ്റൽ സാധ്യതകൾ ഉപയോഗിച്ച് വർണ്ണങ്ങളും ചിത്രങ്ങളും വീഡിയോകളും കരുങ്ങിയ വിശാലമായ ഭൂമികയിലാണ് ഇവ രൂപം കൊള്ളുന്നത് എന്നതും സൈബർ സാഹിത്യരംഗത്ത് എഴുത്തിന്റെ മേന്മ വർദ്ധിപ്പിക്കുന്നു. "ഇന്റർനെറ്റ് എന്ന നവമാധ്യമമാണ് കവിതയ്ക്ക് ചങ്ങലയില്ലാത്ത സ്വാതന്ത്ര്യം നേടിക്കൊടുത്ത ഇടം. തിരയെഴുത്തിൽ ശ്രദ്ധേയരായതിനുശേഷം അച്ചടിമാധ്യമങ്ങളിലേക്ക് പ്രവേശിച്ചവരും അച്ചടി പ്രസിദ്ധീകരണങ്ങളുടെ നിരന്തരമായ അവഗണനയെ മറികടക്കാൻ തിരയെഴുത്തിലേക്ക് പ്രവേശിച്ചവരുമായ നിരവധി പുതുനിരക്കവികളെക്കൊണ്ട് സമൃദ്ധമാണ് മലയാളത്തിന്റെ ഈ ലോകം' എന്ന് മലയാളത്തിലെ ഓൺലൈൻ എഴുത്തിനെക്കുറിച്ചുള്ള പി.പി. രാമചന്ദ്രന്റെ നിരീക്ഷണം വളരെ ശ്രദ്ധേയമാണ് എന്ന് കാണാം.

സാഹിത്യസൃഷ്ടികൾ പ്രകാശിപ്പിക്കാൻ മലയാളികൾക്ക് ഒരു പുതിയ ഇടം നൽകിക്കൊണ്ട് സൈബർ സാഹിത്യം ഇന്ന് പുതിയ ഭാവുകത്വത്തിന്റെ വഴിയിലൂടെ സഞ്ചരിക്കുകയാണ്. ഇതിലൂടെ ഭാഷയ്ക്കും ലിപി വ്യവസ്ഥയ്ക്കു തന്നെയും മാറ്റം വന്നുകഴിഞ്ഞു. പുസ്തകം കൈയ്യിൽ പിടിച്ച് വായനയുടെ ലോകത്ത് കടിയിരുന്ന മലയാളിയുടെ ചെറിയ വായന ഇന്ന് വിശാലമായ വായനയുടെ അന്തരീക്ഷത്തിലേക്ക് വഴിമാറി. ഇവിടെയാണ് നമ്മൾ ഒരു ചോദ്യത്തിനുള്ള ഉത്തരം തേടേണ്ടത്. ഓരോ മലയാളിയുടെയും ചിന്തകളെയും അവന്റെ സ്വത്വത്തെ തന്നെയും മാറ്റിമറിക്കുവാൻ തക്കകെല്പുള്ള സൈബർ ശൃംഖലയുടെ വിശാലമായ ഇടത്തിൽ ഇന്നത്തെ മലയാളിയുടെ ജീവിതം ഭദ്രമാണോ? പുതിയ ഭാവുകത്വപരിണാമമെന്ന് നമ്മൾ വിശേഷിപ്പിക്കുന്ന സൈബർ സാഹിത്യം വായനക്കാരന്റെ ബോധമണ്ഡലത്തിൽ ചെലുത്തുന്ന സ്വാധീനം എന്താണ്?

സാഹിത്യകൃതികളുടെ കണക്കെടുത്തുനോക്കിയാൽ അച്ചടിയിലൂടെ രൂപംകൊള്ളുന്ന, പ്രസാധകനിലൂടെ, എഡിറ്ററുടെ കരസ്പർശത്തിലൂടെ വായനക്കാരനിലേക്ക് എത്തിച്ചേരുന്ന കൃതികൾ മിക്കവാറും തന്നെ ഗുണനിലവാരമുള്ളതാണ് എന്ന കാര്യത്തിൽ തർക്കമില്ല. ഗുണനിലവാരമുള്ള കൃതികൾ ബ്ലോഗ്സാഹിത്യത്തിൽ ഇല്ലാതില്ല. എങ്കിലും അതിന്റെ എണ്ണം വളരെ കുറവാണ്. ബ്ലോഗുകളിലും സമ്പർക്ക മാധ്യമങ്ങളിലും പ്രത്യക്ഷപ്പെടുന്ന സാഹിത്യകൃതിക്കെല്ലാം വൈകാരികതയുടെ അടിയൊഴുക്കുള്ള ഒരു വിശേഷപ്പെട്ട വൈയക്തികത നമുക്ക് കാണാൻ സാധിക്കും. ഈ വൈയക്തികതയെ വർത്തമാനകാല ജീവിതപരിസരവുമായി തുലനം ചെയ്യുമ്പോൾ അവ സാമൂഹികതയായി പരിണമിക്കുകയും ചെയ്യുന്നു. സാഹിത്യപ്രകാശന





ത്തിനുള്ള ഇടം എന്ന നിലയിൽ ഓരോ മലയാളിയും സൈബർ സാധ്യതകൾ തങ്ങൾക്കുതകുന്ന രീതിയിൽ പ്രയോജനപ്പെടുത്തുമ്പോൾ വായനക്കാരന്റെ ആസ്വാദനതലത്തെ ഇത് പ്രതികൂലമായി ബാധിക്കാറുണ്ട് എന്ന സത്യത്തെ ഇവിടെ വിസ്മരിക്കുവാൻ പറ്റില്ല.

വർത്തമാനകാല ലോകത്തിന്റെ അപഭ്രംശങ്ങൾക്കെതിരെ പ്രതിഷേധിക്കാനുള്ള മാർഗം എന്ന നിലയിൽ സൈബർ സാഹിത്യത്തെ ഉപയോഗിക്കുമ്പോൾ പ്രതികരിക്കുന്ന മനുഷ്യന്റെ വികാരങ്ങൾ തീവ്രമാകുകയും അത് ഭാഷയെ വികാരങ്ങൾക്ക് കീഴ്പ്പെടുത്തുകയും ചെയ്യുന്നു. പ്രവാസി മലയാളികൾക്കു തങ്ങളുടെ സ്വത്വബോധത്തെ പ്രകടിപ്പിക്കുവാനുള്ള അവസരമാണ് ഇ-എഴുത്തിലൂടെ സാധ്യമാകുന്നത്. അവരുടെ ഗൃഹാതുരതയും ഉത്കണ്ഠയും മലയാളദേശത്തോടും ഭാഷയോടുമുള്ള അവന്റെ അഭിനിവേശവും സാഹിത്യരചനകളായി ബ്ലോഗുകളിൽ ഇടംപിടിക്കുന്നു. ഇങ്ങനെ തങ്ങളുടെ പ്രാദേശികതയെ അടയാളപ്പെടുത്തുന്നതിനായി മലയാളി ശ്രമിക്കുമ്പോൾ ഗ്രാമീണതയുടെ നേർക്കാഴ്ചകൾ ആഗോളസമൂഹത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുകയാണ് ചെയ്യുന്നത്.

മലയാളഭാഷാപദങ്ങളുടെ ഒഴുക്കാണ് സൈബർ സാഹിത്യകൃതികളെ വിശിഷ്ടഗുണങ്ങളുടെ ഗണത്തിൽപെടുത്തിയിരുന്നത് എങ്കിൽ ഇന്ന് സൈബർ സാഹിത്യത്തിൽ കാണപ്പെടുന്ന ഇംഗ്ലീഷ് ഭാഷയുടെ അധിനിവേശത്തെ മലയാളികൾ എങ്ങനെയാണ് കാണുന്നത് എന്നൊരു ചോദ്യം ഉയർന്നുവരുന്നു. വിവരസാങ്കേതികവിദ്യയുടെ വളർച്ചയോടൊപ്പ് മംഗ്ലീഷ് സംസ്കാരവും വ്യാപകമായി എന്നുതന്നെ പറയാം. ഈ മംഗ്ലീഷ് ഭാഷയുടെ തേർവാഴ്ചയാണ് ഇന്ന് സൈബർ ലോകത്ത് ആകമാനം കണ്ടുവരുന്നതും. ഇതുമൂലം വളർന്നുവരുന്ന തലമുറക്ക് ഭാഷ നഷ്ടമാകുന്നു. മാതൃഭാഷയറിയാത്ത മലയാളികളായി അവർ അധഃപതിക്കുന്നു. മലയാളി മലയാളത്തെ മറക്കുമ്പോൾ അവന്റെ സ്വത്വനഷ്ടമാണ് ഉണ്ടാകുന്നത് എന്ന തിരിച്ചറിവ് ഉണ്ടായേ മതിയാവൂ. ഇതുപോലെ തന്നെ വാമൊഴി പ്രയോഗങ്ങളുടെ ശൈലികൾ സാഹിത്യത്തിലേക്ക് കൊണ്ടുവരാനുള്ള ശ്രമങ്ങളും നവമാധ്യമങ്ങൾ ഇന്ന് നടത്തുന്നതായി കാണാം. കഥകളുടെയും കവിതകളുടെയും തലക്കെട്ടുകൾ വരെ ഇന്ന് വ്യവഹാരലോകത്തിന്റെ ഭാഷയിൽ എഴുതുമ്പോൾ സാഹിത്യത്തിന്റെ പരമ്പരാഗത രീതികളാണ് തിരസ്കരിക്കപ്പെടുന്നത്.


സൈബറിടത്തിന്റെ ഉദയം മലയാളിസമൂഹത്തിൽ നവസമൂഹസൃഷ്ടിക്ക് കാരണമായി എന്നു തന്നെ പറയാം. ലോകത്തെവിടെയുമുള്ള മലയാളിയുടെ മനസ്സിനെ കേരളീയതയുടെ മഹത്തായ അതിരുകളിലേക്ക് ചേർത്തു നിർത്തുവാൻ ഇതുമൂലം കഴിയുന്നു എന്നത് ഇ-എഴുത്തിന്റെ നേട്ടമാണ്. ഇ-ബുക്ക്, ഇ-മാഗസിൻ എന്നിവ ഇന്ന് വായനയുടെ ഒരു ലോകം നമുക്ക് തുറന്നുതന്നിട്ടുമുണ്ട്. സെൽഫ് പബ്ലിഷിങ്ങിനും ഇതിലൂടെ അവസരമുണ്ട്. മലയാള പുസ്തകങ്ങൾക്കായുള്ള ഓൺലൈൻ സ്റ്റോർ പോലുള്ളവ പുസ്തകങ്ങൾ ഓർഡർ ചെയ്യാനുള്ള ലളിതമായ മാർഗം തുറന്നുതരുന്നു. ഇന്ന് ഓൺലൈൻ സാഹിത്യം മലയാളിയുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായി മാറുകയും ആശയവിനിമയത്തിന്റെയും വായനയുടെയും ഒരു വിശാലലോകത്തെ സൃഷ്ടിക്കുകയും ചെയ്യുന്നു. അനുഭവിച്ചറിയാൻ അനന്തസാധ്യതകളെ ഒരുക്കി വായനക്കാരനെ കാത്തിരിക്കുന്ന സൈബർ സാഹിത്യം ജനമനസ്സിൽ സൃഷ്ടിക്കുന്നത് ഒരു പുതുവിപ്ലവഭാഷാസംസ്കാരമാണ് എന്ന കാര്യത്തിൽ സംശയമില്ല.

# ചരിത്രം എഴുതപ്പെടുകയല്ല, ജനങ്ങൾ സൃഷ്ടിക്കുകയാണ്

**ഉണ്ണികൃഷ്ണൻ കളമുള്ളതിൽ**
എസ്.വി.എൻ.എസ്.എസ്.
വടക്കാഞ്ചേരി



സൂയസ് കനാലിന്റെ വടക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്നതും ഈജിപ്തിലെ സുപ്രധാന തുറമുഖ നഗരവുമായ പോർട്ട് സയ്യിദ് പട്ടണത്തിലൂടെ ഒരു ആറു വയസ്സുകാരൻ അച്ഛനമ്മമാരുടെ കൈയും പിടിച്ച് നടന്നു പോകുമ്പോൾ അവനെ അലോസരപ്പെടുത്തിയ ഒരു കാഴ്ച കണ്ടു. മാലിന്യക്കൂമ്പാരത്തിൽ നിന്നും ഒരു കുട്ടി എന്തോ വാരിയെടുത്ത് കഴിക്കുന്നു.എന്തുകൊണ്ടാണ് ആ കുട്ടി അങ്ങിനെ ചെയ്യുന്നതെന്ന ചോദ്യത്തിനുത്തരമായി അവന്റെ അമ്മ പറഞ്ഞു: 'നമ്മുടെ സമൂഹം മോശമാണ്, അതു കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന്'. എങ്കിൽ ആ സമൂഹത്തെ താൻ മാറ്റുമെന്നായിരുന്നു ആ ആറുവയസ്സുകാരന്റെ മറുപടി. ഇരുപതാം നൂറ്റാണ്ടിൽ മാർക്സിയൻ ചിന്തയ്ക്ക് തെളിച്ചം നല്കുന്നതിൽ അനന്യമായ സംഭാവനകൾ നല്കിയ സമീർ അമീൻ ആയിരുന്നു ആ ആറു വയസ്സുകാരൻ. അമീന്റെ അച്ഛൻ ഈജിപ്തുകാരനും അമ്മ ഫ്രഞ്ചുകാരിയുമായിരുന്നു. ഈജിപ്തിലും ഫ്രാൻസിലുമായാണ് അമീൻ വിദ്യാഭ്യാസം പൂർത്തീകരിച്ചതും.





സാമ്പത്തിക വിദഗ്ധനായി ഔദ്യോഗിക ജീവിതം ആരംഭിച്ച സമീർ അമീൻ തന്റെ ജീവിതകാലത്തിലുടനീളം മാർക്സിയൻ സിദ്ധാന്തങ്ങളുടെയും പ്രയോഗങ്ങളുടെയും ശക്തനായ വക്താവായിരുന്നു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ലോക സാഹചര്യങ്ങളുടെ സമൂർത്തമായ വിശകലനം നടത്തുന്ന, സമീർ അമീന്റെ പ്രബന്ധങ്ങളുടെ സമാഹാരമാണ്, ലെഫ്റ്റ് വേഡ് ബുക്ക്സ് പ്രസിദ്ധീകരിച്ച 'ജനങ്ങൾ മാത്രമാണ് അവരുടെ ചരിത്രം സൃഷ്ടിക്കുന്നത് ' (ഓൺലി പീപ്പ്ൾ മെയ്ക്ക് ദെയ്ർ ഓൺ ഹിസ്റ്ററി'.) എന്ന ഗ്രന്ഥം. 2000-2018 കാലഘട്ടത്തിൽ എഴുതിയ പ്രബന്ധങ്ങളാണ് ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.ഐജാസ് അഹമ്മദ് എഴുതിയ ആമുഖം അടക്കം പന്ത്രണ്ട് പ്രബന്ധങ്ങളാണ് പുസ്തകത്തിൽ ഉള്ളത്. മൂലധനാധിപത്യം, ലോക സമ്പദ് വ്യവസ്ഥ, നവഫാസിസം തുടങ്ങി രാഷ്ട്രീയ ഇസ്ലാമും ഇരുപതാം നൂറ്റാണ്ടിലെ ചൈനയടക്കമുള്ള വ്യത്യസ്ഥമായ വിഷയങ്ങളെ മാർക്സിയൻ കാഴ്ചപ്പാടിൽ വിശദീകരിക്കാനുള്ള പരിശ്രമമാണ് ഈ ഗ്രന്ഥത്തിലൂടെ അമീൻ നടത്തുന്നത്. രണ്ടാം ലോകമഹായുദ്ധാനന്തരം ലോകത്തിന്റെ വിവിധ കോണുകളിലായി പ്രത്യക്ഷപ്പെട്ട മാർക്സിയൻ ചിന്തയുടെ പുനർവായനകളുടെയും ഗഹനമായ ചിന്തകളുടെയും ഏറ്റവും ശക്തമായ ചങ്ങലക്കണ്ണികളിലൊന്നായി സമീർ അമീൻ മാറുന്നതെങ്ങിനെയെന്ന് വായനക്കാരെ ബോധ്യപ്പെടുത്താൻ ഈ ഗ്രന്ഥം ഏറെ സഹായകരമാകുന്നു.

ഇരുപതാം നൂറ്റാണ്ടിൽ, വിശിഷ്യാ രണ്ടാം ലോക മഹായുദ്ധാനന്തരം ദ്രുഢമൂലമായിത്തീർന്ന മുതലാളിത്തോല്പാദനത്തിന്റെ പുതിയ രീതികളുടെ വെളിച്ചത്തിൽ മാർക്സിയൻ രചനകളെ സത്വരമായും സർഗ്ഗാത്മകമായും അന്വേഷിക്കുന്നവയാണ് സമീർ അമീന്റെ രചനകളെന്ന് പുസ്തകത്തിന്റെ ആമുഖത്തിൽ ഐജാസ് അഹമ്മദ് നിരീക്ഷിക്കുന്നു. മുതലാളിത്തവും സാമ്രാജ്യത്വവും തിരിച്ചറിയാൻ കഴിയാത്ത വിധം ഒന്നു ചേരുന്നതും പരസ്പര പൂരകമായി പ്രവർത്തിക്കുന്നതുമാണ് ഇരുപതാം നൂറ്റാണ്ടിന്റെ സവിശേഷതയായി അമീൻ നിരീക്ഷിക്കുന്നത്. പാർശ്വവൽകൃത രാജ്യങ്ങളുടെ സാഹചര്യങ്ങളെ വിശദീകരിയ്ക്കാൻ കഴിയും വിധം മാർക്സിയൻ ആശയങ്ങളെ സമകാലികമായി ആവിഷ്കരിക്കുകയും സാംസ്കാരിക വിശകലനത്തിനു പൂരകമാകുന്ന തരത്തിൽ നിശിതമായ രാഷ്ട്രീയ- സാമ്പത്തിക വിമർശവും നടത്തുന്നു എന്നതാണ് അമീന്റെ രചനകളെ മറ്റു മാർക്സിയൻ ചിന്തകരിൽ നിന്നും വേറിട്ടു നിർത്തുന്നത്.

2000 മുതൽ 2018 വരെയുള്ള കാലയളവിൽ എഴുതപ്പെട്ട പ്രബന്ധങ്ങൾ അവ പ്രസിദ്ധീകരിച്ച കാലക്രമത്തിൽത്തന്നെയാണ് പുസ്തകത്തിൽ നല്കിയിരിക്കുന്നത്. 'മന്ത്‌ലി റിവ്യൂ മാഗസി'നിൽ പലപ്പോഴായി പ്രസിദ്ധീകരിക്കപ്പെട്ടവയാണ് ഭൂരിഭാഗം രചനകളും.

ഇരുപതാം നൂറ്റാണ്ടിലെ രാഷ്ട്രീയാനുഭവങ്ങളിൽ നിന്നും ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെത്തുമ്പോൾ ഉൾക്കൊള്ളേണ്ട പാഠങ്ങൾ സംബന്ധിച്ചും രാഷ്ട്രീയ പ്രയോഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുമുള്ളതാണ് 2000ൽ എഴുതപ്പെട്ട ഒന്നാമത്തെ പ്രബന്ധം. രണ്ടാമത്തെ പ്രബന്ധം ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ മുതലാളിത്തത്തിന്റെ സാമ്പത്തിക പ്രകൃതം, ദാരിദ്ര്യം, മൂലധനത്തിന്റെ കമിഞ്ഞുകൂടൽ എന്നിവയെക്കുറിച്ചും മൂന്നാമത്തേത് രാഷ്ട്രീയ ഇസ്ലാമിനെക്കുറിച്ചുമാണ്. യൂറോ-അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരായ പോരാട്ടമെന്ന് സ്വയം വിശേഷിപ്പിക്കുമ്പോഴും രാഷ്ട്രീയ-സാമ്പത്തിക തലത്തിൽ രാഷ്ട്രീയ ഇസ്ലാം എങ്ങിനെയാണ് അമേരിക്കൻ സാമ്രാജ്യത്വവുമായി ഐക്യപ്പെടുന്നതെന്ന് അമീൻ നിരീക്ഷിയ്ക്കുന്നു. മുതലാളിത്തത്തിന്റെ



അറുനൂറ് വർഷത്തെ ചരിത്രത്തിനുള്ളിൽ നിന്നു കൊണ്ട് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ നവമുതലാളിത്തത്തെ രാഷ്ട്രീയമായും ചരിത്രപരവുമായി വിശദീകരിക്കാനുള്ള ശ്രമമാണ് നാലാമത്തെ പ്രബന്ധം. ചൈനയെക്കുറിച്ചുള്ള, അഞ്ചാമത്തെ പ്രബന്ധം, അമീന്റെ ചൈനീസ് കമ്യൂണിസത്തിനോടുള്ള സവിശേഷ പ്രതിപത്തി ഒരിക്കൽ കൂടി അടിവരയിടുന്നു. നവമുതലാളിത്തത്തിനും പുത്തൻ സാമ്രാജ്യത്തിനുമെതിരായി ലോകത്തു വളർന്നു വരേണ്ട പ്രതിരോധത്തിലെ നിർണ്ണായക സ്ഥാനമായാണ് അമീൻ ചൈനയെ അടയാളപ്പെടുത്തുന്നത്.

ആറാമത്തെ പ്രബന്ധം ഫാസിസത്തെക്കുറിച്ചും അതിന്റെ വ്യത്യസ്ത വകഭേദങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നു. മുതലാളിത്ത പ്രതിസന്ധിയുടെ സവിശേഷ ഘട്ടങ്ങൾ എങ്ങനെയാണ് ഫാസിസത്തിനു ജന്മം നല്കുന്നതെന്നും പാശ്ചാത്യ വലതുപക്ഷമടക്കമുള്ള യാഥാസ്ഥിതിക ശക്തികൾ ഫാസിസത്തിന്റെ അച്ചുതണ്ടായി പ്രവർത്തിക്കുന്നതെന്നുമാണ് ഈ പ്രബന്ധം മുഖ്യമായും ഊന്നൽ നല്കുന്നത്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ സാമ്രാജ്യത്തെക്കുറിച്ചുള്ള ഏഴാമത്തെ പ്രബന്ധം, മുതലാളിത്തത്തിന്റെ പരിണാമത്തിന്റെ ഫലമായാണ് സാമ്രാജ്യത്വത്തിന്റെ പരിണാമവും വകഭേദങ്ങളും രൂപപ്പെടുന്നതെന്ന ആശയമാണ് ചർച്ചാവിഷയമാക്കുന്നത്. മാർക്സിന്റെ 'മൂലധന'ത്തിന്റെ ചരിത്രപരമായ വായനയും അടിസ്ഥാന ഗ്രന്ഥങ്ങളിൽ മാത്രമായി ചുറ്റിത്തിരിയാതെ സമൂർത്തമായ ചരിത്ര വിശകലനത്തിലൂടെ മുന്നോട്ട് സഞ്ചരിക്കേണ്ട ആവശ്യകതയെയും കുറിച്ചുള്ള ആശയങ്ങളാണ് എട്ടാമത്തെ പ്രബന്ധത്തിന്റെ ഉള്ളടക്കം.പോൾ ബാരൻ, പോൾ സ്വീസി, ഹാരി മഗ്ഡോഫ് തുടങ്ങിയവരുടെ ആശയങ്ങൾ തന്റെ 'മൂലധന' വായനയെ എങ്ങിനെയാണ് സ്വാധീനിച്ചതെന്നും അമീൻ വ്യക്തമാക്കുന്നു. 'സാമാന്യവല്ക്കരിക്കപ്പെട്ട കുത്തക മുതലാളിത്തം ' എന്ന മുതലാളിത്തത്തിന്റെ പുതിയ ഘട്ടവും അതിന്റെ സവിശേഷതകളും കൂടി ഈ പ്രബന്ധത്തിൽ ചർച്ച ചെയ്യുന്നു.

യൂറോപ്പ്‌കേന്ദ്രീകൃതമായ, ഭൂഗോളത്തിന്റെ വടക്കൻ ദേശങ്ങളെക്കുറിച്ചും തൊഴിലാളി വർഗ്ഗത്തിന്റെയും വിപ്ലവത്തിന്റെയും രൂപപ്പെടലുകളെ സംബന്ധിച്ചുമുള്ള ആശയങ്ങളാണ് ഒമ്പതാമത്തെ പ്രബന്ധത്തിലുള്ളത്. യൂറോപ്പിനെക്കുറിച്ചുള്ള പരമ്പരാഗത കാഴ്ചപ്പാടുകളിൽ നിന്നുമുള്ള ഒരു വിച്ഛേദം കൂടിയാണ് ഈ പ്രബന്ധം. സമീർ അമീന്റെ രചനകളിലൊന്നായ 'വർഗ്ഗവും രാഷ്ട്രവും' (Class and Nation 1980) എന്ന ഗ്രന്ഥത്തിലെ അവസാന അധ്യായത്തിന്റെ പുനരാവിഷ്കാരമാണ് പത്താമത്തെ പ്രബന്ധം. വർത്തമാന കാലത്തെയും റോമൻ സാമ്രാജ്യത്വത്തിന്റെ പതനത്തെയും താരതമ്യം ചെയ്തുകൊണ്ട് പ്രയോഗത്തിലൂന്നിയ വിപ്ലവ പ്രവർത്തനമെന്ന ആശയത്തെ വിശദീകരിക്കാനാണ് അമീൻ ശ്രമിക്കുന്നത്. കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ പ്രസിദ്ധീകരിച്ചതിന്റെ നൂറ്റിയെഴുപതാമത്തെ വാർഷികത്തിൽ രചിച്ച പ്രബന്ധമാണ് പുസ്തകത്തിൽ അവസാനമായി ചേർത്തിരിക്കുന്നത്. സമീർ അമീന്റെ ബൗദ്ധിക വ്യവഹാരത്തിന്റെ പരിധിയിലുൾപ്പെട്ട എല്ലാ വിഷയങ്ങളെയും സമഗ്രമായി പ്രതിനിധാനം ചെയ്യുന്ന പ്രബന്ധങ്ങൾ ഉൾപ്പെട്ടിരിക്കുന്നുവെന്നതാണ് ഈ സമാഹാരത്തെ ഏറെ ആകർഷകമാക്കുന്നത്. സാമ്രാജ്യത്വ കൂട്ടായ്മ, ദേശീയ ഐക്യ സംഖ്യം, രാഷ്ട്രീയ സംഘടനയെ പകരം വെയ്ക്കാൻ ശ്രമിക്കുന്ന നവ സാമൂഹ്യ പ്രസ്ഥാനങ്ങൾ എന്നിവയെ സംബന്ധിച്ച് അമീന്റെ ആശയങ്ങളിലെ അവ്യക്തതയും മുൻനിലപാടുകളിലെ വൈരുദ്ധ്യങ്ങളെക്കുറിച്ചും ഐജാസ് അഹമദ് ആമുഖത്തിൽ സൂചിപ്പിക്കുന്നുണ്ട്.

ഇരുപത് - ഇരുപത്തൊന്ന് നൂറ്റാണ്ടുകളിലെ മാർക്സിയൻ ആശയലോകത്തെ നവീകരിച്ച ചിന്തകളിലേക്കാണ് സമീർ അമീൻ തന്റെ വാക്കുകളിലൂടെ, വായനക്കാരെ, നയിക്കുന്നത്.




ദിക്കുകൾ നാലിലുമുദിക്കുന്ന ഞാൻ,
നിരാകാരബീജമായ്,
നിലനിന്ന ചീർത്തുടൽവിങ്ങിവിങ്ങി  ഉറവ പൊട്ടുന്ന
കടൽ തെറുത്തടുക്കിയ തിരകൾ,
ഞാനീ മണ്ണ് വിയർത്തുനേർത്ത ഒരറിവും.


പേറ്റുനോവിന്റെ അവസാന ബാഷ്പമോർത്തുകറിച്ച രൂപം നിന്റേത് -
ഞാനൊന്നഭിനയിക്കട്ടെ,
നിന്റെ മകനായി,
നിന്നെ
കാലത്തിൽ കോർത്തിടുന്ന
നവനവ ബോധമായ്!

നിന്റെ കണ്ണിൽ ചന്ദ്രൻ ഉളുമ്പുന്നു
എന്നിൽ കടൽകൊള്ളും മിടിപ്പുകൾ
നിന്നെ
വീണ്ടും വരയ്ക്കുന്നു...

നിന്നിലേയ്ക്കുങ്ങുപകർന്നു പോം മുന്നേ
തൊട്ടടർത്തട്ടെ
നിൻ ചിത്രത്തിൽ നി, ന്നെന്നാടൽ

ഉദയത്തിൻ കണ്ണാടിയിൽ
അസ്തമയം
നേരം പോക്കിനായി
ഒരു പകൽരചനയും

**ഡോ. സഞ്ജയൻ പി.**
എസ്.ഡി. കോളേജ്, ആലപ്പുഴ



# CALICUT UNIVERSITY CENTRAL CO-OPERATIVE STORES

LTD. No.4347

## (BOOK SELLERS & PUBLISHERS)

Calicut University PO - 673635, Kerala
Ph: HO 8304031412 & 0494 2400012

Sole Distributors of Calicut and Kannur University Publication

•

Publishers of Text Books and Study Aids as per University Syllabus

•

Distributors of All leading Publishers' Books

**Branches:**

Calicut City: 2720075, Kannur Books: 2711623, Kannur Stationery : 2700347, Palakkad: 2528023, University Campus Books: 2400012, University Campus Stationery: 2400012, Malappuram: 2733134, Thrissur: 2321812, Vadagara: 2522012, Kalpetta: 6207755, Calicut Stadium: 2720458, Perinthalmanna: 9495129462, Koratty: 7736707668 and St. Joseph's College, Devagiri

**Dr. Jojomon NA**
(President)
9446463491

**Smt. Geetha C**
(Secretary)
8304031412

യാത്ര


# പുഴകൾ, മലകൾ, പൂവനങ്ങൾ

## [നാഗാലാന്റിന്റെ തണുത്ത ഹൃദയത്തിലൂടെ]

'ഈ താഴ്വര അതി മനോഹരമാണ്, എന്നാൽ അത് വിരസവും ആത്മാവില്ലാത്തതുമാണ്' - വിശാലമായ സൂക്കോവ് താഴ്വര(Dzukou Valley) യിൽ കുടിയേറാൻ ശ്രമിച്ച് പരാജയപ്പെട്ട അംഗാമി ഗോത്രക്കാരുടെ താഴ്വരയെക്കുറിച്ചുള്ള അഭിപ്രായമാണിത്. സൂക്കോവ് വാലിയെ വലയം ചെയ്ത് നിൽക്കുന്ന ജാപ് ഫു മലനിരകളുടെ അടിവാരത്തിലുള്ള അംഗാമി ഗോത്ര വിഭാഗത്തിന്റെ വിശേഷ ഭാഷയിൽ സൂക്കോവ് എന്നാൽ തണുത്ത ഹൃദയമെന്നോ തണുത്ത വെള്ളമെന്നോ ഒക്കെയാണ് അർത്ഥം. താഴ്വരയിലെ തടാകവും ശൈത്യവും ഒക്കെയാവാം ഇങ്ങനെയൊരു പേരിന്റെ പിന്നിൽ. വിശാലമായ ഈ താഴ്വരയിൽ കുടിയേറാൻ അംഗാമികളുടെ പല തലമുറകളും ശ്രമിച്ചെങ്കിലും ഒന്നും വിജയിച്ചില്ല. അംഗാമികളുടെ തെവ്റുമി എന്ന ദേവി ഗോത്രമുഖ്യന് സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ഏഴ് വീരന്മാരായ ചെറുപ്പക്കാരെ ബലി തന്നാൽ ഇപ്പ ശരിയാക്കിത്തരാമെന്ന് പറഞ്ഞുപോലും. ഗ്രാമമുഖ്യൻ തിരിച്ച് പറഞ്ഞുവത്രെ ഏഴ് ചെറുപ്പക്കാരെനൽകിട്ട് അങ്ങനിപ്പം ശരിയാക്കേണ്ട എന്ന്. എന്തായാലും ഗോത്രമുഖ്യന്റെ നന്മ കാരണം ജനവാസമില്ലാതെ, ഒരു 'അനാഘ്രാത കുസുമ'മായി ഇന്നും സൂക്കോവ് വാലി പരിലസിക്കുന്നു.

ഹിമാലയത്തിലെ പ്രധാന ട്രെക്കിംഗ് റൂട്ടുകൾ പരിശോധിക്കുമ്പോഴൊക്കെ സൂക്കോവ് വാലി ട്രെക്ക് മനസ്സിലുടക്കിയിരുന്നു. ഈ ജൂലായ് മാസം വാലി ഓഫ് ഫ്ലവേഴ്സ് ട്രെക്ക് ചെയ്തപ്പോൾ മുതൽ കിഴക്കിന്റെ വാലി ഓഫ് ഫ്ലവേഴ്സ് എന്നറിയപ്പെടുന്ന സൂക്കോവ് വാലിയിൽ പോവാനുള്ള ആഗ്രഹം മൂർച്ഛിച്ചു. അരുണാചൽപ്രദേശിൽ എൽ.എൽ.ബിയ്ക്ക് പഠിക്കുന്ന കെ.ഇ. കോളജിലെ എന്റെ പൂർവ്വ വിദ്യാർത്ഥി നിഥിൻ സണ്ണി അതിനുള്ള ഏർപ്പാടുകൾ ചെയ്യാമെന്നറിയിച്ചപ്പോൾ കാര്യങ്ങൾ ഒരു വഴിക്കായി. നാട്ടിലുള്ള ഹിമാലയൻ സഞ്ചാരികളായ സുധാകരൻ മാഷിനെയും ജോൺസൺ മാഷിനെയും കൂടെ കൂട്ടിയപ്പോൾ ഗ്രൂപ്പ് റെഡി.

**ജോയ്സ്കുട്ടി ജോസഫ്**
കെ.ഇ. കോളേജ്, മാന്നാനം



2019 ഒക്ടോബർ മാസം 2 ന് യാത്ര തുടങ്ങി. കൊച്ചിയിൽ നിന്ന് ഗോഹട്ടി വരെ ഫ്ലൈറ്റിൽ. അവിടെ നിന്ന് രാത്രി ട്രെയിനിൽ ദീമാപ്പൂർ. തുടർന്ന് ടാക്സിയിൽ കൊഹിമയിലേക്ക്. (ദീമാപ്പൂരിൽ നിന്ന് നാഗാലാന്റ് തലസ്ഥാനമായ കൊഹിമയിലേക്കുള്ള നാഷണൽ ഹൈവേ ശരിക്കും റോഡു തന്നെയാണോ എന്നെനിക്ക് ഇപ്പോഴും സംശയം തീർന്നിട്ടില്ല. വേനൽക്കാലത്ത് ആറ്റിലൂടെ വണ്ടിയിൽ പോകുന്ന അനുഭവമെന്നാണിതിനെ സുധാകരൻ മാഷ് വിവരിക്കുന്നത്. ഗൂഗിൾ മാപ്പിൽപോലും, 74 കിലോമീറ്റർ സഞ്ചരിക്കാൻ നാലര മണിക്കൂർ സമയമാണ് കാണിക്കുന്നത്!) കൊഹിമയിൽ നിന്ന് നിഥിന്റെ സുഹൃത്തുക്കൾ താമസിക്കുന്ന കിഗ്വേമ എന്ന അംഗാമി ഗ്രാമത്തിലേക്ക്. കൊഹിമ - ഇംഫാൽ നാഷണൽ ഹൈവേ പരിസരത്തുള്ള കിപ്പൂഴ (ഞങ്ങളതിനെ ഇനി മേലിൽ കൈപ്പൂഴ എന്നാവും വിളിക്കുന്നത്) എന്നയിടത്തെ വിചാ എന്ന വീട്ടിലാണ് താമസിച്ചത്. നിഥിന്റെ സുഹൃത്തുക്കളുടെ സുഹൃത്ത്, 41 പ്രാവശ്യം സൂക്കോവിൽ പോയിട്ടുള്ള നൊവ്യൂ എന്ന പ്രകൃതിസ്നേഹിയെ ഗൈഡായി കിട്ടി.

വേനൽക്കാലമായതിനാലാവാം അഞ്ചു മണിക്ക് മുമ്പ് തന്നെ സൂര്യൻ എത്തും. 6 മണിക്ക് നൊവ്യൂവിന്റെ ഒരു സുഹൃത്തിന്റെ ടാറ്റാ സുമോയിൽ യാത്ര തിരിച്ചു. അര മണിക്കൂറോളം സഞ്ചരിക്കുമ്പോൾ (ഇവിടെ കിലോമീറ്ററിനൊന്നും ഒരു പ്രസക്തിയുമില്ല) വിശ്വേമ ഗ്രാമമായി. സൂക്കോവ് വാലിയിലേക്കുള്ള പ്രധാന വഴി ഇവിടെ നിന്നാണ്. തൊട്ടടുത്ത അംഗാമി ഗ്രാമമായ ജക്കാമയിൽ നിന്ന് മറ്റൊരു വഴിയുണ്ട്. മലമുകളിലെത്തുമ്പോൾ രണ്ടു വഴികളും ഒന്നിച്ച് ചേരുന്നു. വിശ്വേമ ഗ്രാമത്തിൽ നിന്ന് പ്രവേശന ടിക്കറ്റെടുക്കണം. ഇവിടെന്ന് ഇപ്പോൾ കാട്ടിലൂടെ കുറെയേറെ ദൂരം (ഏകദേശം ഒരു മണിക്കൂർ) ജീപ്പിൽ പോകാം.കാട്ട് വഴിയാണെങ്കിലും നാഷണൽ ഹൈവേയേക്കാൾ ഭേദമാണ്. മുക്കാലിയിൽ നിന്ന് സൈലന്റ് വാലിയിലേക്കുള്ള യാത്ര ഓർമിപ്പിക്കും ഇത്. കട്ടിയായ മൂടൽമഞ്ഞ് വഴിയെ മറയ്ക്കുന്നുണ്ട്. ഡ്രൈവർ നാഷണൽ ഹൈവേയേക്കാൾ ആസ്വദിച്ച് വണ്ടിയോടിക്കുകയാണ്. സൂക്കോവ് വാലി ബേസ് ക്യാമ്പ് വരെ ജീപ്പ് പോകും. അഞ്ചാറ് വണ്ടികൾ പാർക്ക് ചെയ്യാനുള്ള സ്ഥലം മാത്രമാണ് ബേസ് ക്യാമ്പ്. ഞങ്ങൾ ചെല്ലുമ്പോൾ മനുഷ്യരോ വാഹനങ്ങളോ ഇവിടില്ല.

ബേസ് ക്യാമ്പ് മുതൽ ട്രെക്കിംഗ് ആരംഭിക്കുകയാണ്. ഒരു കിലോമീറ്റർ റോഡെന്ന് തോന്നിപ്പിക്കുന്നിടത്തുടെയാണ് നടത്തം. മൂടൽമഞ്ഞിന് കൂട്ടായി ഇപ്പോൾ ചാറ്റൽ മഴയും വന്നു ചേർന്നിരിക്കുന്നു. വണ്ടിയിൽ നിന്നിറങ്ങിയപ്പോഴേ പോഞ്ചോ (ട്രെക്കിംഗിന് ഉപയോഗിക്കുന്ന റെയിൻകോട്ട്) ധരിച്ചിരുന്നതുകൊണ്ട് സമയം കളയാതെ നടന്നു. നേരിയ കയറ്റം കയറി റോഡ് അവസാനിക്കുന്നിടത്ത് ഒരു ചെറിയ ഷെഡ്ഡുണ്ട്. അതിന്റെ തകര ഭിത്തിയിൽ ആരോ വലിയ അക്ഷരത്തിൽ തൃശ്ശൂർപൂരമെന്ന് എഴുതി വെച്ചിരിക്കുന്നു. ഇത്രയും ദൂരെ വിജനമായ ഈ ഇടത്ത് മലയാളം കണ്ടപ്പോൾ കൗതുകം തോന്നി. ഇത് മലയാളമെന്ന് ഇപ്പോൾ മാത്രം പിടികിട്ടിയ നൊവ്യൂവിന് തൃശ്ശൂർ പൂരമെന്തെന്ന് വിവരിച്ചു കൊടുക്കുന്ന പരിപാടി ജോൺസൺ മാഷ് ഏറ്റെടുത്തു. സൂക്കോവാലിയെ ഏതോ മലയാളി സഞ്ചാരി വിവരിച്ചതാവുമോ ഇങ്ങനെ? (തിരിച്ചു വരുമ്പോൾ ഇതെഴുതിയ മഹാനെ ശരിക്കും നമസ്കരിക്കാൻ തോന്നിപ്പോവും.)

തൃശ്ശൂർ പൂരം തൊട്ട് വഴി കുത്തനെ മലകയറുകയാണ്. നല്ല നിബിഡമായ കാട്ടിലൂടെയാണ് മലകയറ്റം. ഏകദേശം രണ്ടര കിലോമീറ്ററോളം ഇടവേളകളില്ലാത്ത ഈ കയറ്റമാണ്. ഈ രണ്ടര കിലോമീറ്റർ കൊണ്ട് ഏകദേശം മൂവായിരം അടി ഉയരമാണ് നമ്മൾ കയറുന്നതെന്ന് പറയുമ്പോൾ മലകയറ്റം എപ്പടിയെന്ന് തെരിയുമല്ലോ. മലകയറി നല്ല ശീലമില്ലാത്തവർ ശരിക്കും കഷ്ടപ്പെട്ടു പോവും. ഒറ്റയടിപ്പാതയെന്നാൽ ശരിക്കും ഇതാണ്. പിന്നിൽ നിന്നു വരുന്ന ഒരാളെ കടത്തിവിടാനോ തിരിച്ചു വരുന്ന ഒരാൾക്ക് ഒഴിഞ്ഞു കൊടുക്കാനോ ഈ വഴിയിൽ പലയിടത്തും പറ്റി



ല്ല. ചാറ്റൽ മഴ ശമിച്ചെങ്കിലും കോടമഞ്ഞിന് ഒരു ശമനവുമില്ല.

മരങ്ങളിൽ പായലുകളും ഓർക്കിഡുകളും പന്നലുകളും ജഡ പോലെ പറ്റിപ്പിടിച്ചിരിക്കുന്നു. ഉയരം കൂടുന്തോറും മരങ്ങൾ കൂനി വരുന്നത് കാണാം. കറെ മുകളിലെത്തിയാൽ വഴിയുടെ ഒരു വശം അഗാധമായ കൊക്കകളാണ്. കോടമഞ്ഞ് ഒരു കണക്കിന് നന്നായി തോന്നി; കൊക്കയുടെ ആഴം കണ്ട് പേടിക്കാതിരിക്കാമല്ലോ. നാട്ടിൽ നിന്ന് കൊണ്ടുവന്ന ഹൈക്കിംഗ് പോൾ ഇവിടെ ശരിക്ക് ഉപകാരപ്പെട്ടു. എത്ര മികച്ച ട്രെക്കറും ഈ വഴി കയറാൻ ഇത്തിരി ബുദ്ധിമുട്ടും. ആദ്യം ഞങ്ങളുടെ മുന്നിലും ഇപ്പോൾ ഞങ്ങളുടെ പിന്നിലുമായി പോയ ഏഴെട്ടു പേരുള്ള ഗ്രൂപ്പിലെ ഒരു പെൺകുട്ടി യാത്രയവസാനിപ്പിച്ച് പോയാലോ എന്ന് ഗൈഡിനോട് ഇടയ്ക്കിടയ്ക്ക് ചോദിക്കുന്നുണ്ട്. കയറ്റം ഇപ്പോൾ കഴിയുമെന്നും അതു കഴിഞ്ഞാൽ ഗംഭീര കാഴ്ചകളാണെന്നും പറഞ്ഞ് അയാൾ ആ പെൺകുട്ടിയെ പ്രചോദിപ്പിക്കുന്നുണ്ട്.

മല കയറി മുകളിലെത്തുമ്പോൾ ആദ്യം കാണുന്നത് മൂന്നാലുപേർക്കിരിക്കാവുന്ന ഒരു വിശ്രമ കുടീരമാണ്. സഞ്ചാരികൾ തീ കത്തിച്ചു കാഞ്ഞതിനാലാവാം കരിപിടിച്ച ചുവരുകളുള്ള ഒരു ചെറിയ കെട്ടിടം.നിരവധി ഭാഷകളിൽ പലരും പലതും കരി കൊണ്ട് കുത്തിവരിച്ചിട്ടുണ്ട്. നമ്മുടെ തൃശ്ശൂർ പൂരക്കാരൻ അതിന്റെ ചുവരുകളിൽ എന്തെങ്കിലും എഴുതിയിട്ടുണ്ടോ എന്ന് പരതിയെങ്കിലും കണ്ടില്ല. നമ്മൾ കയറി വന്ന മലയുടെ വിളുമ്പിലാണ് ഈ കുടീരം. മറുവശത്ത് വിശാലമായ സൂക്കോവ് പ്രദേശം ആരംഭിക്കുന്നു. ഇതു വരെ നമ്മൾ കാണാത്ത തരം ഉരുളൻ കുന്നുകളാണിനി.മലകളിൽ തിങ്ങിനിറഞ്ഞ് രണ്ടോ മൂന്നോ അടി മാത്രം ഉയരമുള്ള ഒരു തരം കുള്ളൻ മുളകൾ.ദൂരെ കാണുമ്പോൾ പുൽമേടെന്ന് തോന്നിപ്പിക്കുന്നത് ഈ മുളമേടുകളാണ്. മുളകൾ തിങ്ങി വളരാത്തിടത്ത് പല തരം ചെടികൾ കാണാം. മഞ്ഞുകാലം തുടങ്ങിയതിനാലാവാം ചെടികളിൽ പൂക്കൾ അധികം കാണാനില്ല. ഉരുളൻ കുന്നുകളിൽ അപൂർവ്വമായി ചില മരങ്ങൾ കാണാം. പലതും ഉണങ്ങി കുറ്റിയായി നിൽക്കുകയാണ്. കുന്നിൻ പുറത്ത് 'തേക്കടി' ഉണ്ടാക്കി വെച്ചതു പോലെയാണ് ചിലപ്പോൾ നമുക്ക് തോന്നുക. മൂന്നാലു വർഷം തുടർച്ചയായുണ്ടാ കാട്ടുതീയാണ് ഈ മരങ്ങളെ കരിച്ചു കളഞ്ഞതെന്ന് നൊവ്യ പറഞ്ഞു. 8200 അടിയാണ് ഈ പ്രദേശത്തിന്റെ ഉയരം. ചിലപ്പോൾ മഞ്ഞുവീഴ്ചയും ചെറിയ മരങ്ങളെയും ചെടികളെയും കരിച്ചു കളയാറുണ്ട്.

ഉരുളൻ കുന്നുകളുടെ വശങ്ങളിലൂടെയാണ് നമ്മൾ ഇപ്പോൾ നടക്കുന്നത്. ചിലപ്പോൾ നേരിയ ഇറക്കം, ചിലപ്പോൾ നേരിയ കയറ്റം. മിക്കവാറും സമനിരപ്പു തന്നെ. നല്ല വേഗതയിൽ നടക്കാം. രണ്ടു കുന്നുകൾ ചേരുന്ന ഭാഗങ്ങളിൽ ചെറിയ വെള്ളച്ചാലുകൾ ഉണ്ടാവാം. അവിടങ്ങളിൽ കുറ്റി മുളകൾക്ക് നാലഞ്ചടി ഉയരം കാണാം. ഒറ്റയടിപ്പാതയുടെ അപ്പുറവും ഇപ്പുറവും നിൽക്കുന്ന മുളകൾ പരസ്പരം കോർത്ത് ഒരു മുളങ്കുഴലിലൂടെ എന്ന പോലെയാണ് ചിലയിടത്ത് വഴി.

ഏതാനും ചിലയിനം പൂമ്പാറ്റകളും ചീവീടുകളും ചെറിയ ചില കുഴിയെലികളുമല്ലാതെ വേറൊരു ജീവിയേയും അവിടെങ്ങും കണ്ടില്ല.പക്ഷികൾ ഇല്ലാത്ത ഒരു കാനനവും ഞാനെന്റെ ജീവിതത്തിൽ കണ്ടിട്ടില്ല. സൂക്കോവിലുള്ള രണ്ട് ദിവസങ്ങളിൽ ഒറ്റ പക്ഷിയേയും കണ്ടിട്ടില്ല. നൊവ്യ പറയുന്നത് മലകളുടെ മുകളിൽ ഒരു പാടപോലെ മാത്രമേ മണ്ണുള്ളൂ എന്നും മുളയല്ലാതെ വേറൊന്നിനും വളരാൻ ഈ മലകൾ അനുയോജ്യമല്ലെന്നുമാണ്.ഇവിടെയുള്ള ജന്തുക്കളുടെ എണ്ണം കുറയാനും ഇതൊരു കാരണമായേക്കാം.സുധാകരൻ മാഷ് പറയുന്നത് ആർത്തി പിടിച്ച് മനുഷ്യർ പിടിച്ചു തിന്നതുകൊണ്ടാവും ഇങ്ങനെ സംഭവിച്ചതെന്ന്. സമീപ കാലം വരെ ഇവിടങ്ങളിൽ വേട്ടയാടൽ കുറ്റകരമായിരുന്നില്ല എന്നറിയുമ്പോൾ മാഷ് പറഞ്ഞതിലും അല്പം വാസ്തവമുണ്ടെന്ന് തോന്നിപ്പോകും. വാലി ഓഫ് ഫ്ലവേഴ്സിൽ അഞ്ഞൂറ്റി അമ്പതിലേറെയിനം സസ്യ ഇനങ്ങൾ കാണപ്പെടുമ്പോൾ അതിലും വളരെ വിശാലമായ ഇവിടെ മുന്നൂറിലേറെ ഇനങ്ങൾ മാത്രമാണുള്ളത്. അതിൽ പല ഇനങ്ങളും മുമ്പു പറഞ്ഞ കാട്ടുതീയിൽ ഇല്ലാതെയായി. മലകളിൽ ഏകദേശം തൊണ്ണൂറു ശതമാനം ഇടത്തും കുറ്റി മുളകൾ മാത്രം. സാധാരണ ഇത്തരം മേടുകളിൽ ഉണ്ടാവേണ്ട കാറ്റു പോലും ഇവിടില്ല. മലകളുടെ മുട്ടിൽ പതുങ്ങിക്കിടക്കുന്ന മഞ്ഞു പോലും മാറുന്നില്ല. ഇതൊക്കെ കൊണ്ടാവാം അംഗാമി ഗോത്രപൂർവികന്മാർ വിരസവും ആത്മാവില്ലാത്തതുമായി സൂക്കോവിനെ കണ്ടത്.

മലകളിലെ നീർചാലുകൾ കൂടിച്ചേർന്ന് അരുവികളാവുന്നതും അരുവികൾ ചേർന്ന് തോടുകളാവുന്നതും ചിലയിടങ്ങളിൽ കാണാം. അടുക്കി വെച്ചതു പോലെയുള്ള ഉരുളൻ കുന്നുകളും നീർചോലകളും ചേർന്ന് സൂക്കോവിനെ മനോഹരിയാക്കിയിട്ടുണ്ട്. മൂടൽമഞ്ഞ് നീങ്ങിയതോടെ ദൂരെ സൂക്കോവാലിയും വാലിയുടെ സമീപത്ത് ക്യാമ്പ് കെട്ടിടങ്ങളും അവ്യക്തമായി കണ്ടുതുടങ്ങുന്നു.ലക്ഷ്യസ്ഥാനം മുന്നിൽ കാണുമ്പോഴുണ്ടാവുന്ന ഉന്മേഷം കാലുകൾക്ക് പകർന്നു നൽകി നീട്ടിവലിച്ച് നടന്നു. സൂക്കോവിലൂടെ മൂന്നു മൂന്നര മണിക്കൂർ നടക്കുമ്പോൾ (ഏകദേശം 12 - 15 കിലോമീറ്റർ) അവസാന ക്യാമ്പിലെത്തും.

നമ്മുടെ മുൻപരിചയം വെച്ച് നാഗാലാന്റ് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ ഓഫീസുകൾ പരതിയാൽ സൂക്കോവിലെന്നല്ല നാഗാലാന്റിൽ പലയിടത്തും നമ്മളവ കണ്ടെത്തുകയില്ല. ഓരോ ഗോത്രങ്ങളുടെയും ഗ്രാമങ്ങളുടെയും സ്വകാര്യ സ്വത്താണ് പല കാടുകളും. അംഗാമി ഗോത്രത്തിന്റെ വകയാണ് നൂറു കണക്കിന് ചതുരശ്ര കിലോമീറ്റർ വ്യാപ്തിയുള്ള സൂക്കോവ് വാലി വനം.അങ്ങോട്ടേയ്ക്കുള്ള ട്രെക്കിംഗുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിയന്ത്രിക്കുന്നത് സതേൺ അംഗാമി യൂത്ത് ഓർഗനൈസേഷൻ (SAYO) ആണ്. സഞ്ചാരികൾക്ക് താമസി

ക്കാൻ തടിയിൽ തീർത്ത് ടിൻ ഷീറ്റ് മേഞ്ഞ രണ്ട് ഡോർമിറ്ററികളും ഭക്ഷണമുണ്ടാക്കാനും അത് കഴിക്കാനുമുള്ള ഒരു ഷെഡ്ഡുമാണ് ഇവിടുള്ളത്. ഇരുന്നൂറുമീറ്ററകലെ തൊട്ടടുത്ത ഉരുളൻ കുന്നിൽ മരത്തിൽ തീർത്ത മൂന്നാലു കൊട്ടിലുകളുമുണ്ട്. ജക്കാമയിലെ സയോ വോളന്റിയർമാരാണ് ട്രെക്കേഴ്സിനെ സഹായിക്കാൻ ക്യാമ്പിലുള്ളത്. നടന്നു ക്ഷീണിച്ചെത്തുന്ന നമ്മൾക്ക് അവർ നൽകുന്ന ആവി പൊന്തുന്ന കട്ടൻചായ വെറും കട്ടൻ ചായയായല്ല അനുഭവപ്പെടുന്നത്. ജീവിതത്തിലിത്രയും നല്ല ചായ കുടിച്ചിട്ടില്ലെന്ന് ഓരോരുത്തർക്കും തോന്നിപ്പോകും. ചോറ്, ഉരുളക്കിഴങ്ങ് സൂപ്പ്, കപ്പ് നൂഡിൽസ്, ഓംലറ്റ് എന്നിവ ആവശ്യപ്പെട്ടാൽ അവർ ഉണ്ടാക്കിത്തരും. പന്നിയിറച്ചി ഉണ്ടുകൾ ഉണങ്ങാനായി കെട്ടിത്തൂക്കിയിട്ടിരിക്കുന്ന അവരുടെ കുടുസ് അടുക്കളയിൽ എല്ലാ സമയത്തും കെറ്റിലിൽ ചായ തിളച്ച കൊണ്ടിരിക്കും. ആവശ്യക്കാർക്ക് ഫ്രീയായി ചായയെടുത്ത് കുടിക്കാം.

നാഗാലാന്റ്-മണിപ്പൂർ അതിർത്തിയിലാണ് സൂക്കോവ് വാലിയെന്ന് മുമ്പ് സൂചിപ്പിച്ചല്ലോ. മണിപ്പൂരിൽ നിന്നും നടന്ന് ഇവിടെത്താം. എന്നാൽ ആ വഴികൾ അതീവ ദുർഘടമാണ്. എന്നു മാത്രമല്ല രണ്ടു ദിവസത്തിലേറെ നടക്കുകയും വേണം. അതു കൊണ്ട് ആ വഴി സാഹസികരല്ലാതെ ആരും ഉപയോഗിക്കാറില്ല. മണിപ്പൂരിൽ നിന്നുള്ളവരും മിക്കവാറും കൊഹിമയിൽ വന്നിട്ട് ഇപ്പോൾ ഞങ്ങൾ വന്ന വഴി തന്നെയാണ് തിരഞ്ഞെടുക്കാറ്.

സൂക്കോ ക്യാമ്പിന്റെ മുറ്റത്തു നിൽക്കുമ്പോൾ താഴെ ഉള്ളൻ കുന്നുകളുടെ കോർത്ത ചൈനകൾക്ക് നടുവിൽ സൂക്കോ താഴ്വര കാണാം. ഇന്ത്യയുടെ ഏറ്റവും തെക്കുനിന്ന് ആയിരക്കണക്കിന് കിലോമീറ്ററുകൾ വിമാന - ട്രെയിൻ - കാർ - കാൽനട സഞ്ചരിച്ച് കാണാനെത്തിയ അത്ഭുതം നമ്മുടെ കണ്ണുകൾക്കടുത്ത് കാണുമ്പോൾ മനസ് തുള്ളിച്ചാടും. ഉടനെങ്ങും ശമിക്കാത്ത ഒരു രോമാഞ്ചം നമ്മെ പൊതിയും.പായ്ക്ക് ചെയ്ത് കൊണ്ടുവന്ന ആഹാരം കഴിച്ച് കുടിലിലെ പലകത്തട്ടിൽ അല്പം നടു നിവർത്തിയിട്ട് വാലിയിലേക്കുള്ള സഞ്ചാരത്തിന് തയ്യാറായി ഡോർമിറ്ററി മുറ്റത്തെത്തി. സഞ്ചാരികളുടെ വാലിയിലേക്കുള്ള സഹചാരിയായ, ഞങ്ങൾ ഷാൻ എന്ന് പേരിട്ട് വിളിച്ച നായയും (അതേ ബഷീർ കഥകളിലെ നായ) ബാംഗ്ളൂരിൽ ജോലി ചെയ്യുന്ന പൂന നിവാസിയായ സോളോ സഞ്ചാരിയും ഞങ്ങളുടെ ഒപ്പം കൂടി.

മൂന്നാലു കിലോമീറ്റർ മലയിറങ്ങണം വാലിയിലെത്താൻ. കുറെക്കൂടി പൊക്കം കുറഞ്ഞ (രണ്ടടിയിലും താഴെ) കുറ്റി മുളകളാണ് ഇവിടെമ്പാടും. നീർച്ചോലകളുടെ എണ്ണവും കൂടി വരുന്നു. അരുവികളുടെ ശബ്ദം ഇപ്പോൾ ഇവിടുത്തെ നിശബ്ദതയെ ഭഞ്ജിക്കുന്നുണ്ട്. മുളകളൊഴിഞ്ഞ പ്രദേശങ്ങളിൽ പൂക്കളോടുകൂടിയ ചെടികൾ കണ്ടുതുടങ്ങിയിരിക്കുന്നു.സൂക്കോവിൽ മാത്രം കാണപ്പെടുന്ന സൂക്കോവ് ലില്ലി ഇവിടം മുതൽ ധാരാളം കണ്ടു തുടങ്ങുന്നു. ഇതിന്റെ പൂവുകൾ മിക്കവാറും ഉണങ്ങിയാണ് കാണപ്പെടുന്നത്. താഴെ സൂക്കോവ് വാലി സമതലം പരന്ന് കിടക്കുന്നത് വളരെ വ്യക്തമായി കാണാം. സമതലത്തിലൂടെ തലങ്ങും വിലങ്ങും ഒഴുകുന്ന (?) തോടുകൾ. ആകാശം പ്രതിഫലിപ്പിക്കുന്ന പൊയ്കകൾ.

സമതലത്തിലെത്തുന്നതിനു മുന്പുതന്നെ മോശമല്ലാത്ത കാറ്റ് അനുഭവപ്പെടാൻ തുടങ്ങി. സമതലവും താഴ്വരയും മലകളും മഞ്ഞിന്റെ മൂടുപടം അണിയുകയും അഴിക്കുകയും ചെയ്യുന്ന മാസ്മരിക ദൃശ്യം കണ്ടുകൊണ്ട് സമതലത്തിലേക്ക് പ്രവേശിക്കുകയും മഴ തുടങ്ങുകയും ഒപ്പം നടന്നു. മഴയും കട്ടിയുള്ള മൂടൽമഞ്ഞും ഒരുമിച്ച് വന്നതോടെ വഴികൾ അപ്രത്യക്ഷമായിരിക്കുന്നു. നൊവ്യവിന്റെ കാലടികളെ പിൻതുടർന്ന് ഒന്നു രണ്ട് നീർചാലുകൾ മുറിച്ച് കടന്ന് വഴിക്കിരുവശവും നിന്ന് കാലുകളിൽ മുത്തമിടുന്ന കുഞ്ഞിച്ചെടികളെ മൈൻഡ് ചെയ്യാതെ തള്ളി നിൽക്കുന്ന പാറയുടെ ചുവട്ടിൽ ചെന്നു കയറി.(വാലി ഓഫ് ഫ്ലവേഴ്സിലും ഇതുപോലെ തന്നെയുള്ള ഒരു പാറ ഗുഹയുണ്ട് ) മഴക്കു മുമ്പിൽ ഓടിയ ഷാനും നേരത്തെ തന്നെ അവിടെ സ്ഥലം പിടിച്ചിരുന്നു. രാവിലെ മല കയറിത്തുടങ്ങിയപ്പോൾ മുതൽ ഞങ്ങളുടെ കൂടെയുണ്ടായിരുന്ന ചെറുപ്പക്കാരുടെ സംഘവും പാറയ്ക്കടിയിലുണ്ട്.നേരത്തെ മല കയറാൻ ബുദ്ധിമുട്ടിയ പെൺകുട്ടിയെ ഡോർമിറ്ററിയിൽ വിട്ടിട്ടാണ് അവർ വന്നിരിക്കുന്നത്. അവരുടെ നാഗാ വഴികാട്ടി ഉണക്കച്ചുള്ളികൾ പെറുക്കിക്കൂട്ടി തെളിയിച്ച തീ കാഞ്ഞിരിക്കുമ്പോൾ ഞാൻ ചിന്തിച്ചത് ജീവിതം ഏതെല്ലാം വിചിത്രവഴികളിലൂടെയാണ് നമ്മെ നടത്തുന്നത് എന്നാണ്.മഴയുടെയും മഞ്ഞിന്റെയും ആവരണത്തിനിടയിലൂടെ അവ്യക്തമായി കണ്ട പൂക്കളുടെ സമതലം സന്തോഷ



ത്തോടൊപ്പം ശരിക്കും കാണാൻ പറ്റാത്തതിലുള്ള നിരാശയും എന്നിലുളവാക്കി.അംഗാമികളുടെ ദേഷ്യക്കാരിയായ ദേവി തെവ്റുമി പക വീട്ടുകയാണോ?

ഇങ്ങനെയൊക്കെ ചിന്തിച്ചിരിക്കെ മഴയുടെ നീല വലയ്ക്കിടയിലൂടെ വെയിൽ തല നീട്ടിത്തുടങ്ങി. മഴയും വെയിലും കുറുക്കന്റെ കല്യാണമെന്ന് പാട്ടു പോലെ നീട്ടിപ്പറഞ്ഞ നിഥിന് അതിന്റെ അർത്ഥം അവിടെ കൂടിയിരുന്നവർക്ക് വിശദീകരിച്ച് കൊടുക്കേണ്ടി വന്നു. വിശദീകരണത്തെ എല്ലാവരും കൈയടിച്ച് സ്വീകരിച്ചു. വേറാരോ മഴയും വെയിലും ഒരുമിച്ച് വരുന്നതിനെക്കുറിച്ച് എനിക്കറിയില്ലാത്ത ഭാഷയിൽ ഒരു പാട്ടുപാടി. എന്റെ ഫ്ലാസ്കിലെ കട്ടൻ ചായ എല്ലാവരും ഒരേ കപ്പിൽ നിന്ന് കുടിച്ചു. ആരുടെയോ കൈയിലിരുന്ന ഒന്നോ രണ്ടോ സിഗരറ്റുകൾ ആൺ പെൺ ഭേദമില്ലാതെ എല്ലാവരും കൈമാറി വലിച്ചു. പ്രകൃതി എത്ര പെട്ടെന്നാണ് മനുഷ്യരെ തമ്മിലടുപ്പിക്കുന്നത്.

ഇപ്പോൾ മഴ പൂർണമായും നിന്നിരിക്കുന്നു. ഇത്രയും മനോഹരമായ താഴ്വര വിട്ടു പോകാനുള്ള മടി കൊണ്ടാവാം, ദുഷ്യന്തനെ വിട്ടു പോകാൻ മടി കാണിച്ച ശകുന്തളയെപ്പോലെ മൂടൽമഞ്ഞ് അവിടെ പരുങ്ങി നില്പാണ്. വെയിലു നല്ലതുപോലെ വീണിട്ടില്ല. എങ്കിലും കഴിയുന്നിടത്തോളം താഴ്വര ചുറ്റി നടക്കാൻ തീരുമാനിച്ചു. ചെറിയ ഒന്നു രണ്ട് തടാകങ്ങളുണ്ടിവിടെ. മലകളിലൂടെ ആരവത്തോടെ ഒഴുകി വരുന്ന തോടുകൾ സമതലത്തിൽ പ്രവേശിക്കുന്നതോടെ ഒഴുക്ക് അവസാനിച്ച് ശാന്തമായി സമാധിയാവുന്ന അത്ഭുത കാഴ്ചയും ഇവിടെ കാണാം. തോടൊഴുകി പുഴയിലെത്തും പുഴ ഒഴുകി തടാകത്തിലോ കടലിലോ എത്തും എന്ന നമ്മുടെ ധാരണയെല്ലാം ഇവിടെ തെറ്റിപ്പോവും. സൂക്കോ വാലിയിലേക്ക് കടന്ന ഉടനെയും ഇങ്ങനെ ഒഴുക്ക് നിലച്ച് അപ്രത്യക്ഷമാവുന്ന ഒരു തോട് കണ്ടിരുന്നു. മലയുടെ ചെറിയ വിള്ളലുകളിലൂടെ ഇവ ഇറങ്ങിപ്പോകുന്നതാവാം എന്നാണ് നൊവ്യുവിന്റെ അഭിപ്രായം.

സൂക്കോവാലിയുടെ സമതലങ്ങളിൽ കുറ്റി മുളകൾ തീരെ ഇല്ല. നിറയെ പല ജാതിച്ചെടികളാണ്. പലതിലും നിറയെ പൂക്കളുമുണ്ട്. നമ്മുടെ ജമന്തിയോടും കമ്മലു ചെടിയോടുമൊക്കെ സാമ്യമുള്ള ചെടികളുമുണ്ട്. ഇടയ്ക്കെല്ലാം ഉണങ്ങിയ പൂക്കളുമായി സൂക്കോവ് ലില്ലിയേയും കാണാം. ജൂലായ് - ആഗസ്റ്റ് മാസം ഇവിടെ നിറയെ പൂക്കളായിരിക്കുമെന്നാണ് നൊവ്യു പറയുന്നത്. ഇപ്പോൾ താഴ്വര മുഴുവനും പച്ചച്ചു നിൽക്കുകയാണ്. അസ്തമയ വെളിച്ചത്തിൽ പച്ചപ്പ് തിളങ്ങുകയാണ്. സമീപത്തെ ഉരുളൻ കുന്നിന്റെ മുകളിൽ ആരോ ഒരു കുരിശ് നാട്ടിവെച്ചിരിക്കുന്നു. അത് മാത്രമാണ് പ്രകൃതിയോട് ചേരാത്തതായി ഇവിടെ കണ്ടത്. ഈ പ്രകൃതിയിൽ അനുഭവിക്കാൻ പറ്റാത്ത എന്തു ദൈവാനുഭവമാണോ ആ കുരിശ് ഉണ്ടാക്കുന്നത്? കസാൻസാക്കിസ് ദൈവാനുഭവത്തെക്കുറിച്ചെഴുതിയത് ഞാനോർമിച്ചു. ആൽമണ്ട് മരത്തോട് ദൈവത്തെക്കുറിച്ച് എന്നോട് പറയുക എന്ന് ആവശ്യപ്പെട്ടപ്പോൾ 'ആൽമണ്ട് മരം പുഷ്പിച്ചു' എന്നാണ് കവി പറയുന്നത്.പൊതുവേ കുതിർന്ന ഇവിടുത്തെ മണ്ണ് മഴവെള്ളം കുടിച്ച് മത്തുപിടിച്ച് കിടക്കുകയാണ്. വഴികളിലൂടെയല്ലാതെയുള്ള ചുറ്റി നടപ്പ് പറ്റില്ല. വീണ്ടും മഴയും വഴികളെ മറയ്ക്കുന്ന മൂടൽമഞ്ഞും ഉണ്ടാവാം എന്ന മുന്നറിയിപ്പ് വകവെച്ച് ഞങ്ങൾ ക്യാമ്പിലേക്ക് തിരിച്ചു നടക്കാൻ തുടങ്ങി.സ്വപ്നത്തിലെന്നവണ്ണം നടന്നതു കൊണ്ട് ഇടയ്ക്ക് പകൽ പോയതും രാത്രി വന്നതും അറിഞ്ഞില്ല.

കുന്നിൻപുറത്തെ കോട്ടേജിന്റെ മുറ്റത്തിരിക്കുമ്പോൾ നക്ഷത്രങ്ങൾ നിറഞ്ഞ ആകാശം ഖഗോളമായിത്തന്നെ കാണാം. കാട്ടിലൊരിടത്തും ഇങ്ങനെയൊരാകാശം ഞാൻ കണ്ടിട്ടില്ല. ഡോർമിറ്ററി മുറ്റത്ത് തീയ്ക്കു ചുറ്റുമിരുന്ന് ആരൊക്കെയോ പാട്ടുകൾ പാടുന്നുണ്ട്. തണുപ്പും ക്ഷീണവും എന്നെ ഉറക്കത്തിലേക്ക് തള്ളിയിട്ടു.

സൂക്കോവിലെ പ്രഭാതവും അതി മനോഹരമാണ്. അഞ്ചു മണിക്കു മുമ്പുതന്നെ സൂര്യൻ താഴ്വരയിലേക്ക് എത്തി നോക്കും. മഞ്ഞിൽ കുളിച്ച് ഈറനുടുത്ത ചെടികൾ നാണം കൊണ്ടെന്നതു പോലെ അപ്പോൾ തുടുത്തു നിൽക്കും. മഞ്ഞിന്റെ പൊട്ടു തൊട്ട പൂവുകൾ നമ്മെ കൗതുകത്തോടെ പാളി നോക്കും. വാലിയിൽ കുടുങ്ങിക്കിടക്കുന്ന മഞ്ഞ് ഉദയം കാണാൻ കൊതിച്ച് തലനീട്ടി നോക്കുന്നതു കാണാം.

പ്രകൃതിയുടെ മഹാ വരദാനമായ സൂക്കോവ് വാലിയോട് ഇനിയും കാണാമെന്നുപറഞ്ഞ് പുളകിയ മനസുമായി അധികം താമസിയാതെ മലയിറക്കം തുടങ്ങി.



പുസ്തകലോകം

# സിനിമ: മുഖവും മുഖംമൂടിയും - ഫ്രെയിമുകളെ അടർത്തി വായിക്കുമ്പോൾ

**ഹരിനാരായണൻ എസ്.**
എൻ.എസ്.എസ്. കോളേജ്, ഒറ്റപ്പാലം




മലയാള സിനിമാനിരൂപണ ശാഖ നേരിടുന്ന നിരവധിയായ സമസ്യകളിലൊന്ന് സിനിമയുടെ ദൃശ്യഭാഷയെ മുൻനിർത്തി വിശകലനം ചെയ്യുന്ന വിഭാഗവും, അതിൻറെ രാഷ്ട്രീയ തലങ്ങളെ മാത്രം പഠിക്കുന്ന വിഭാഗവും എതിർചേരികളിലായി നിലകൊള്ളുന്ന പ്രതിഭാസമാണ്. ആദ്യത്തെ കൂട്ടർ സിനിമയെ ഒരു കലാസൃഷ്ടി മാത്രമായി കാണുകയും, അതൊളിച്ചു കടത്തുന്ന രാഷ്ട്രീയനിലപാടുകളെ പൂർണമായും അവഗണിക്കുകയും ചെയ്യുന്നു. രണ്ടാമത്തെ വിഭാഗം സിനിമയുടെ രാഷ്ട്രീയ ശരി-തെറ്റുകളെ മാത്രം വിശകലനവിധേയമാക്കുകയും അതിന്റെ കലാപരമായ തലങ്ങളെ പൂർണമായും കാണാതിരിക്കുകയുമാണ്. കല കലയ്ക്ക് വേണ്ടിയോ, സമൂഹത്തിനു വേണ്ടിയോ എന്ന നൂറ്റാണ്ട് പഴക്കമുള്ള ചോദ്യം പുതിയ രൂപത്തിൽആവർത്തിക്കുന്ന കാഴ്ചയാണിത്. സിനിമയെന്ന മാധ്യമത്തെ ഗൗരവതരമായി സമീപിക്കുന്ന ഏതൊരാൾക്കും ഈ പ്രതിസന്ധിയെ അഭിമുഖീകരിക്കേണ്ടതുണ്ട്. സിനിമയെ സംബന്ധിച്ച നിരവധിയായ പഠനങ്ങൾപുസ്തകരൂപത്തിൽപുറത്തിറങ്ങുന്ന ഈ കാലത്ത് ഡോ. രാജേഷ് എം. ആർ. എഴുതിയ 'സിനിമ: മുഖവും മുഖംമൂടിയും' എന്ന പുസ്തകം ശ്രദ്ധേയമാവുന്നത്, സിനിമയെ ഒരേ അളവിൽകലാരൂപമായും രാഷ്ട്രീയശരീരമായും പഠനവിധേയമാക്കുന്ന നവീനശൈലിയുടെ പ്രയോഗത്താലാണ്. സിനിമയെ പ്രത്യയശാസ്ത്ര പ്രചരണോപാധിയായും, കലാസാങ്കേതികത പ്രവർത്തനക്ഷമമാവുന്ന ഇടമായും ഈ പുസ്തകത്തിൽഅദ്ദേഹം വായിക്കുകയാണ്. മൂന്ന് ഭാഗങ്ങളായി തിരിച്ചിട്ടുള്ള പുസ്തകത്തിൽ ഇന്ത്യൻസിനിമയും മലയാള സിനിമയും വളരെ ആഴത്തിലുള്ള പഠനത്തിന് വിധേയമായിട്ടുണ്ട്. ഗവേഷണ സ്വഭാവം പുലർത്തുന്ന മുപ്പതോളം ലേഖനങ്ങളുടെ സമാഹാരമാണ് 'സിനിമ: മുഖവും മുഖംമൂടിയും'.

### ലിംഗപദവികളുടെ അപനിർമാണം

"താരപദവിയും ലിംഗരാഷ്ട്രീയവും" എന്ന ഒന്നാം ഭാഗം സിനിമയിലെ പ്രത്യശാസ്ത്ര പ്രവർത്തനങ്ങളുടെ രീതിശാസ്ത്രത്തെ കൃത്യമായി അടയാളപ്പെടുത്തുന്നു. നായകബിംബത്തിന്റെ സൃഷ്ടിയും, പുരുഷമേധാവിത്തം പ്രവർത്തനക്ഷമമാവുന്ന വഴികളും ഇവിടെ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഈ ഭാഗത്തെ ശ്രദ്ധേയമായ ഒരു ലേഖനം ദിലീപ് എന്ന നായകശരീരം എപ്രകാരം ജനപ്രിയമായി എന്ന വിഷയത്തെ സംബന്ധിച്ചാണ്. ദിലീപിന്റെ നിരവധി കഥാപാത്രങ്ങളുടെ പേരുകൾദൈവങ്ങളുടെ നാമങ്ങളോ, സവർണ്ണ ഹൈന്ദവച്ഛായ പേറുന്നതോ ആണ്. അതിലൂടെ സൃഷ്ടിച്ചെടുത്ത പ്രഭാവം ആ

കഥാപാത്രങ്ങളെ പ്രേക്ഷകർക്ക് പ്രിയപ്പെട്ടവരാക്കുകയും അതിലൂടെ ദിലീപ് എന്ന താരം ജനപ്രിയതയിൽ തന്റേതായ ഇടം കണ്ടെത്തുകയും ചെയ്യുന്നു.നായകബിംബങ്ങൾ എപ്രകാരം സൃഷ്ടിക്കപ്പെടുകയും നിലനിർത്തപ്പെടുകയും ചെയ്യുന്നുവെന്ന് ഈ ലേഖനം ചൂണ്ടിക്കാണിക്കുന്നുണ്ട്. താരസൃഷ്ടിയുടെ സൂക്ഷ്മരാഷ്ട്രീയം അനാവരണം ചെയ്യുന്ന മറ്റൊരു ലേഖനത്തിൽ തമിഴ് നടൻ വിജയ് സാധാരണക്കാരുടെ സ്വന്തം സൂപ്പർസ്റ്റാറായി മാറിയ പ്രതിഭാസം വിവരിക്കുന്നുണ്ട്. നിത്യജീവിതത്തിൽഎന്നും കണ്ടുപോരുന്ന സാധാരണക്കാരായ കഥാപാത്രങ്ങളായി തിരശീലയിലെത്തുന്ന വിജയ്, അവർക്കിടയിൽ തന്റെ സ്വത്വം സ്ഥാപിച്ചെടുക്കുകയാണ്. ഡോ. രാജേഷിന്റെ അഭിപ്രായത്തിൽ എം.ജി.ആറിനും ഒരു പരിധി വരെ രജനികാന്തിനും ശേഷം തമിഴിൽ സാധാരണക്കാരുടെ ഹീറോയായി സ്ഥാനമുറപ്പിച്ച ഒരേയൊരു താരം വിജയ് ആണ്.

തിരശീലയിലെ പ്രണയത്തിലെ ലിംഗപദവിയും അധികാരവും പ്രതിപാദിക്കുന്ന ലേഖനത്തിൽ, എല്ലാക്കാലത്തും പുരുഷനെ കർതൃത്വ സ്ഥാനത്ത് പ്രതിഷ്ഠിച്ചുകൊണ്ട് സ്ത്രീയെ അരികുവൽക്കരിക്കുന്ന മലയാളസിനിമയുടെ ശൈലിയെ വിമർശനവിധേയമാക്കുന്നുണ്ട്. പ്രണയത്തിൽ കാത്തിരിപ്പ് എല്ലാകാലത്തും സ്ത്രീകൾക്ക് മാത്രമായി സംവരണം ചെയ്തു വച്ചിട്ടുള്ളതിലെ ജനാധിപത്യവിരുദ്ധത ഇവിടെ പ്രകടമാണ്. 'എന്നു നിന്റെ മൊയ്തീൻ', 'ഓം ശാന്തി ഓശാന' തുടങ്ങിയ ചിത്രങ്ങൾ ഉപരിപ്ലവമായ കാഴ്ചയിൽ സ്ത്രീകഥാപാത്രങ്ങൾക്ക് പ്രാധാന്യം നൽകുന്നതായി തോന്നിക്കുമെങ്കിലും, കാത്തിരിക്കാനുള്ള വിധി ഇവർക്ക് മാത്രമായി നൽകുന്ന രീതിയോടുള്ള പ്രതിഷേധമാണ് ലേഖനം പങ്കുവയ്ക്കുന്നത്. കുടുംബമെന്ന സ്ഥാപനത്തിന്റെ രക്ഷകർത്താവായി പുരുഷനെ വാഴ്ത്തുന്ന 'ദൃശ്യം', 'പുതിയ നിയമം' തുടങ്ങിയ ചിത്രങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളിലൂടെ, പുരുഷാധി





പത്യത്തിന്റെ ആണിക്കല്ലായ കുടുംബം തിരശീലയിൽഎങ്ങനെ കാഴ്ചപ്പെടുന്നുവെന്ന അന്വേഷണം ഇവിടെ നടത്തുന്നുണ്ട്. നിരുപദ്രവകരമെന്ന് ഒറ്റക്കാഴ്ചയിൽതോന്നിക്കുന്ന ഫ്രെയിമുകളെ ഇഴകീറി പരിശോധിച്ച് അവയുടെ രാഷ്ട്രീയമാനങ്ങൾ കണ്ടെത്താൻ ഡോ. രാജേഷ് അതീവശ്രദ്ധ പുലർത്തുകയാണ്.

## ദേശീയത തിരശീലയിൽ

ദേശ, പൗര സങ്കൽപ്പങ്ങളെ നിർമിക്കുന്നതിലും, അത് ജനകീയമാക്കുന്നതിലും സിനിമയെന്ന മാധ്യമം വഹിക്കുന്ന പങ്ക് ചെറുതല്ല. "ദേശവും ദേശീയതയും-സാംസ്കാരിക വിവക്ഷകൾ" എന്ന ഭാഗത്ത് തിരശീലയിൽസൃഷ്ടിക്കപ്പെടുന്ന ദേശീയ-സാംസ്കാരിക ബിംബങ്ങളെയും വിശ്വാസസംഹിതകളെയും അന്വേഷിക്കുകയാണ്. സിനിമ സൃഷ്ടിക്കുന്ന ദേശഭൂപടം എപ്രകാരമാണ് പുതിയ നിർവചനങ്ങൾക്ക് വഴിവയ്ക്കുന്നത് എന്ന് സൂചിപ്പിക്കുന്ന ലേഖനങ്ങളാണ് ഈ ഭാഗത്ത്. ഉദാഹരണത്തിന് ഇപുതിയ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇറങ്ങിയ ചില ചിത്രങ്ങൾ കൊച്ചിയെ കൊട്ടേഷൻ, ഗുണ്ടാപ്രവർത്തനങ്ങൾ, മയക്ക് മരുന്ന് എന്നിവയുടെ കേന്ദ്രമായി പ്രതിഷ്ഠിക്കുന്നുണ്ട്. 'സ്റ്റോപ്പ് വയലൻസ്', 'ഇവർ', 'ഛോട്ടാ മുംബൈ', 'ബിഗ്ബി', 'ബ്ലാക്ക്' തുടങ്ങിയ ചിത്രങ്ങളിലൂടെ കൊച്ചി, എല്ലാ ക്രിമിനൽപ്രവർത്തനങ്ങളുടെയും ഇടമായി ചിത്രീകരിക്കപ്പെടുകയാണെന്ന് ഒരു ലേഖനം സമർത്ഥിക്കുന്നു. മറ്റൊരു ലേഖനത്തിൽ തൊണ്ണൂറുകളിലെ മലയാള സിനിമ, തനത് ഗ്രാമീണതയ്ക്ക് മേൽ അതിമാനുഷ,ഫ്യൂഡൽസ്വഭാവം പേറുന്ന നായക കഥാപാത്രങ്ങളെ വാഴിക്കുന്നതായി ഡോ. രാജേഷ്കണ്ടെത്തുന്നു. സവർണ്ണഹൈന്ദവ സ്വത്വം പേറുന്ന സിനിമകളും (ദേശാടനം, പൈതൃകം, സർഗ്ഗം) ധീരോദാത്ത നായകന്മാരും (ആറാം തമ്പുരാൻ, ധ്രുവം, നരസിംഹം, ദേവാസുരം) മലയാള സിനിമയിലേക്ക് പുരോഗമനവിരുദ്ധ, ഫാസിസ്റ്റ് സ്വഭാവഗുണങ്ങളോടുകൂടിയ മൂല്യസംഹിതകൾ കടത്തിവിടുന്നതായി ഈ ഭാഗത്തെ ലേഖനങ്ങൾതെളിയിക്കുന്നുണ്ട്. അതിലൂടെ നവോഥാനവിരുദ്ധമായ പുതിയൊരു മലയാളദേശീയ സങ്കൽപ്പമാണ് അരക്കിട്ടുറപ്പിക്കുന്നത്.

പുതിയ ദേശ-സ്വത്വ അധീശ സ്വരൂപങ്ങൾ അപരരെ കണ്ടെത്താൻശ്രമിക്കുക സ്വാഭാവികമാണ്. മുസ്ലിം-ദളിത് കഥാപാത്രങ്ങളുടെ അരികുവൽക്കരണം മലയാള സിനിമയിലെ സവർണ്ണ വിപ്ലവത്തിന്റെ ഫലമായി സംഭവിച്ചുവെന്ന് ഈ പുസ്തകം പറഞ്ഞു വയ്ക്കുന്നുണ്ട്. തീവ്രഹൈന്ദവ ചിഹ്നങ്ങൾ



മലയാള സിനിമയിൽവ്യാപകമായപ്പോൾഅതിനോടുള്ള പ്രതിപ്രവർത്തനമെന്നോണം സവർണ്ണ ക്രൈസ്തവ കഥാപാത്രങ്ങൾധാരാളമായി സൃഷ്ടിക്കപ്പെട്ടുവെന്ന എഴുത്തുകാരന്റെ നിരീക്ഷണം പ്രസക്തമാണ്. ഇതിനു പിന്നിലുള്ള നവമുതലാളിത്തത്തിന്റെ താൽപര്യങ്ങളെക്കുറിച്ചും പുതിയ തിരിച്ചറിവുകൾപുസ്തകത്തിലുണ്ട്.

## ചരിത്രവും, വർത്തമാനവും വെള്ളിത്തിരയിൽ

"സിനിമ-ചരിത്രവും വർത്തമാനവും" എന്ന മൂന്നാം ഭാഗം ഇന്ത്യൻ സിനിമയുടെ ചരിത്രത്തെ വിശകലനം ചെയ്തുകൊണ്ട് ആരംഭിക്കുകയും സമകാലിക ചലച്ചിത്ര യാഥാർത്ഥ്യങ്ങളിലേക്ക് വെളിച്ചം വീശുകയും ചെയ്യുന്നു. ആദ്യകാല ഹിന്ദി സിനിമകളെയും അവ പ്രേക്ഷകരിൽസൃഷ്ടിച്ച കാഴ്ചാനുഭൂതികളെയും ഇവിടെ നിരീക്ഷിക്കുകയാണ്. കലാരൂപമെന്ന നിലയിൽസിനിമയ്ക്ക് സംഭവിച്ച മാറ്റങ്ങളും, ഭാവുകത്വ പരിണാമങ്ങളും, സാങ്കേതിക മുന്നേറ്റങ്ങളും കാഴ്ചാശീലങ്ങളെ പുതുക്കിപ്പണിയുന്നുണ്ട്. ഇതിന് വഴിയൊരുക്കിയ ചിത്രങ്ങളെ ഈ ഭാഗത്ത് ആഴത്തിൽഅപഗ്രഥിക്കുകയാണ്.

പുതിയ കാലത്തെ മലയാള സിനിമയിലെ വിപ്ലവമായി കൊണ്ടാടുന്ന ന്യൂജെനറേഷൻതരംഗത്തെക്കുറിച്ചുള്ള ഡോ. രാജേഷിന്റെ നിരീക്ഷണങ്ങൾ ഈ പുസ്തകത്തിലെ തന്നെ ഏറ്റവും ശ്രദ്ധേയമായ ഒരു ഭാഗമാണ്. ന്യൂ ജെനറേഷൻചിത്രങ്ങളെ വിമർശിച്ച് കൊണ്ട് അദ്ദേഹം ഇങ്ങനെ എഴുതുന്നു,

"ന്യൂ ജെനറേഷൻസിനിമകളിലെ ദളിത്, കീഴാള ജീവിതത്തെ വയലൻസിലൂടെയും, കൊട്ടേഷൻസംഘത്തിലൂടെയും ചിത്രീകരിക്കുന്നത് യാഥാർത്ഥ്യത്തെ മറച്ചു പിടിക്കലാണ്. നിർമിച്ചെടുക്കുന്ന ഇത്തരം യാഥാർത്ഥ്യങ്ങൾ മധ്യവർഗ്ഗ സവർണ്ണ താൽപര്യങ്ങളുടെ അഭിലാഷങ്ങളെ തൃപ്തിപ്പെടുത്താനാണ്. ആഗോളീകരണ സമൂഹം വളരെ തീക്ഷ്ണമായ യാഥാർത്ഥ്യങ്ങളെയും പ്രശ്നങ്ങളെയുമാണ് ഇന്ന് സമീപിക്കുന്നത്. നിരവധി സാമൂഹ്യ -സാംസ്കാരിക പ്രശ്നങ്ങൾജനതയ്ക്ക് മുന്നിൽതീക്ഷ്ണമായി നിൽക്കുമ്പോൾഅവയെല്ലാം പാർശ്വമായി അവതരിപ്പിച്ച്, ഇതിൽനിന്ന് വിദഗ്ധമായി പ്രേക്ഷകശ്രദ്ധയെ അകറ്റി, കുടുംബ സദാചാര പ്രശ്നങ്ങളിലേക്ക് കഥയെ തിരിച്ചുവിടാനാണ് ഈ സിനിമകൾശ്രമിച്ചുകൊണ്ടിരിക്കുന്നത്." (പേജ് 222)

ഇത്തരത്തിൽനവതരംഗ ചിത്രങ്ങൾതികച്ചും അരാഷ്ട്രീയമായ കേവല സദാചാര വിഷയങ്ങളിൽപ്രേക്ഷകരെ തളച്ചിടുന്നതിനെ ഡോ. രാജേഷ് ശക്തമായി വിമർശിക്കുന്നുണ്ട്. തികച്ചും വിപണിയുടെ താൽപര്യങ്ങളിലധിഷ്ഠിതമാണെങ്കിലും, സമകാലീന തമിഴ് സിനിമ സാമൂഹിക വിഷയങ്ങളെ ഉയർത്തിക്കാട്ടുന്നതിൽ വിജയിക്കുന്നതായി അദ്ദേഹം അഭിപ്രായപ്പെടുന്നു. ബോളിവുഡിന്റെ പുതിയ വഴികളെക്കുറിച്ചും ഈ ഭാഗത്ത് പുതുമയാർന്ന കണ്ടെത്തലുകളുണ്ട്.

സിനിമയുടെ പ്രത്യശാസ്ത്രത്തെയും സൂക്ഷ്മരാഷ്ട്രീയത്തെയും തികച്ചും നവീനമായ വീക്ഷണകോണിലൂടെ വിശകലനം ചെയ്യുകയാണ് 'സിനിമ: മുഖവും മുഖംമൂടിയും' എന്ന പുസ്തകത്തിൽ ഡോ. രാജേഷ് എം.ആർ. കച്ചവട സിനിമയെയും, ആർട്ട് സിനിമയെയും ഈ ലേഖനങ്ങളിൽഅദ്ദേഹം വിശകലന വിധേയമാക്കുന്നു. ഹിന്ദി, തമിഴ്, മലയാളം സിനിമകളുടെ ചരിത്രവും വർത്തമാനവും പുരോഗമനപക്ഷത്ത് നിന്നുകൊണ്ട് വായിക്കുകയാണ് എഴുത്തുകാരൻ. സിനിമയുടെ സൗന്ദര്യശാസ്ത്രവും പ്രത്യശാസ്ത്രവും ഇഴകീറി പഠിക്കുകയാണിവിടെ. മലയാള സിനിമാനിരൂപണശാഖയിലെ രവീന്ദ്രൻ, ജി.പി രാമചന്ദ്രൻ, വി.കെ ജോസെഫ് എന്നിവരുടെ ശൈലിയുടെ തുടർച്ചയായി ഈ പുസ്തകത്തെ അടയാളപ്പെടുത്താവുന്നതാണ്. സിനിമാപ്രേമികൾക്കും, ചലച്ചിത്ര വിദ്യാർത്ഥികൾക്കും ഈ ലേഖനങ്ങൾ നവീനമായ ഒരു വായനാനുഭവമായി മാറുമെന്നതിൽസംശയമില്ല.

(എ കെ പി സി ടി എ സംസ്ഥാന സമ്മേളനത്തോട് അനുബന്ധിച്ച് നടത്തിയ കഥാരചന മത്സരത്തിൽ സമ്മാനാർഹമായ കഥ)

# അൽമിത്ര

ഷിലുജാസ് എം.
ഫാറൂഖ് കോളേജ്, കോഴിക്കോട്



ഒരു തീവണ്ടിയാത്രയ്ക്കിടയിലാണ് അൽമിത്ര അയാളോട് ആദ്യമായി മനസ്സ് തുറക്കുന്നത്. വളരെ നേരത്തേതന്നെ പരിചയമുണ്ടായിരുന്നെങ്കിലും ഒരേ ബോഗിയിലെ മുഖാമുഖയാത്രക്കാരായപ്പോൾ അയാളെ അവൾക്ക് ഒരു അപരിചിതനെപ്പോലെ തോന്നിച്ചു. പെട്ടെന്നെടുത്തൊരു തീരുമാനത്തിന്റെ പുറത്താണ് അത്രനേരവും പുറത്തേക്ക് നോക്കിയിരുന്ന അവൾ ജനാലക്കരികിലെ സീറ്റിൽ നിന്നും ചാടിയെഴുന്നേറ്റ് അയാൾക്കരികിലെ ഒഴിഞ്ഞ സീറ്റിൽ വന്നിരുന്നത്. അൽമിത്രയെ സൗകര്യപൂർവ്വം ഒഴിവാക്കിക്കൊണ്ട് പിറകോട്ടോടുന്ന മരങ്ങളിലേക്കും ആൾരൂപങ്ങളിലേക്കും അയാൾ വെറുതെ കണ്ണുകൾ പായിച്ചുകൊണ്ടിരുന്നു. യാതൊരു സങ്കോചവുമില്ലാതെ അവളെ ഒഴിവാക്കുന്ന ആ പതിവു രീതിയിൽ അവൾക്കൊട്ടുംതന്നെ മുഷിപ്പ് തോന്നിയതേയില്ല.

ഓഫീസിലെ ഔപചാരികതകൾ പേറിയ അകൽച്ചയെ തൽക്കാലം താഴെയിറക്കി അൽമിത്ര അയാളോട് വെറുതെ സംസാരിച്ചുതുടങ്ങി. പതിവു പോലെ അയാൾ നിശബ്ദനാവുകയാണ് ഒന്നും കേൾക്കാത്ത നാട്യത്തിൽ. അയാളുടെ ശ്രദ്ധയാകർഷിക്കാനായി മാത്രം അവൾ വെറുതെ ഒരു ചോദ്യം തൊടുത്തു: "നിനക്ക് മേഗനെ അറിയാമോ, മേഗൻ മാർക്കിളിനെ?" നിഷേധഭാവത്തിലുള്ള അയാളുടെ തലയാട്ടലിലെ അരസികത്വം അവളെ ചൊടിപ്പിച്ചെങ്കിലും അത് പുറത്ത് കാട്ടാതെ അൽമിത്ര വീണ്ടും ചോദിച്ചു:
- "അപ്പോ നിനക്ക് ഹാരിയേയും അറിയില്ലേ, ഹാരി രാജകുമാരനെ?" "അതെ"യെന്ന് അലസമായി തലകുലുക്കി അയാൾ അവളെയൊന്ന് തറപ്പിച്ചുനോക്കി. മേഗനെ അറിയാതെപോയ അയാളുടെ അജ്ഞത അവളിൽ വീണ്ടും നിരാശ നിറച്ചു. അപ്പോഴാണവൾ അയാളോട് മേ



വര: ധനരാജ് കീഴറ

ഗന്റെ കഥ പറയാൻ തുടങ്ങിയത്. കറുത്ത വംശജയും വിവാഹമോചിതയുമായ മേഗൻ എങ്ങനെയാണ് ഹാരിയുടെ പ്രണയഭാജനമായതെന്ന മനോഹരമായ കഥ. നിമിഷങ്ങൾക്കുള്ളിൽ നടിയായും മോഡലായും സാമൂഹിക പ്രവർത്തകയായുമെല്ലാം മേഗൻ അൽമിത്രയുടെ കഥകളിൽ നിറഞ്ഞാടി. ഒടുവിൽ തന്നേക്കാൾ അഞ്ചോ ആറോ വയസ്സിന് ഇളപ്പമുള്ള ഹാരിയുടെ കൈപിടിച്ച് അവൾ കൊട്ടാരത്തിലേക്കും പിന്നെ കൊട്ടാരവാസികളുടെ മനസ്സിലേക്കും കയറിയ അത്ഭുത കഥ പറയുമ്പോൾ അൽമിത്രയുടെ ഭാവങ്ങൾ അത്ഭുതലോകത്തെത്തിയ ആലീസിനെ ഓർമ്മിപ്പിച്ചു.

മേഗന്റെ കൈകോർത്ത് കഥകളുടെ ലോകത്തേയ്ക്ക് അൽമിത്ര നടന്നു തുടങ്ങുമ്പോഴേക്കും അയാൾക്ക് മടുത്ത് തുടങ്ങിയിരുന്നു. അയാളുടെ കണ്ണുകളിലെ മടുപ്പിന്റെ തിരശ്ശീല പിടിച്ചുയർത്താൻ പാടുപെട്ട് കൊണ്ട് അൽമിത്ര അവളുടെ കഥയ്ക്ക് ഇങ്ങിനെയൊരു കുത്തും കോമയുമിട്ടു: "ഞാൻ കണ്ട ഏറ്റവും ഭാഗ്യവതികളായ രണ്ട് സ്ത്രീകളിൽ ഒരാളാണ് മേഗൻ", രണ്ടാമത്തെ ഭാഗ്യവതി ആരാണെന്ന ഒരു കൗതുകം അയാളിൽ നിന്ന് അവൾ പ്രതീക്ഷിച്ചെങ്കിലും അതുണ്ടായില്ല. കഥകൾ പോലും വരണ്ടുണങ്ങുന്ന അയാളുടെ മൗനം അവിടമാകെ നിറയാൻ തുടങ്ങി.

അവർക്കിടയിൽ അപ്പോൾ നിശബ്ദതയുടെ ഉഷ്ണക്കാറ്റ് ആഞ്ഞുവീശി. കുറെ സമയത്തിന് ശേഷം അയാൾ ആർക്കോ വേണ്ടി മാത്രം ആ ചോദ്യം അവളോട് ചോദിച്ചു:

"ആരാണ് നിന്റെ കണ്ണിലെ ആ രണ്ടാമത്തെ ഭാഗ്യവതി ?"

കേൾക്കാൻ ഏറെ കൊതിച്ചതിനാലാവാം അവൾ അയാളോട് ഒന്നു കൂടെ ചേർന്നിരുന്ന് അയാളുടെ ചെവിയിൽ ശബ്ദം താഴ്ത്തി മൊഴിഞ്ഞു:

"നിന്റേതുമാത്രമാകാൻ ഭാഗ്യം ലഭിച്ച നിന്റെ നല്ലപാതി". ഇപ്പോൾ അവളുടെ അഹങ്കാരം അയാളെ ശരിക്കും മുഷിപ്പിച്ചിരിക്കുന്നു. ഇനിയങ്ങോട്ട് ഒരു വാക്ക് പോലും കേൾക്കാനിഷ്ടമില്ലാതെ അയാൾ ഈർഷ്യയോടെ മുഖം തിരിച്ചുകളഞ്ഞു. ഒരാളെ കൊല്ലാൻപോലും കെൽപ്പുള്ള അയാളുടെ നിസ്സംഗത അവളെയാകെ ഉലച്ചുകളഞ്ഞു. അവഗണനയുടെ കനത്ത നിശബ്ദത വളർന്ന് ഒരു മരമാവുകയായിരുന്നു. ഉദയസൂര്യന്റെ കിരണങ്ങളെ പോലും തടയുന്ന ഒരു വൻമരമായി അതിന്റെ ചില്ലകൾ പടർന്നു പന്തലിച്ചു. പിന്നീടങ്ങോട്ട് അൽമിത്ര പറഞ്ഞ വാക്കുകളെല്ലാം അയാളുടെ ശ്രദ്ധയുടെ പരിസരം കാണാതെ ചിതറിത്തെറിച്ചുകൊണ്ടേയിരുന്നു.

അപ്പോൾ മുതൽ അൽമിത്രക്ക് മേഗനോടുള്ള ആരാധന മാറുകയും അവളോട് കടുത്ത അസൂയ തോന്നാൻ തുടങ്ങുകയും ചെയ്തു. പെട്ടെന്നാണവൾ മേഗന്റെ കൈ വിടുവിക്കാൻ ഒരു ശ്രമം നടത്തിയത്. കറുത്ത ഷേയ്ഡുള്ള സൺഗ്ലാസുകൾ തന്റെ നിറഞ്ഞ കണ്ണുകളെക്കൂടി മറയ്ക്കുന്നുണ്ടെന്ന് മേഗന്റെ ഫിലോസഫി അൽമിത്രയെ നോക്കി കൊഞ്ഞനംകുത്തി. അങ്ങിനെ ആ യാത്രയുടെ ഒടുവിൽ അൽമിത്ര അവളുടെ കഥകൾക്കെല്ലാം തന്നെ കോമയില്ലാത്ത കുത്തുകളിട്ടു. ആയാളാകട്ടെ അവളുടെ കഥകളുടെ കുത്തുകളെല്ലാം മായ്ച്ചുകൊണ്ട് അവളെ വീണ്ടും വീണ്ടും അയാളുടെ മാത്രം തടവുകാരിയാക്കിക്കൊണ്ടിരുന്നു.

# പ്രത്യാശ



ചാറ്റൽമഴയുടെ നേർത്ത നാദം
കാതുകളിൽ വന്നുപതിക്കുമ്പോൾ
സ്വപ്നങ്ങളുടെ
ജാലകവാതിൽ
താനെ തുറന്നുവെങ്കിൽ...
ഈ നിഷ്കളങ്ക...
നിർമല സ്നേഹബന്ധങ്ങൾ
ഒരു പേമാരിയായി മനസ്സിൽ പെയ്തിറങ്ങിയെങ്കിൽ
ഈ ഭൂമിയിലെ ജന്മം
സഫലമായേനെ...
ഇനിയൊരു ജന്മം കൂടി
ഈ അമൂല്യ സ്നേഹസാഗരത്തിൽ
അലിയാൻ കഴിഞ്ഞുവെങ്കിൽ
നൈമിഷികം മാത്രമല്ലല്ലോ
നൂൽപാലത്തിലൂടെയുള്ള ഈ ജീവിതസപര്യ....
എപ്പോഴെന്നോ, എങ്ങോട്ടെന്നോ...
നിശ്ചയമില്ലാതെ
നെട്ടോട്ടമോടുന്ന ഭ്രാന്തർ...
അന്ധകാരത്തിന്റെ തടവറയിലും,
നമുക്ക് പ്രതീക്ഷയുണ്ട്...
മിന്നാമിനുങ്ങിന്റെ നേർത്ത വെട്ടം കടന്നുവരുമെന്ന്...
പ്രത്യാശയുടെ നിറദീപങ്ങൾ കൊളുത്താൻ...
പുത്തൻ പുലരിയെ വരവേൽക്കുവാൻ...
കുഞ്ഞിളം ഓർമകൾ
നെഞ്ചോടു ചേർത്തു വാരി പുൽകാൻ...
വാക്കുകൾക്ക് അനിർവചനീയമായി എന്നും
അമൂല്യമായ പവിത്രസ്നേഹബന്ധങ്ങൾ
നിലനിന്നിരുന്നുവെങ്കിൽ

**ഗിരിജ സി**
എം.പി.എം.എം.എസ്.എൻ. ട്രസ്റ്റ്
കോളേജ്, ഷൊർണൂർ



GOVERNMENT OF KERALA

Abstract

THE KERALA SERVICE RULES - SPECIAL CASUAL LEAVE TO EMPLOYEES WHO UNDERGO ANGIOPLASTY - SANCTIONED - ORDERS ISSUED

---

FINANCE (RULES-B) DEPARTMENT

G.O.(P) No.153/2019/Fin Dated,Thiruvananthapuram, 06.11.2019

---

Read :- 1. D.O.letter No.569/RC2/2018 dated 08.05.2018 from the Additional Resident Commissioner, Kerala House.

2. Letter No. MH3/62296/18/DHS dated 24.06.2019 from the Director of Health Services.

**ORDER**

The Government employees who undergo heart surgery are eligible for Special Casual leave under Rule 19, Section II, Appendix VII, Part I, the Kerala Service Rules, for a period not exceeding 45 days in a calender year on production of certificate to that effect from an authorised Medical Officer.

2. Now a doubt has been raised as to whether the benefit can be extended to those who undergo Angioplasty also.

3. Government have examined the matter in detail and are pleased to order that the Government employees who undergo angioplasty will be granted Special Casual Leave upto 30 days subject to the same conditions as under Rule 19, Section II, Appendix VII, Part I, the Kerala Service Rules.

4. However, past cases settled otherwise, if any, will not be re-opened.

5. Necessary amendments to the Kerala Service Rules will be issued separately.

**By order of the Governor,**

**SANJEEV KAUSHIK**
**Principal Secretary (Finance Expenditure)**

# കേരള സർക്കാർ

## സംഗ്രഹം

കേരള സർവ്വീസ് ചട്ടങ്ങൾ - ആൻജിയോപ്ലാസ്റ്റിക്ക് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് പ്രത്യേക ആകസ്മികാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (റൂൾസ്-ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.153/2019/ധന** **തീയതി, തിരുവനന്തപുരം, 06.11.2019**

പരാമർശം :- 1. കേരള ഹൗസ് അഡീഷണൽ റസിഡന്റ് കമ്മീഷണറുടെ 08.05.2018 ലെ 569/ആർ.സി.2/2018 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 24.06.2019 ലെ MH3/62296/18/DHS നമ്പർ കത്ത്.

## ഉത്തരവ്

കേരള സർവ്വീസ് ചട്ടങ്ങൾ, അനുബന്ധം VII, സെക്ഷൻ II, ചട്ടം 19 പ്രകാരം ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് ഒരു അംഗീകൃത മെഡിക്കൽ ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കുന്ന പക്ഷം ഒരു കലണ്ടർ വർഷത്തിൽ 45 ദിവസത്തിൽ കവിയാത്ത പ്രത്യേക ആകസ്മികാവധിക്ക് അർഹതയുണ്ട്.

2. ആൻജിയോപ്ലാസ്റ്റിക്ക് വിധേയരാകുന്ന ജീവനക്കാർക്ക് കൂടി ടി ആനുകൂല്യം അനുവദിക്കാവുന്നതാണോ എന്ന് ഒരു സംശയം ഇപ്പോൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ആൻജിയോപ്ലാസ്റ്റിക്ക് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് കേരള സർവ്വീസ് ചട്ടങ്ങൾ, അനുബന്ധം VII, സെക്ഷൻ II, ചട്ടം 19 ലെ നിബന്ധനകൾക്ക് വിധേയമായി 30 ദിവസം വരെ പ്രത്യേക ആകസ്മികാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. മറ്റ് തരത്തിൽ തീർപ്പാക്കിയ പഴയ കേസുകൾ ഉണ്ടെങ്കിൽ അവ പുന:പരിശോധിക്കുന്നതല്ല.

5. കേരള സർവ്വീസ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ശ്രീ.സഞ്ജീവ് കൗശിക്**
**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം-വ്യയം)**

GOVERNMENT OF KERALA

**Abstract**

Revision of pay of Government employees, staff of educational institutions, local bodies, etc. – Constitution of Pay Revision Commission – Orders issued.

---

**FINANCE (SECRET SECTION) DEPARTMENT**
**G.O. (Ms) No.414/2019/Fin. Thiruvananthapuram, dated 06.11.2019.**

---

**ORDER**

Government hereby appoint a Pay Revision Commission consisting of the following members to study and make recommendations on revising the pay and allowances and other benefits of the State Government employees including teaching and non-teaching staff of Aided educational institutions, local bodies, etc.

1. Sri. K. Mohandas IAS (Retd.) (Chairman)
2. Prof. M. K. Sukumaran Nair,
   Honorary Director, Centre for Budgetary Studies, Cochin University of Science and Technology. (Member)
3. Adv. Ashok Mamen Cherian (Member)

2. The Terms of Reference of the Commission shall be as follows: -

i) To suggest modifications, if found necessary, for the pay and allowances of;

a) Posts under Government Service, including Part-time Contingent Service and Casual Sweepers

b) Posts under Education Institutions of the Government, Aided Schools and Colleges and also such institutions covered by Direct

Payment Scheme, including employees in Part-time posts and Casual Sweepers and excluding those posts covered by UGC/AICTE schemes of Scales of Pay and also posts for which, Central Scale of Pay have already been allowed such as Teaching Staff in Medical Colleges and Judicial Officers etc. and

c) Posts under Local Bodies and Universities except those covered by AICTE/UGC/Central Schemes.

ii) To examine the present structure of Pay and Allowances and Other Emoluments and Service conditions including, promotional avenues and fringe benefits available to the above categories of employees and suggest changes, if any required.

iii) The commission shall also examine the scope of introducing non-cadre promotion to various categories of both gazetted and non-gazetted posts who continue in the entry cadres for long periods of service.

iv) To examine and suggest changes, if any, to the benefits available to Service Pensioners.

v) To consider the scope of extending the benefits which are available to Central Government employees at present, but not available to the State Government employees.

vi) To look into the cases of anomalies in the last Pay Revision specifically referred to the commission by Government and suggest remedial measures.

vii) To examine the present Civil Service set up as a whole and make suggestions to increase efficiency, social accountability and making Civil Service more people friendly

viii) To consider the need for a gender sensitive service structure especially multifaceted issues faced by women employees and make suggestions for remedial measures

ix) To review the existing rules and procedures for fixation of pay and suggest methods for simplification thereof with a view to reduce cost and time spent on such exercises.

x) To asses and indicate the additional financial commitment on account of implementation of its recommendations, including the methodology/ assumptions adopted for such assessment.

3.The Commission shall submit its report within a period of six months.

By Order of the Governor,

**MANOJ JOSHI,**
**Additional Chief Secretary (Finance)**

To

Sri. K. Mohandas IAS (Retd.) (Chairman).
Prof. M. K. Sukumaran Nair,
Honorary Director, Centre for Budgetary Studies, Cochin University of Science and Technology. (Member).
Adv. Ashok Mamen Cherian (Member).
The Accountant General (A&E), Kerala, Thiruvananthapuram.
The Accountant General (G&SSA), Kerala, Thiruvananthapuram.
The Accountant General (E&RSA), Kerala, Thiruvananthapuram.
All Heads of Departments and Offices.
All Departments (all Sections) of the Secretariat including Law Department.
The Director of Treasuries, Thiruvananthapuram.
The Secretary, Kerala Public Service Commission,
Thiruvananthapuram (with C.L.).
The Secretary, Kerala State Electricity Board, Thiruvananthapuram (with C.L.).
The Managing Director, K S R T C, Thiruvananthapuram (with C.L.).
The Registrar, High Court of Kerala, Ernakulam (with C.L).
The Registrar, University of Kerala/Cochin/Calicut/Mahatma Gandhi/Kannur/ Kerala Agricultural University/Sree Sankaracharya Sanskrit University/APJ Abdul Kalam Technological University/Kerala University of Fisheries and Ocean Studies/Kerala University of Health Sciences/ Kerala Veterinary and Animal Sciences University/ Thunchath Ezhuthachan Malayalam University (with C.L.).
The Advocate General, Kerala, Ernakulam (with C.L.).

**GOVERNMENT OF KERALA**

Abstract

AYUSH Department – Establishment – Combined Judgement dtd 18.02.2019 of the Hon'ble High Court in WA No.1536/2018 and other connected cases against combined judgement dated 23/03/2018 in WP(C) No.25569/2016 and other connected cases – Direction complied with – Orders issued.

**AYUSH (B) DEPARTMENT**

GO(Rt) No.599/2019/AYUSH Dated, Thiruvananthapuram, 21.11.2019.

Read: 1) GO(Rt) No.135/2011/H&FWD dtd 26.02.2011.
2) GO(Rt) No.270/2012/H&FWD dtd 14.08.2012.
3) Order No.1179/Ac.H/KUHS/2015 dtd 11.02.2016 and Order No.Ac/E3/1179/15 dtd 27/05/2016 of the Kerala University of Health Sciences, Thrissur.
4) GO(Rt) No.6/2017/AYUSH dtd 05/01/2017.
5) GO(Rt) No.78/2017/AYUSH dtd 21/02/2017.
6) Combined Judgement dtd 23.03.2018 in WP(C) Nos.25569/2016, 30533/2016, 1913/2017 & 31564/2017.
7) Combined Judgement dtd 18/02/2019 in WA Nos.1536/2018, 1575/2018, 2039/2018, 132/2019 filed by State of Kerala.

**ORDER**

In the combined jugdement dtd 23.03.2018 in WP(C) Nos.25569/2016, 30533/2016, 1913/2017 & 31564/2017 filed by Dr.J.Harikrishna Pillai & others, Dr.Jogi Varghese & others, Dr.Beena Chandran & others, Dr. R Santhini & others respectively, the Hon'ble High Court has directed the respondents to grant the petitioners the benefits of approval of appointment w.e.f. 26/02/2011 and to grant them all benefits thereof within a period of two months from the date of receipt of a copy of the judgment.

2) As per GO(Ms) No.135/2011/H&FWD dtd 26/02/2011 Government have created 20 teaching posts in various categories in Dr. Padiyar Memorial Homoeopathic Medical College, Ernakulam. After that as per GO(Ms) No.270/2012/H&FWD dtd 14/08/2012 the total strength of the teaching posts is fixed as 43 in par with CCH regulations. GO(Ms) No.270/2012/H&FWD dtd 14/08/2012 is issued in compliance of the judgment of the Hon'ble High Court dtd 19/10/2011 in WP(C) No.11356/11 and 18079/11. In GO(Ms) No.270/2012/H&FWD dtd 14/08/2012 it is not specified that the order has retrospective effect and in the judgement also there is no such direction.

3) In the Order No.1179/Ac.H/KUHS/2015 dtd 11.02.2016 of the Kerala University of Health Sciences has approved the promotion of 40 teachers with effect from 26/02/2011 without considering date of creation of additional posts. However, in due compliance of the judgment dtd 16/03/2016 of the Hon'ble High Court in WP(C) No.9792/2016 filed by Dr.J.Harikrishna Pillai Government issued order read as 4th paper above with the following conditions:

1. Departmental seniority as on 26.02.2011 will be reckoned for fixing the eligibility for promotion from Tutor Grade to the higher posts of Lecturer/ Reader/ Professor grades.
2. Government hereby approve the promotions of teaching staff in the Dr. Padiyar Memorial Homoeopathic Medical College, Chottanikkara, Ernakulam District in the state scale as tabulated in Table I and II with effect from the dates noted against their names.
3. Promotions ordered in Table II will be subject to the final approval of Kerala University of Health Sciences.
4. The promotions ordered this instance shall be subject to the final decision of the Kerala University of Health Sciences on Government letter read as 10th paper above and confirmation of departmental seniority to be proposed by the Principal & Controlling Officer.

4) Aggrieved by these conditions Dr. J Harikrishna Pillai, Dr. Jogi Varghese, Dr. Beena Chandran, Dr. R Santhini were filed different WP(C)s before the Hon'ble High Court. In the combined judgement dtd 23.03.2018 in WP(C) Nos.25569/2016, 30533/2016, 1913/2017 & 31564/2017, the Hon'ble High Court has directed the respondents to grant the petitioners the benefits of approval of appointment w.e.f. 26/02/2011 and to grant them all benefits thereof within a period of two months from the date of receipt of a copy of the judgment. Against this judgement Government have filed Writ Appeals Nos.1536/2018, 1575/2018 and 2039/2018, 132/2019 before the Division Bench. But the Hon'ble High Court in its judgement dtd 18/02/2019 stated that the Writ appeals filed by Government fail and they are accordingly dismissed. Thereafter Government have filed SLP before the Supreme Court. It is still pending before the Hon'ble Supreme Court. But petitioner had filed Contempt of Court Case against the respondents alleging non-compliance of the judgement.

5) In the light of Contempt of Court case Government have re-examined the matter in detail on all aspects and in due compliance of the combined judgement dtd 23.03.2018 in WP(C) Nos.25569/2016, 30533/2016, 1913/2017 & 31564/2017 and on the basis of the orders of Kerala University of Health Sciences read as 3rd paper above, Government are pleased to approve the promotions of the teaching staff of Dr. Padiar Memorial Homoeopathic Medical College as detailed in table below subject to the final outcome of the SLP filed by Government before the Hon'ble Supreme Court of India.

## Table I

| Sl. No. | Name of the Department and Teacher | Designation | Promoted Post | Date of Promotion |
|---|---|---|---|---|
| | **PRACTICE OF MEDICINE** | | | |
| 1. | Dr. P N Karamchand | Tutor | Reader | 26.02.2011 |
| 2. | Dr. Sudha B | Tutor | Reader | 26.02.2011 |
| 3. | Dr. Krishnakumar R | Tutor | Lecturer | 26.02.2011 |
| 4. | Dr. Jogi Varghese | Tutor | Lecturer | 26.02.2011 |
| | **ANATOMY** | | | |
| 1. | Dr. M G Radhesh | Lecturer | Professor | 20.06.2005 |
| 2. | Dr. Janaki Krishnan T S | Lecturer | Reader | 26.02.2011 |
| | **CASE TAKING & REPERTORISATION** | | | |
| 1. | Dr. Vijayan K Malayil | Lecturer | Professor | 26.02.2011 |
| 2. | Dr. Santhini R | Tutor | Reader | 26.02.2011 |
| 3. | Dr. Sreelal C | Tutor | Lecturer | 26.02.2011 |
| | **FORENSIC MEDICINE** | | | |
| 1. | Dr. Sanu Mukundan | Tutor | Professor | 26.02.2011 |
| | **PATHOLOGY** | | | |
| 1. | Dr. Jyothi N | Tutor | Professor | 26.02.2011 |
| 2. | Dr. Ranjini N Menon | Tutor | Reader | 26.02.2011 |
| 3. | Dr. L B Sreejith | Tutor | Lecturer | 26.02.2011 |
| | **SURGERY** | | | |
| 1. | Dr. Beena Chandran | Lecturer | Professor | 26.02.2011 |
| 2. | Dr. Padmaja Lakshmi P | Tutor | Reader | 26.02.2011 |
| 3. | Dr. Ranjith Kumar N | Tutor | Lecturer | 26.02.2011 |
| | **OBSTETRICS AND GYNAECOLOGY** | | | |
| 1. | Dr. Sugandha Kamath A G | Tutor | Professor | 26.02.2011 |
| 2. | Dr. Tenson Paul | Tutor | Reader | 26.02.2011 |
| 3. | Dr. M L Prasad | Tutor | Lecturer | 26.02.2011 |
| | **PHYSIOLOGY & BIOCHEMISTRY** | | | |
| 1. | Dr. Satheesh K | Lecturer | Professor | 26.02.2011 |

| | | | | |
|---|---|---|---|---|
| 2. | Dr. Indu B | Lecturer | Reader | 26.02.2011 |
| | **PHARMACY** | | | |
| 1. | Dr. Jayasree D | Tutor | Professor | 26.02.2011 |
| 2. | Dr. Saju Paul | Tutor | Reader | 26.02.2011 |
| | **ORGANON OF MEDICINE** | | | |
| 1. | Dr. N Ramaswamy Sharma | Lecturer | Professor | 26.02.2011 |
| 2. | Dr. Prakash R | Tutor | Reader | 26.02.2011 |
| 3. | Dr. Anitha M A | Tutor | Reader | 26.02.2011 |
| 4. | Dr. N Harihara Iyer | Tutor | Lecturer | 26.02.2011 |
| 5. | Dr. Aryakumari Thankachi P | Tutor | Lecturer | 26.02.2011 |
| | **COMMUNITY MEDICINE** | | | |
| 1. | Dr. J Harikrishna Pillai | Tutor | Professor | 26.02.2011 |
| 2. | Dr. Jayasree V G | Tutor | Reader | 26.02.2011 |
| 3. | Dr. Sumadevi K P | Tutor | Lecturer | 26.02.2011 |
| | **MATERIA MEDICA** | | | |
| 1. | Dr. Rekha U S | Lecturer | Professor | 26.02.2011 |
| 2. | Dr. Maheshkumar N | Tutor | Professor | 26.02.2011 |
| 3. | Dr. Mathew John | Tutor | Reader | 26.02.2011 |
| 4. | Dr. Harikumar N | Tutor | Reader | 26.02.2011 |
| 5. | Dr. Susy Charles | Tutor | Lecturer | 26.02.2011 |
| 6. | Dr. Subhadra K T | Tutor | Lecturer | 26.02.2011 |

6) The Government Orders read as 4th and 5th papers above are treated as cancelled.

(By Order of the Governor)

Bhooshan V,
Additional Secretary.

To

The Advocate General, Kerala, Ernakulam. (With C/L).
The Principal & Controlling Officer, Govt Homoeopathic Medical College, Thiruvananthapuram.
The Secretary, Dr. Padiar Memorial Homoeopathic Medical College, Chottanikkara, Ernakulam.






# ഏഴാം ശമ്പള പരിഷ്ക്കരണം: സർവ്വീസ് ട്രെയിനിങ്ങ് പ്രോഗ്രാം സംഘടിപ്പിച്ചു

യു.ജി.സി.ഏഴാം ശമ്പള പരിഷ്ക്കരണത്തിന്റെ ഭാഗമായി AKPCTA കണ്ണൂർ - കാസർഗോഡ് ജില്ലാ സർവ്വീസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ കോളേജധ്യാപകർക്ക് ഏകദിന ട്രെയിനിങ്ങ് ക്ലാസ്സ് സംഘടിപ്പിച്ചു. 2019 ഒക്ടോബർ 27 ന് ഞായറാഴ്ച്ച കണ്ണൂർ SNകോളേജിൽ വെച്ചാണ് പരിശീലന പ്രോഗ്രാം നടന്നത്. ക്ലാസ്സിൽ AKPCTA, AKGCT, KNTEO തുടങ്ങി വിവിധസർവ്വീസ് സംഘടനകളിലെ നൂറോളം പേർ പങ്കെടുത്തു. AKPCTA സംസ്ഥാന പ്രസിഡണ്ട് ഡോ. സി.പത്മനാഭൻ ഉദ്ഘാടനം ചെയ്തു. AKPCTA സംസ്ഥാന സർവ്വീസ് സെൽ കൺവീനർ ഡോ. ജോജി അലക്സ് ക്ലാസ്സെടുക്കുകയും സംശയ നിവാരണം നടത്തുകയും ചെയ്തു. കണ്ണൂർ - കാസർഗോഡ് ജില്ലാ പ്രസിഡണ്ട്, ഡോ.കെ. രാധാകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ശ്രീ. എ. നിശാന്ത്, പ്രമോദ് വെള്ളച്ചാൽ എന്നിവർ സംസാരിച്ചു. ജില്ലാ സെക്രട്ടറി കെ. അജയകമാർ സ്വാഗതവും ജില്ലാ സർവ്വീസ് സെൽ കൺവീനർ ഡോ. ഇ. ഹരികൃഷ്ണൻ നന്ദിയും പറഞ്ഞു.

KERALA PRIVATE COLLEGE TEACHER

R.No. 36025/81 No.276

ISSN 2454-4795
Registered No. KL/TV (N) 35/2012-2014
Rs.11/- NOVEMBER- 2019


# CHAND BOOKS & CHAND PUBLICATIONS

Chand House, Pattom, Thiruvananthapuram-695 004
Phone: 0471-2530648, 9387805631, 8547030648

**Commerce Books for:**

Kerala University
Mahatma Gandhi University
Calicut University





Edited, Printed and Published by V.N. Murali, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494, Fax: 0471-2468984 E-mail: akpctatvm@gmail.com www.akpcta.in
Chief Editor : Dr. A.S. Sumesh